No. 228

MARCH 2011

KERALA PRIVATE
# COLLEGE TEACHER

a monthly journal of the all kerala private college teachers' association

## ജനപക്ഷ വികസനത്തിന് ഭരണത്തുടർച്ച അനിവാര്യം

## എൽ. ഡി. എഫിനെ വിജയിപ്പിക്കുക

KERALA PRIVATE
COLLEGE TEACHER
a monthly journal of
the all kerala private college teachers' association

No. 228 MARCH 2011

EDITORIAL BOARD

*Chief Editor*
**Dr. S. Jayaraj kumar**

*Managing Editor*
**Dr. V. Jayakumar**

*Assistant Editor*
**Dr. G. S. Suresh**

*Members*
M. Safarudeen
Dr. V. Rajendran Nair
D. Salimkumar
Kumari Geetha. S
Dr. K. Sreevalsan
M.S.Vasanthakumar
Dr. Mathew J. Muttath
B. Bhuvanendran
A.G. Olina
Dr. K.Biju kumar
Promod Vallachal
Dr. C. Sudheer

AKPCTA State Committee Office
Mathurbhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471-2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org

# inside




## 228

The Left Alternative
in Education- M.A. Baby

ഉന്നതവിദ്യാഭ്യാസം 2006-2011

Progressive State
*Philip G. Altbach & Eldo Mathews*

Corporate Socialism's
2G orgy
*Sainath*

ഉടച്ചുവാർക്കേണ്ട
ജനാധിപത്യസംഭങ്ങൾ
*നിശാന്ത്. എ*

ഭരണത്തുടർച്ച അനിവാര്യം
*പി. രഘുനാഥ്*

മനഃസാക്ഷി മരവിച്ചവർ
*ഡോ. ലേഖനരേന്ദ്രൻ*

ചിറകുതിന്നുന്ന ശലഭങ്ങൾ
*ഡോ. ബി. ഭുവനേന്ദ്രൻ*

**Bird Hunting**
*Vinod kumar Edacheery*

- General Secretary's Page
- Economic Focus
- വാർത്താമധ്യം
- ശാസ്ത്രജാലകം
- വനിതാവേദി
- സർവ്വീസ് പംക്തി
- സമരപഥങ്ങൾ
- പുസ്തകലോകം
- നിവേദനങ്ങൾ
- സർക്കാർ ഉത്തരവ്

*Views expressed by individuals in the journal are of their own and need not necessarily be taken as policy of the association.*

# പരിഷ്കാരങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതിന്
# എൽ. ഡി. എഫിനെ വിജയിപ്പിക്കുക

കഴിഞ്ഞ 5 വർഷമായി എൽ.ഡി.എഫ് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ പരിഷ്കാരങ്ങൾ ദേശീയതലത്തിൽ മാത്രമല്ല, അന്താരാഷ്ട്രതലത്തിലും ശ്രദ്ധിക്കപ്പെടുന്നുണ്ട്. അമേരിക്കയിലെ മോനാൻ യൂണിവേഴ്സിററി പ്രൊഫസറും ബോസ്നൺ കോളജിലെ അന്തർദേശീയ ഉന്നതവിദ്യാഭ്യാസ പഠനകേന്ദ്രത്തിന്റെ തലവനുമായ പ്രൊഫ.ഫിലിപ്പ്.ജി. ആൾട്ട്ബാക്കിന്റെ നിരീക്ഷണങ്ങൾ (ഉൾപേജിൽ കൊടുത്തിട്ടുണ്ട്) ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

പ്രീ പ്രൈമറിതലം മുതൽ ഉന്നത വിദ്യാഭ്യാസതലം വരെ എല്ലാവർക്കും ഏററവും മെച്ചപ്പെട്ട വിദ്യാഭ്യാസ അവസരങ്ങൾ ഒരുക്കുന്നതിനുള്ള ശ്രമമാണ് എൽഡിഎഫ് സർക്കാർ നടത്തിയത്. ഇതാകട്ടെ 1991 മുതൽ കേന്ദ്ര ഗവൺമെൻറ് തുടങ്ങിവച്ചതും 2009 മുതൽ കൂടുതൽ ഊർജ്ജസ്വലതയോടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ വിദ്യാഭ്യാസരംഗത്തെ ആഗോളവൽക്കരണ കമ്പോളവൽക്കരണ -സ്വകാര്യവൽക്കരണ നയങ്ങൾക്കും പരിപാടികൾക്കും ഒരു ശക്തമായ ബദലിനു രൂപം നൽകുന്നതിനു സഹായിച്ചിട്ടുണ്ട്. സ്കൂൾ തലത്തിലും കോളജ്-യൂണിവേഴ്സിററിതലത്തിലും 2001-06 കാലഘട്ടത്തിൽ ഒട്ടേറെ പിന്നാക്കം പോയ സർക്കാർ-എയിഡഡ് മേഖലയേയും അടിസ്ഥാന വിഷയങ്ങളുടെ പഠനവും ഗവേഷണവും പുനരുദ്ധരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കർമ്മപദ്ധതി ഈ ബദലിന്റെ ഒരു പ്രധാനകണ്ണിയാണ്.

അക്കാദമിക നവീകരണത്തിനുപുറമെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാഭ്യാസ സംബന്ധമായ ആവശ്യങ്ങളും അവകാശങ്ങളും തൊട്ടറിഞ്ഞുകൊണ്ടുള്ള വികസനപരിപ്രേഷ്യമാണ് എൽഡിഎഫ് സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സ്കൂൾ തലത്തിൽ നടപ്പാക്കിയ പ്രത്യേക പോഷകാഹാര പദ്ധതിയും, ഉന്നത വിദ്യാഭ്യാസരംഗത്തെ സ്കോളർഷിപ്പ് പദ്ധതിയും രണ്ടുമേഖലയിലെയും സ്ഥിര അധ്യാപകനിയമനങ്ങളും സേവന-വേതന പരിഷ്ക്കാരങ്ങളുമെല്ലാം ഇതിന്റെ വ്യത്യസ്ഥ മുഖങ്ങൾ മാത്രം. കമ്പോള താൽപര്യങ്ങൾ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന, മത്സരത്തിന്റെ അന്തരീക്ഷത്തിനു പകരം, വ്യക്തികളും സ്ഥാപനങ്ങളും തമ്മിൽ പരസ്പര സഹായവും കൂട്ടായ്മയും വളർത്തുന്ന സമീപനമാണ് സർക്കാർ പരിപോഷിപ്പിച്ചത്. ക്ലസ്റ്റർ കോളജ് പദ്ധതിയും ടീച്ചർ എക്സ്ചേഞ്ചും നോബൽ സമ്മാനിതരടക്കമുള്ള പ്രഗത്ഭരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള എറുഡൈററ് പദ്ധതിയുമെല്ലാം ഇങ്ങനെ ഒരുത്തിരിഞ്ഞതാണ്.

വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങൾ അഞ്ചുവർഷം കൊണ്ടു പൂർത്തിയാക്കേണ്ട ഒരു പ്രക്രിയയല്ല. അഞ്ചുവർഷങ്ങൾക്കുള്ളിൽ ഒട്ടേറെ കാര്യങ്ങൾ തുടങ്ങാനും ചിലത് പൂർത്തിയാക്കാനും കഴിഞ്ഞെങ്കിലും (ഉന്നത വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ഉൾപേജുകളിൽ നൽകിയിട്ടുണ്ട്) ഇനിയും ഒട്ടേറെ പരിഷ്കാരങ്ങൾ നടപ്പാക്കാനുണ്ട്. മാത്രവുമല്ല, തുടങ്ങിവച്ച പരിഷ്കാരങ്ങളുടെ തുടർച്ച ഉറപ്പാക്കിക്കൊണ്ട് വിജയകരമായി പൂർത്തിയാക്കുകയും അവയുടെ തുടർപരിഷ്കാരങ്ങൾക്ക് കളമൊരുക്കുകയും വേണം.

എൽ.ഡി.എഫും യു.ഡിഎഫും വിദ്യാഭ്യാസരംഗത്ത് പരസ്പരവിരുദ്ധ ആശയങ്ങളെയും പരിപാടികളെയുമാണ് പ്രതിനിധീകരിക്കുന്നത്. സാമൂഹ്യനീതിയും ഗുണമേന്മയും സമന്വയിപ്പിച്ചുകൊണ്ട് എല്ലാവരേയും എല്ലാ പഠനമേഖലകളെയും ഉൾക്കൊള്ളുന്ന സമീപനമാണ് എൽ.ഡിഎഫിന്റേത്. പണമുള്ള ന്യൂനപക്ഷത്തിന് മെച്ചപ്പെട്ട വിദ്യാഭ്യാസ അവസരങ്ങളും പാവപ്പെട്ടവരും ഇടത്തരക്കാരുമായ ഭൂരിപക്ഷത്തിന് രണ്ടാംകിട വിദ്യാഭ്യാസ അവസരത്തെയും നൽകുക എന്നതാണ് യുഡിഎഫ് നയം. മാത്രവുമല്ല, പ്രൊഫഷണൽ മേഖലയ്ക്ക് അമിത പ്രാധാന്യം നൽകിക്കൊണ്ട് അടിസ്ഥാന വിദ്യാഭ്യാസവും ഗവേഷണവും അവഗണിക്കയെന്നതും യുഡിഎഫ് നയസമീപനത്തിന്റെ ഭാഗംതന്നെ.

ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിലുള്ള പ്രചാരണങ്ങളും പ്രവർത്തനങ്ങളും നടത്തിക്കൊണ്ട് വരുന്ന തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന്റെ വിജയം ഉറപ്പിക്കാൻ എല്ലാ എകെപിസിടിഎ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു. ▮

# ബ്രാഞ്ച് ജില്ലാ സമ്മേളനങ്ങൾ നടക്കുമ്പോൾ...




എ.കെ.പി.സി.ടി.എ. യുടെ 53-ാം സംസ്ഥാന സമ്മേളനം ജൂൺ മാസാവസാനം കണ്ണൂരിൽ വച്ച് നടക്കുകയാണ്. സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി ബ്രാഞ്ച്-ജില്ലാ സമ്മേളനങ്ങൾ മാർച്ച് മാസത്തോടെ പൂർത്തിയാക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

കഴിഞ്ഞ വർഷത്തെ സംഘടനാ പ്രവർത്തനങ്ങൾ സ്വയം വിമർശനപരമായി പരിശോധിക്കുവാനും നമുക്ക് നേടാനായ സർവീസ് സംബന്ധവും സാമ്പത്തികവുമായ നേട്ടങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തുകൊണ്ട് വരും നാളുകളിൽ നാം ഏറ്റെടുക്കേണ്ട ഉത്തരവാദിത്തങ്ങളെ സംബന്ധിച്ച അഭിപ്രായം സ്വരൂപിക്കുവാനുമാണ് സമ്മേളനത്തിലൂടെ നാം ലക്ഷ്യമിടുന്നത്.

ഇതര സേവനമേഖലകളിൽ പണിയെടുക്കുന്നവരുമായി താരതമ്യപ്പെടുത്തുമ്പോൾ തിളക്കമാർന്ന നേട്ടങ്ങളാണ് കേരളത്തിലെ എയ്ഡഡ് കോളജ് അധ്യാപകർക്ക് കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ ഉണ്ടായത്. 6-ാം യുജിസി ശമ്പളപരിഷ്കാരം നടപ്പിലാക്കിക്കൊണ്ട് കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചശേഷം അത് നടപ്പിലാക്കാൻ അൽപം കാലതാമസമുണ്ടായെങ്കിലും സംഘടനയുടെ ശക്തമായ ഇടപെടലിലൂടെ ഫിക്സേഷൻ നടപടികൾ ത്വരിതപ്പെടുത്തുവാനായിട്ടുണ്ട്. ഇതിനിടെ എല്ലാ അധ്യാപകർക്കും പുതുക്കിയ നിരക്കിലുള്ള ശമ്പളവും പ്രൊമോഷനും പ്ലേസ്മെൻറും കരഗതമായിരിക്കയാണ്. കോളജുകളിൽ പ്രൊഫസർ തസ്തികകൾ സൃഷ്ടിക്കുന്നതിനും അർഹരായവർക്ക് പ്രൊഫസർ പ്രൊമോഷൻ നൽകുന്നതിനും ആവശ്യമായ നിയമവ്യവസ്ഥ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. അഡ്വാൻസ് ഇൻക്രിമെൻറ് സംബന്ധിച്ച് സർക്കാരിൻെറ വിശദീകരണമുണ്ടാകണമെന്നാവശ്യപ്പെട്ട് ഉദ്യോഗസ്ഥർ നിലപാടെടുത്തതിൻെറ ഭാഗമായി അത് ഇനിയും അനുവദിച്ചുകിട്ടിയിട്ടില്ല. എന്നാൽ അധ്യാപകന് അവകാശപ്പെട്ട അഡ്വാൻസ് ഇൻക്രിമെൻറും മററ് ആനുകൂല്യങ്ങളും ഏറെ നാൾ അവർക്ക് വച്ചുതാമസിപ്പിക്കാനാവില്ല. റിട്ടയർമെൻറ് പ്രായം യുജിസി നിർദ്ദേശിക്കുന്നതരത്തിലാകണമെന്ന നിലപാടിൽ നാം ഉറച്ചു നിൽക്കുകയാണ്. ഇതു സംബന്ധിച്ച് അനുകൂലമായ രാഷ്ട്രീയ തീരുമാനം ഉണ്ടാകാത്തത് തടസ്സമായി നിൽക്കുകയാണ്. 2006 മുതലുള്ള ശമ്പള കുടിശ്ശികയ്ക്കുവേണ്ടി ദേശീയതലത്തിൽ ഇതിനായി പ്രക്ഷോഭം സംഘടിപ്പിക്കണമെന്ന് നാം ഐഫക്ടോ യോഗങ്ങളിൽ നിരന്തരമായി ആവശ്യപ്പെട്ടു. പ്രക്ഷോഭം ഐഫക്ടോയുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. തുടർന്ന് കേന്ദ്ര മാനവശേഷിവകുപ്പിലും കേബ് യോഗത്തിലുമെല്ലാം ഈ വിഷയം ചർച്ച ചെയ്യാനുള്ള അവസരമുണ്ടാക്കി. അതിൻെറയൊക്കെ ഫലമായി കേന്ദ്ര സർക്കാർ യുജിസി കുടിശ്ശിക നൽകുന്നതിനുള്ള ഗ്രാൻറ് അനുവദിക്കുവാൻ തീരുമാനിക്കുകയും അത് സൂപ്പർ ആനുവേഷൻ വർദ്ധിപ്പിക്കുന്ന വിഷയവുമായി ബന്ധപ്പെടുത്തുകയില്ല എന്ന് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എത്രയും വേഗം ശമ്പളകുടിശ്ശിക നമുക്ക് ലഭ്യമാകുമെന്നു തന്നെ പ്രതീക്ഷിക്കാം.

പഠന മികവ് തെളിയിക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തികമായ പിന്നോക്കാവസ്ഥ കൊണ്ടുമാത്രം ഉപരിപഠനത്തിനുള്ള അവസരം നിഷേധിക്കുവാൻ പാടുള്ളതല്ല എന്ന നിലപാടാണ് കേരളത്തിലെ ഇടതുപക്ഷ സർക്കാർ സ്വീകരിച്ചത്. അതിന് എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്യുവാൻ നാം തയ്യാറായി. അതിൻെറ ഭാഗമായിട്ടാണ് കേരളത്തിലെ ഇടതുമുന്നണി




സർക്കാർ പ്രഖ്യാപിച്ച ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് ഫണ്ടിലേക്ക് സംഭാവന ചെയ്യുവാൻ നാം തീരുമാനിച്ചത്. നമ്മുടെ സംഭാവനയുടെ ആദ്യ ഗഡു ഈ മാർച്ച് 8-ാം തീയതി തിരുവനന്തപുരത്ത് എകെപിസിടിഎ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ വച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാന് നൽകുകയുണ്ടായി. ഒരംഗം ഏററവും കുറഞ്ഞത് 500 രൂപയെങ്കിലും ഈ ഫണ്ടിലേയ്ക്ക് സംഭാവന നൽകണമെന്നാണ് സംഘടന തീരുമാനിച്ചിട്ടുള്ളത്. ഈ ലക്ഷ്യം നിറവേററാനാകണം. വാർഷിക സമ്മേളനങ്ങളിൽ കൂടുതൽ ഊർജ്ജസ്വലതയോടെ ഈ ഉത്തരവാദിത്തം നിറവേററാനുതകുന്ന തരത്തിലുള്ള ചർച്ചകളും തീരുമാനങ്ങളുമുണ്ടാകണം.

യുജിസി പുതിയ റഗുലേഷൻ പ്രഖ്യാപിച്ചതിനുശേഷം വിപുലമായ ചർച്ചകളാണ് ഇതുസംബന്ധിച്ച് അഖിലേന്ത്യാതലത്തിൽ നടന്നത്. ഐഫക്ടോ ദേശീയ കൺവെൻഷനിലും ദേശീയ എക്സിക്യൂട്ടീവ് യോഗങ്ങളിലും എകെപിസിടിഎയുടെ ശക്തമായ നിലപാടുകൾ അവതരിപ്പിച്ചിട്ടുണ്ട്. റഗുലേഷനിലെ അധ്യാപകവിരുദ്ധ വ്യവസ്ഥകൾ മാററണമെന്നും അധ്യാപകനിയമനത്തിൽ ന്യൂനപക്ഷ മാനേജുമെൻറുകൾക്കുള്ള പ്രത്യേക പരിഗണന എടുത്തുകളയണമെന്നും നാം ആവശ്യപ്പെട്ടിട്ടുണ്ട് (ഇത് സംബന്ധിച്ച് സർക്കാരിന് സമർപ്പിച്ച നിവേദനം ഈ ലക്കത്തിൽ ഉണ്ട്). നാലും അഞ്ചും പദ്ധതികളിൽ അധ്യാപകർക്ക് ലഭിച്ചിരുന്ന സമയബന്ധിതമായ പ്രൊമോഷനുള്ള അവകാശം പുതിയ റഗുലേഷൻ വ്യവസ്ഥകളുടെ പശ്ചാത്തലത്തിൽ നഷ്ടമാകുമോ എന്ന സംശയവും സംഘടന പ്രകടിപ്പിച്ചിരുന്നു. സ്ക്രീനിംഗ് കമ്മിററികളും ഇതര സ്കോറിംഗ് വ്യവസ്ഥകളും മററും അധ്യാപകന്റെ മേൽ അനാവശ്യമായ നിയന്ത്രണമേർപ്പെടുത്തുവാനും വിവേചനപരമായി പെരുമാറുവാനും മാനേജ്മെൻറുകൾക്ക് അവസരം നൽകുന്നതാകരുത്. അതുകൊണ്ടുതന്നെ, റഗുലേഷനുകൾ നമ്മുടെ സംസ്ഥാനത്തെ സർവകലാശാലകളിൽ നടപ്പാക്കാൻ ശ്രമിക്കുന്ന ഘട്ടത്തിൽ നാം കരുതലോടെയിരിക്കേണ്ടതാണ്. യു.ജി.സി. പ്രഖ്യാപിച്ചിട്ടുള്ള റഗുലേഷൻ അപ്പടി നടപ്പിലാക്കുമ്പോഴുണ്ടാകുന്ന ഭവിഷ്യത്തുകളെ സംബന്ധിച്ച് നാം പഠിക്കുവാനും ചർച്ച ചെയ്യുവാനും തയ്യാറാകണം. അതിനുവേണ്ടിയുള്ള അവസരവും ബ്രാഞ്ച് ജില്ലാ സമ്മേളനങ്ങളുടെ ഭാഗമായി ഉണ്ടാകേണ്ടതാണ്.

കഴിഞ്ഞ അഞ്ചുവർഷകാലത്തെ ഇടതുമുന്നണി സർക്കാരിന്റെ പ്രവർത്തനങ്ങൾ പൊതുജീവിതത്തിന്റെ സമസ്തമേഖലകളിലും ഉന്നത വിദ്യാഭ്യാസരംഗത്ത് പ്രത്യേകിച്ചും ഉണ്ടാക്കിയ നേട്ടങ്ങൾ നാം ഉൾക്കൊള്ളുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ട സന്ദർഭമാണിത്. എയ്ഡഡ് കോളജുകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഡിഗ്രിതല പഠനം പരിഷ്കരിക്കുന്നതിനും വേണ്ടിയുള്ള തീരുമാനങ്ങൾ, കോളജുകളുടെ ഭൗതികസൗകര്യങ്ങളും അക്കാദമിക മികവും പരസ്പരം പങ്കുവയ്ക്കുന്നതിനായുള്ള ക്ലസ്ററർ സമ്പ്രദായം, സാമൂഹ്യനീതിയ്ക്കും കൂടുതൽ അവസരങ്ങൾക്കുമായി നടപ്പാക്കിയ നിയമപരിഷ്കാരങ്ങൾ, കോടിക്കണക്കിന് രൂപയുടെ ഇൻവെസ്ററ്മെൻറ് കേരളത്തിൽ ഉണ്ടാകുന്നതരത്തിൽ നേടിയെടുത്ത കേന്ദ്രസർവകലാശാലകളും ഉന്നത പഠന-ഗവേഷണകേന്ദ്രങ്ങളും തുടങ്ങി നിരവധി നേട്ടങ്ങൾ ഉന്നതിവിദ്യാഭ്യാസരംഗത്ത് ഉണർവുണ്ടാക്കുവാൻ സഹായകമായിട്ടുണ്ട്. ഈ നേട്ടങ്ങളുടെ തുടർച്ചയായ വികസനം നമ്മുടെ സംസ്ഥാനത്ത് സംജാതമാകുവാൻ ഇടതുപക്ഷസർക്കാർ വീണ്ടും അധികാരത്തിൽ വന്നേ മതിയാകൂ. പൊതുവിദ്യാഭ്യാസത്തെ തകർക്കുന്നതിനും ഉന്നത വിദ്യാഭ്യാസത്തെ കുത്തകകളുടെയും വിദേശ ശക്തികളുടെയും കൈയിലേൽപ്പിക്കുന്നതിനും വേണ്ടിയുള്ള ഗൂഢശ്രമങ്ങൾക്ക് കേന്ദ്രസർക്കാർ തീവ്രമായശ്രമം നടത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ അവയെ ചെറുത്തു നിൽക്കണമെങ്കിൽ ഇടതുപക്ഷ സർക്കാർ ഇവിടെ തുടർന്നാലേ മതിയാകൂ. അതിനുവേണ്ടി നാം രംഗത്തിറങ്ങണം. ചരിത്രപരമായ ഈ ഉത്തരവാദിത്തം ഏറ്റെടുക്കുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകുവാൻ കൂടി ഈ സമ്മേളനങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.



**M.A. Baby**
*Minister for Education & Culture*
*Government of Kerala*

# The Left Alternative in Education
# *The New Kerala Model*

When the Left Democratic Front (LDF) Government came to office in Kerala in 2006, education was in the doldrums. More than 2000 Government and aided schools were on the verge of closure. Standards had deteriorated so much in these schools that there was an exodus of children from public funded institutions to private schools which were successful in creating a false impression of quality through window dressing and clever advertising. The plight of higher education was no different. Government and aided colleges which had only outdated curriculum and courses to offer were becoming redundant. Young boys and girls were flocking to self-financing professional colleges, most of which had only poor infrastructure and charged hefty fees. Rajani S Anand, the hapless girl who committed suicide by jumping off the multi-storied building which housed the office of the Commissioner of Entrance Examinations epitomized the sense of gloom and despondency that was characteristic of Kerala's educational scenario in 2006. While education was becoming increasingly inaccessible, there was all-round deterioration in quality right from the primary to the post graduate levels. Kerala's achievements in education were in danger of being eroded, both in quantitative and qualitative terms.

The LDF Government not only attempted to stem the rot by taking immediate corrective steps but also initiated structural changes which would rejuvenate education in the State on a long term basis. The problems faced by the State were in some ways different from those in other States and the solutions had to be different as well. The LDF was also convinced of the need to evolve an alternate strategy of development that would be truly inclusive in terms of access, equity and quality, different from the agenda of liberalization, privatization and globalization pursued by the Central Government. This necessitated a lot of thinking and planning at various levels. What emerged in the process was a participatory mode for conceiving and implementing reforms, which is perhaps the most important innovation of the LDF Government in education during the last five years.

True to its commitment to providing quality education for all, the Government introduced a special scheme for the development of least performing schools in the State. 104 schools with less than 33% pass in the SSLC examination were identified for special quality enhancement

programme. The ameliorative approach was not only novel in conception but in implementation as well. The Local Self-Governments and the local people collaborated with the Government in improving infrastructure and providing academic ambience conducive to enhancement of quality. The success of the programme was reflected in the SSLC results year after year. The average pass in these schools was 80% in the last SSLC examination. The success of the initiative prompted implementation of similar programmes for SC/ST/Minority students across the State. Another important step taken by the Government was to strengthen the mid-day meal scheme by adding milk and eggs twice a week. Apart from including the excluded, the steps taken by the Government for improving the quality of the least performing schools/groups/individuals also helped evolve an alternative model for Public-Private-Partnership in education. The Government could revive the dormant tradition of philanthropic Public-Private-Partnership in education through these programmes. The Kerala model where private resources are made available for public use is quite different from the model of Public-Private-Partnership being implemented by the Central Government which would result in private appropriation of public assets.



The structural reforms undertaken by the LDF Government at the school level include curricular reforms that have brought about revolutionary changes in the content and pedagogy of school education. Drawing upon the National Curriculum Framework(NCF), Kerala developed a Kerala Curriculum Framework (KCF). While adopting the basic principles of social constructivism and critical pedagogy advocated in the NCF, the KCF could localize its implementation by involving the entire stakeholders including students, teachers, parents and experts. This was complemented by extensive training given to teachers in the nuances of the new curriculum. Steps were also taken to revise Kerala Educational Rules and to frame rules for the implementation of the Right to Education Act in the State.

The reforms introduced in higher education also had the twin objectives of promoting equity and excellence. A number of scholarships on merit-cum-means basis were introduced. In the higher secondary level 10000 scholarships each worth Rs.5000/- were instituted. The State Higher Education Council introduced a five year scholarship scheme. 1000 scholarships are awarded each year to degree and post graduate students. A scholar will get 1.54 lakh rupees over a five year period. The funds required for the scholarships are raised through Public-Private-Participation. The Council has received contributions big and small, the latest being the commitment to contribute Rs.5 crores over a period of 10 years by Kris Gopalakrishnan, CEO of Infosys. The Government has also instituted Suvarna Jubilee Scholarship for BPL category of students and another scholarship for Muslim girls, apart from implementing the Central Sector Scholarships.


The Government constituted the State Council for Higher Education to innovate reforms and to co-ordinate their implementation. One of the important reforms initiated by the Council was to rejuvenate the Government and aided sector and traditional disciplines. Steps were taken to restructure the undergraduate programmes by introducing Choice-based-Course-Credit-Semester System (CBCCSS) and Grading. Kerala is perhaps the only State which has faithfully implemented the UGC vision on restructuring undergraduate

education. It was possible to implement this complex reform without any hassles due to meticulous planning and implementation under the leadership of the State Higher Education Council. The implementation of the CBCCSS has opened up the opportunities for quality education for all, which is a remarkable departure from the prevailing practice of setting up exclusive islands of excellence. The object of the reform is to democratize quality in higher education. Kerala is the first state in the entire country to seriously take up the recommendations for setting up Clusters of Colleges. All Education Commissions in free India, starting with Kothari Commission and including National Knowledge Commission have commended the system of clusters of colleges, with a view to extending excellence from the centre to the periphery by pooling intellectual and physical resources available among neighboring colleges. The scheme has now been implemented on an experimental basis in Thiruvananthapuram, Kochi and Kozhikode. The Higher Education Council is also engaged in setting up a comprehensive Data Bank on higher education in the State, the first effort of its kind in the whole country. The reports brought out by the Council on the State Policy on Higher Education, Restructuring Undergraduate Education, Scheme of Cluster of Colleges, Examination Reforms, Revision of University Acts etc. have evoked unprecedented popular interest in higher education.

The Scholar-in-Residence Programme (ERUDITE) is a novel scheme implemented by the Government for collaborating with internationally renowned universities and their faculty. The scheme provides for extended visits by well known scholars to the universities in the State. A number of scholars including eight Nobel Laureates have taken part in the programme so far. Apart from its inspirational value, the visits of such scholars have also led to sustained academic collaboration between the universities in the State and reputed foreign universities. The scheme is qualitatively different from that promoted by the Central Government which has piloted the 'Foreign Universities Bill' to facilitate the setting up of off campus centres of foreign universities in the country. The Central initiative facilitates academic re-colonization of India. Kerala's experiment would promote academic regeneration through collaborative engagements on a global scale.

The efforts of the Government to improve the quality of education in the technical education sector have borne fruits. Smart classes with internet connectivity have been set up in all Government Engineering Colleges. Regular training programmes are conducted for teachers. A Centre for Research in Engineering has been started. For content development, schemes such as K-base, The Scholar, Gurusmarana etc are being implemented. Quality improvement programme was implemented in Polytechnics. Seventeen Finishing Schools were also set up to improve the employability of the Polytechnic pass outs.

Despite obstructionist interventions from the vested interests and unhelpful judicial verdicts, the Government could still ensure a modicum of social justice in the self-financing sector. A majority of the self-financing institutions which were started under the previous UDF regime with no





regulatory control could be brought under an arrangement for seat sharing with the Government and socially sensitive fees structure. The total commitment of the Government to social justice and its determination to ensure it helped it overcome successive challenges in the self-financing sector. The achievements of the LDF Government in Kerala in the self-financing sector acquire more sheen if pitted against the retrograde steps being taken by the Central Government in this sector during the last five years. The Common Minimum Programme (CMP) of UPA-I had promised that nobody would be denied access to higher professional education for want of financial resources. But the promise has not been redeemed so far. The draft Bill prepared by MHRD in 2005 and the drat Regulations prepared by UGC in 2007 which contained several provisions for ensuring social justice have now been set aside. In their place, Kapil Sibal has introduced the bill on 'Prevention of Unfair Practices in Technical and Medical Educational Institutions' which is intended to legalize corporatisation and commercialization of Technical and Medical Education. There is no provision in the bill for a Common Entrance Test (CET) or a Single Window System (SWS) of admission. There is no provision for implementing constitutionally mandated reservation. There is also no legal sanction for an inclusive fees structure. The bill only seeks to ensure transparency in the business of education. With the enactment of the bill in the Parliament, even the existing admission and fees regulatory committees in the State will have to be disbanded.

Even as Kerala was implementing its own unique programmes in higher education it was also trying to make the best use of enhanced central assistance for higher education. A number of new institutions including Indian Institute of Space Science and Technology (IIST), Indian Institute of Science Education and Research (IISER), a Central University and a Centre of Aligharh Muslim University have been set up in the State during the last five years with central assistance. A number of Inter-University Centres have been set up in the State on the model of such centres set up by the UGC which would hopefully develop into advanced centres doing study and research in frontier inter-disciplinary areas. In addition to these, new colleges and courses were started in Government, Aided and Unaided sectors. The 12 year ban on appointment of teachers was lifted by the Government. More than 2500 teachers were appointed in colleges and universities during the last five years. Of this 1700 were appointed to new posts created during the period.

Education is the key to development in a knowledge society. It is necessary to ensure the continuance of the policies initiated by the LDF Government for consolidating the gains made and making it more inclusive by expanding its base. In the context of the coming elections, it is not enough to assess the reforms already implemented. The impending reforms are as important as the reforms already implemented. The agenda of reforms presented at the third International Congress on Kerala Development assumes critical importance in this context.

# ഉന്നത വിദ്യാഭ്യാസം 2006 – 2011

## അക്കാദമിക മികവും സാമൂഹ്യനീതിയും സമന്വയിപ്പിക്കുന്ന വിവിധ പദ്ധതികൾ

- സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ
- ബിരുദതലത്തിൽ കോഴ്സ് – ക്രെഡിറ്റ് – സെമസ്റ്റർ സമ്പ്രദായം
- മികവിന്റെ കേന്ദ്രങ്ങൾ
- അധ്യാപകനിയമനവും വർദ്ധിപ്പിച്ച ധനസഹായവും
- പുതിയ സർവകലാശാലകൾ; കോളജുകൾ; കോഴ്സുകൾ
- ക്ലസ്റ്റർ കോളജ് സമ്പ്രദായം
- സാമൂഹ്യനീതിയും മെരിറ്റും സംരക്ഷിക്കുന്നതിന് പ്രത്യേക നടപടികൾ
- ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ്
- സുവർണ്ണജൂബിലി സ്കോളർഷിപ്പ്
- മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്
- പാർശ്വവത്കൃത സമൂഹങ്ങൾക്കായുള്ള മറ്റു സംരംഭങ്ങൾ
- എറുഡൈറ്റ്
- സ്കോളർ–ഇൻ–റസിഡൻസ്
- സാധന
- ആസ്പെയർ
- ഇൻകൾക്കേറ്റ്
- അക്വയർ
- സർഗാത്മകത പരിപോഷിപ്പിക്കുന്നതിന് പദ്ധതി
- സാഹിത്യ അഭിരുചി വളർത്തുന്നതിന് പദ്ധതി
- കായിക ശേഷി വളർത്തുന്നതിന് പദ്ധതി
- അധ്യാപകർക്ക് വിദഗ്ദ്ധ പരിശീലനം
- ഗുരുസ്മരണ
- സ്കോളർ പോർട്ടൽ
- കെ – ബെയ്സ്
- വീഡിയോ കണ്ടന്റ് ഡവലപ്മെന്റ് പോർട്ടൽ
- നൈപുണി വികസനത്തിന് പ്രത്യേക പദ്ധതികൾ
- സയൻസ് എക്സ്പ്ലോററ്റേറിയം

### സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

- ഉന്നതവിദ്യാഭ്യാസ രംഗത്തെ നയ രൂപീകരണത്തിനും അക്കാദമിക പ്രവർത്തനങ്ങൾക്കു മാർഗനിർദ്ദേശം നല്കുന്നതിനും നേതൃത്വം വഹിക്കുന്നതിനും 2007 ൽ സ്ഥാപിക്കപ്പെട്ട സമിതി.
- സംസ്ഥാന ഗവർണർ പേട്രണും മുഖ്യമന്ത്രി വിസിറ്ററും വിദ്യാഭ്യാസ മന്ത്രി ചെയർമാനുമായുള്ള ഉന്നതതല സമിതി.
- പ്രസിദ്ധ വിദ്യാഭ്യാസ വിചക്ഷണനും ചരിത്രകാരനുമായ ഡോ. കെ.എൻ. പണിക്കർ വൈസ് ചെയർമാൻ.
- ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയും സാമൂഹ്യനീതിയും വർദ്ധിപ്പിക്കുന്നതിനുതകുന്ന ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മേഖലകളിൽ ആശയ സംവാദം സംഘടിപ്പിക്കുകയും ചെയ്തു.

### ബിരുദതലത്തിൽ കോഴ്സ് - ക്രെഡിറ്റ് - സെമസ്റ്റർ സമ്പ്രദായം

- ബിരുദതലം മുതൽ വിദ്യാർത്ഥികൾക്ക് ഇഷ്ടവിഷയം പഠിക്കുന്നതിനുള്ള അവസരം.

- വിദ്യാർത്ഥി കേന്ദ്രീകൃത പഠന സമ്പ്രദായം.
- മൂല്യനിർണ്ണയത്തിന് ഡയറക്ട് ഗ്രേഡിംഗ് സമ്പ്രദായം.
- എല്ലാ സർവകലാശാലകളിലും വിജയകരമായി നടപ്പാക്കി.
- പരീക്ഷകളും ഫലപ്രഖ്യാപനങ്ങളും നിശ്ചിത സമയത്ത്.
- യു.ജി.സി. വിഭാവനം ചെയ്ത മാതൃക നടപ്പാക്കിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം.

## മികവിന്റെ കേന്ദ്രങ്ങൾ

- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി (ഐ.ഐ.എസ്.റ്റി), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യുക്കേഷൻ ആന്റ് റിസർച്ച്(ഐ.ഐ.എസ്.ഇ.ആർ), കേന്ദ്ര സർവകലാശാല, അലിഗഢ് സർവകലാശാല കേന്ദ്രം എന്നിവ ആരംഭിച്ചു.
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി (ഐ.ഐ.എസ്.റ്റി), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യുക്കേഷൻ ആന്റ് റിസർച്ച്(ഐ.ഐ.എസ്.ഇ.ആർ), കേന്ദ്ര സർവകലാശാല, അലിഗഢ് സർവകലാശാല കേന്ദ്രം എന്നിവ ആരംഭിച്ചു



- സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച്, സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ്, എഞ്ചിനീയറിംഗ് ഗവേഷണ പാർക്ക്, രാജാരവിവർമ്മ സെന്റർ ഫോർ വിഷ്വൽ ആർട്സ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് എന്നിവ ആരംഭിച്ചു.
- അന്തർവൈജ്ഞാനിക പഠനവും ഗവേഷണവും മെച്ചപ്പെടുത്തുന്നതിന് സർവകലാശാലകളിൽ 11 അന്തർസർവകലാശാലാ കേന്ദ്രങ്ങൾ Inter University Centre for Nano-materials and Devices, Inter University Centre for Bio-sciences, Inter University Centre for Intellectual Property Rights Studies, Inter University Centre for Social Science Research and Extension, Inter University Centre of Excellence in Bio-informatics, Advanced Centre of Environmental Studies and Sustainable Development (ACESSD), Inter University Center for Disability Studies, Inter University Centre for Plant Bio-technology, Inter University Centre for Development of Marine Bio-technology, Inter University Centre for Genomics and Gene Technology, Inter University Centre for Studies on Kerala Legacy of Astronomy and Mathematics.
- എഞ്ചിനീയറിംഗ് കോളജ് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഗവേഷണത്തിന് Center for Engineering Research and Development.
- എഞ്ചിനീയറിംഗ് കോളജ് അധ്യാപകർക്കായി അക്കാദമിക് സ്റ്റാഫ്കോളേജ്.
- പോളിടെക്നിക്ക് വിദ്യാഭ്യാസത്തിനായുള്ള പാഠ്യപദ്ധതി വികസനകേന്ദ്രം.

## അധ്യാപക നിയമനവും വർദ്ധിപ്പിച്ച ധനസഹായവും

- നിയമനനിരോധനം നീക്കി.
- 2500 തിലധികം പുതിയ നിയമനങ്ങൾ.
- 1700 പുതിയ തസ്തികകൾ.
- സർവകലാശാലകൾക്കുള്ള സർക്കാർ ധനസഹായം മുന്നിരട്ടിയാക്കി.

## പുതിയ സർവ്വകലാശാലകൾ; കോളജുകൾ; കോഴ്സുകൾ

- മെഡിക്കൽ സർവകലാശാല, വെററിനറി സർവകലാശാല, ഫിഷറീസ് സർവകലാശാല

- ആലപ്പുഴയിൽ പുതിയ ആർട്സ് ആന്റ് സയൻസ് കോളജ്.
- പിന്നാക്കമേഖലകളിൽ 20 അപ്ലയ്ഡ് സയൻസ് കോളജുകൾ.
- 50 കോളജുകളിൽ പുതിയ കോഴ്സുകൾ.
- എഞ്ചിനീയറിംഗ്, ആർട്സ് ആന്റ് സയൻസ് കോളജുകളിൽ സ്മാർട് ക്ലാസുകൾ.

## ക്ലസ്റ്റർ കോളജ് സമ്പ്രദായം

- അടിസ്ഥാന സൗകര്യങ്ങൾ പങ്കുവയ്ക്കുന്നതിന് സമീപസ്ഥ കോളജുകളുടെ ക്ലസ്റ്ററുകൾ.
- തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ കോളജുക്ലസ്റ്ററുകൾ രൂപവൽക്കരിച്ചു.
- ഓരോ ക്ലസ്റ്ററിനും പ്രാരംഭപ്രവർത്തനങ്ങൾക്ക് ഒരു കോടി രൂപ വീതം ധനസഹായം.
- കേരളത്തിൽ നടപ്പാക്കിയ ക്ലസ്റ്റർ സമ്പ്രദായം ഇന്ത്യയ്ക്ക് മാതൃകയെന്ന് കേന്ദ്ര വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട്.

## സാമൂഹ്യനീതിയും മെരിറ്റും സംരക്ഷിക്കുന്നതിന് പ്രത്യേക നടപടികൾ

- സ്വാശ്രയ സ്ഥാപനങ്ങളിൽ മെരിറ്റും സാമൂഹ്യ നീതിയും ഉറപ്പാക്കുന്നതിന് നിയമം.
- കരാറുകളിലൂടെ ഭൂരിപക്ഷം സ്വാശ്രയ സ്ഥാപനങ്ങളിലും മെരിറ്റിന്റെയും സാമൂഹ്യനീതിയുടെയും അടിസ്ഥാനത്തിൽ പ്രവേശനവും ഫീസും.
- പുതിയ കോളജുകൾ മെരിറ്റും സാമൂഹ്യനീതിയും നടപ്പാക്കുമെന്ന ഉറപ്പിൻമേൽ മാത്രം.
- സ്വാശ്രയമേഖലയിൽ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾക്ക് മുൻഗണന.
- 3648 എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് സർക്കാർ നിയന്ത്രിത സ്വാശ്രയ സ്ഥാപനങ്ങളിൽ പൂർണ്ണ ഫീസാനുകൂല്യം.
- സർക്കാർ ആർട്സ് & സയൻസ് കോളജുകളിൽ 10% സീറ്റുകളും സർവകലാശാലകളിൽ 7.5% സീറ്റുകളും മുന്നോക്കസമുദായങ്ങളിലെ പിന്നോക്കകാർക്കായി സംവരണം ചെയ്തു.

## ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ്

- ബിരുദ/ബിരുദാനന്തര തലത്തിലുള്ള കുട്ടികൾക്ക് സ്കോളർഷിപ്പുകൾ നല്കുന്ന പദ്ധതി.
- പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.
- പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള പദ്ധതി.
- മാനവികവിഷയങ്ങൾ, സാമൂഹികശാസ്ത്രം, ശാസ്ത്രം എന്നിവയിൽ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന്



- 2010 - 11 ൽ, 1000 സ്കോളർഷിപ്പുകൾ വിതരണം ചെയ്തു.
- ഒന്നാം വർഷ ഡിഗ്രി മുതൽ അവസാന വർഷ പി.ജി. വരെ അഞ്ചു വർഷത്തേക്കാണ് സ്കോളർഷിപ്പ്.
- ഒന്നാം വർഷ ബിരുദതലത്തിൽനിന്ന് അവസാനവർഷ ബിരുദാനന്തര ബിരുദതലത്തിലെത്തുമ്പോഴേക്കും സ്കോളർഷിപ്പ് തുക 12000 രൂപയിൽ നിന്ന് 60000 രൂപയായി വർദ്ധിക്കുന്നു.
- ഗുണഭോക്താവ് ശാരീരിക വെല്ലുവിളി നേരിടുന്നയാളാണെങ്കിൽ 25% അധികം സ്കോളർഷിപ്പ്.
- എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് മൊത്തം സ്കോളർഷിപ്പുകളുടെ എണ്ണത്തിന്റെ 10% സംവരണം.
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 37% സംവരണം.
- ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് 3% സംവരണം.
- പൊതുവിഭാഗത്തിന് 50%

## സുവർണ്ണജൂബിലി സ്കോളർഷിപ്പ്

- കോളജുതലത്തിൽ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും.
- ബിരുദ ബിരുദാനന്തരതലങ്ങളിൽ 4000 പേർക്ക്

- പ്രതിവർഷം 10000 രൂപവീതം.
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് മാത്രം.
- യോഗ്യതാ പരീക്ഷയിൽ കുറഞ്ഞത് 50% മാർക്കുള്ളവർക്ക്.

## മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്

- മുസ്ലീം പെൺകുട്ടികളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്.
- സർക്കാർ/എയ്ഡഡ് കോളജുകളിലെ ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 5000 രൂപയുടെ സ്കോളർഷിപ്പ്.
- ഇതിനുപുറമേ 3000 രൂപയുടെ ഹോസ്റ്റൽ ചെലവുകളും.

## പാർശ്വവൽകൃത സമൂഹങ്ങൾക്കായുള്ള മറ്റു സംരംഭങ്ങൾ

- പട്ടികജാതി/വർഗവിഭാഗങ്ങൾ കൂടുതലുള്ള വയനാട്, ഇടുക്കി ജില്ലകളിലും അട്ടപ്പാടിയിലും അപ്ലൈഡ് സയൻസ് കോഴ്സുകൾ.
- പട്ടികജാതി/വർഗ വിദ്യാർത്ഥികൾക്കായി പാലക്കാട്ട് ഒരു പോളിടെക്നിക്.
- അവഗണിക്കപ്പെട്ടവർക്കായുള്ള പ്രത്യേക പരിശീലനപരിപാടി $STEP_4U$.
- പട്ടികജാതി/വർഗ വിദ്യാലയങ്ങൾക്കായി സർക്കാർ എഞ്ചിനീയറിംഗ് കോളജുകളും പോളിടെക്നിക്കുകളും സംഘടിപ്പിക്കുന്ന പ്രത്യേക പരിശീലന പരിപാടി.
- വികലാംഗർക്കായുള്ള നൈപുണി വികസന പരിപാടി d- skill.
- മാനസികവൈകല്യമുള്ളവരെ ശാക്തികരിക്കാനുള്ള സാമൂഹ്യവികസന പരിപാടി.
- വ്യത്യസ്ത ശേഷികളുള്ളവരുടെ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള ഗവേഷണത്തിനും വൈകല്യ പഠന കോഴ്സുകൾക്കും University Center for Disability Studies.

## എറുഡൈറ്റ് സ്കോളർ-ഇൻ-റസിഡൻസ്

- നോബൽ സമ്മാന ജേതാക്കളുമായും ഇന്ത്യയിലും വിദേശത്തുമുള്ള ഇതര പണ്ഡിതന്മാരുമായും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അക്കാദമിക സംവാദത്തിന് അവസരം നൽകുന്ന പദ്ധതി.
- എട്ട് നോബൽ സമ്മാനിതർ അടക്കം ഒട്ടേറെ പ്രഗത്ഭർ പദ്ധതിയിൽ പങ്കെടുത്തുകഴിഞ്ഞു.



- പ്രധാന മേഖലകളിലെ പുതിയ കണ്ടുപിടിത്തങ്ങളും നവീനാശയങ്ങളും അക്കാദമിക് സമൂഹത്തെ പരിചയപ്പെടുത്തുന്നതിനുള്ള പദ്ധതി.

## സാധന

- സംഗീത കോളജുകളിലെ കുട്ടികൾക്കുവേണ്ടിയുള്ള പദ്ധതി.
- ഭാരതീയ സംഗീതത്തിൽ ഹ്രസ്വകാല പ്രോഗ്രാമുകൾ
- സംഗീത കോളജുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇന്ത്യയിലെ പ്രമുഖ സംഗീത വിദ്യാലയങ്ങളിലെ അധ്യാപകരും സംഗീതജ്ഞന്മാരുമായി ഇടപഴകാൻ അവസരം.
- ഗവേഷണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, സംഗീത അക്കാദമികൾ മുതലായവ സന്ദർശിക്കാൻ സ്കോളർഷിപ്പ്.
- രാജ്യത്തെ പ്രധാന സംഗീത പഠന സ്ഥാപനങ്ങളുമായി വിദ്യാർത്ഥി - വിനിമയ കരാർ ഒപ്പുവയ്ക്കാൻ കോളജുകൾക്ക് അധികാരം.

## ആസ്പെയർ

- ശാസ്ത്രം, സാമൂഹികശാസ്ത്രം, മാനവികവിഷയങ്ങൾ, ലളിതകലകൾ എന്നിവയിൽ ഹ്രസ്വകാല ഗവേഷണത്തിന്
- ഒരു മാസം മുതൽ നാലുമാസം വരെ ദൈർഘ്യമുള്ള സ്കോളർഷിപ്പുകൾ.
- സംസ്ഥാനത്തിനുള്ളിൽ ഇന്റേൺഷിപ്പ്/ പ്രോജക്ടിന് പ്രതിമാസം 4000 രൂപ/-
- സംസ്ഥാനത്തിനു പുറത്ത് ഇന്റേൺഷിപ്പ്/ പ്രോജക്ടിന് പ്രതിമാസം 5000 രൂപ/-



## ഇൻകൾക്കേറ്റ്

- ശാസ്ത്ര പഠനത്തിൽ മികവു വളർത്താനുള്ള പരിപാടി.
- ശാസ്ത്ര പ്രതിഭകളെ ചെറുപ്രായത്തിൽത്തന്നെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു.
- സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് മാത്രം.
- സമർത്ഥരായ കുട്ടികൾക്ക് പ്രതിമാസം 750 രൂപ വീതം സ്കോളർഷിപ്പ്.
- ശാസ്ത്രഗ്രന്ഥങ്ങൾ വാങ്ങാനും ഗവേഷണസ്ഥാപനങ്ങളും വ്യാവസായശാലകളും മറ്റും സന്ദർശിക്കുന്നതിനും പ്രതിവർഷം 2500 രൂപ വീതം ഗ്രാന്റ്.
- ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ നിന്നുള്ളവർക്ക് 50% സ്കോളർഷിപ്പ് സംവരണം.
- മൊത്തം സ്കോളർഷിപ്പിൽ 50% പെൺകുട്ടികൾക്ക്

## അക്വയർ

- ഹയർസെക്കൻഡറി, ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾക്ക് സാമൂഹികശാസ്ത്രവിഷയങ്ങളിൽ ഗവേഷണത്തിനുള്ള പരിപാടി.
- പ്രമുഖ സാമൂഹിക ശാസ്ത്രജ്ഞന്മാരെയും സ്ഥാപനങ്ങളെയും അടുത്തറിയുന്നതിനും അവരുടെ സഹായം തേടുന്നതിനും അവസരം.
- പൊതു സമൂഹത്തെ അടുത്തറിയാൻ സഹായിക്കുന്ന ഫീൽഡ് വർക്കുകൾ
- പ്രത്യേക വിഷയങ്ങളിൽ കഴിവുതെളിയിക്കുന്ന സ്കൂൾ കുട്ടികൾക്ക് പത്താം ക്ലാസ് വരെ പ്രതിമാസം 500 രൂപ വീതവും ഹയർസെക്കൻഡറിതലത്തിൽ 750രൂപ വീതവും സ്കോളർഷിപ്പ്
- 12-ാം ക്ലാസ് കഴിയുന്നതുവരെ 2500 രൂപവീതം പുസ്തക അലവൻസ്.
- ബിരുദവിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപ വീതം സ്കോളർഷിപ്പും പ്രതിവർഷം 5000 രൂപ പുസ്തക അലവൻസും.
- ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് വിവിധ സാമൂഹ്യ ശാസ്ത്രവിഷയങ്ങളിൽ നാലു മാസംവരെ നീളുന്ന ഗവേഷണ പ്രോജക്ടുകൾ.
- തെരഞ്ഞെടുക്കപ്പെട്ട ഓരോ പ്രോജക്ടിനും 50000 രൂപ വീതം നല്കുന്നു.

## സർഗാത്മകത പരിപോഷിപ്പിക്കുന്നതിന് പദ്ധതി

- പ്രത്യേക കഴിവുകളുള്ളവരെ അവരവരുടെ മേഖലകളിൽ സർഗാത്മക പ്രതിഭകളായി വളർത്തിയെടുക്കാനുള്ള പദ്ധതി.
- പ്രമുഖ കലാകാരന്മാരുടെ/അധ്യാപകരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ശിക്ഷണം ലഭിക്കുന്നതിന് ധനസഹായം.
- വിവിധ കലാരൂപങ്ങൾക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള സർവകലാശാലകളും സ്ഥാപനങ്ങളും സന്ദർശിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം.
- യുവകലാകാരന്മാർക്ക് അന്താരാഷ്ട്രകലാമേളകളിൽ പങ്കെടുക്കാൻ അവസരം.
- തെരഞ്ഞെടുക്കപ്പെട്ട ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം 750 രൂപയുടെ സ്കോളർഷിപ്പും പഠന സഹായികളും ഉപകരണങ്ങളും വാങ്ങാൻ 2500 രൂപയുടെ ധനസഹായവും.

## സാഹിത്യ അഭിരുചി വളർത്തുന്നതിന് പദ്ധതി

- സാഹിത്യവാസനയുള്ള കുട്ടികൾക്ക് സർഗാത്മക രചനയിലേർപ്പെടാൻ പ്രതിമാസം 750 രൂപ സ്കോളർഷിപ്പ്.
- ഭാരതീയ സാഹിത്യത്തിലെ പ്രമുഖരുമായി ഇടപഴകാൻ അവസരം.
- രാജ്യത്തെ പ്രമുഖ എഴുത്തുകാരെ സന്ദർശിക്കുന്നതിനും പുസ്തക മേളകളിലും സാഹിത്യ സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതിനും 2500 രൂപയുടെ വാർഷിക ധനസഹായം.

## കായിക ശേഷി വളർത്തുന്നതിന് പദ്ധതി

- കായികതാരങ്ങൾക്ക് തങ്ങളുടെ ഇനങ്ങളിൽ മികവു വളർത്തുന്നതിന് Stimulating Talents in Sports എന്ന പദ്ധതി.
- സർവകലാശാലകളിലെ അന്തർദേശീയ നിലവാരമുള്ള സ്റ്റേഡിയങ്ങളും പരിശീലന സൗകര്യങ്ങളും ഉപയോഗിക്കാൻ സ്കൂൾ വിദ്യാർത്ഥികൾക്കും അവസരം.
- സെക്കൻഡറി/ഹയർസെക്കൻഡറി തലത്തിൽ പ്രതിമാസം 750 രൂപ സ്കോളർഷിപ്പ്.
- സർവകലാശാല/കോളജ് തലത്തിൽ പ്രതിമാസം 1000 രൂപ സ്കോളർഷിപ്പ്
- പ്രതിവർഷം 3000 രൂപ അലവൻസ്
- ദേശീയതലത്തിലുള്ള പരിശീലന ക്യാമ്പുകളിലും ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിലും സന്ദർശനം നടത്താൻ സാമ്പത്തിക സഹായം.

## അധ്യാപകർക്ക് വിദഗ്ദ്ധ പരിശീലനം

- Stimulating Teachers Through Advanced Training എന്ന പദ്ധതി.
- Refresh: Programmes for Academic Enrichment എന്ന പദ്ധതി.
- പ്രധാന പഠനമേഖലകളിൽ ഹ്രസ്വകാല പരിശീലന പരിപാടികൾ, ശില്പശാലകൾ, റിഫ്രഷർ കോഴ്സുകൾ, ഇൻഡക്ഷൻ ട്രെയിനിംഗ് പ്രോഗ്രാമുകൾ.
- തൊഴിൽപരമായി നിലനിൽക്കുന്ന പ്രോഗ്രാമുകൾക്ക് സർക്കാർ ധനസഹായം.
- സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യാപകർക്ക് അറിവിന്റെ പുതിയ മേഖലകൾ തുറന്നുകൊടുക്കാൻ Refresh പ്രോഗ്രാമുകൾ.
- സാമൂഹികശാസ്ത്ര, ഭാഷാ അധ്യാപകർക്ക് കേരളത്തിനുപുറത്തുള്ള സ്ഥാപനങ്ങളിൽ ഗവേഷണം നടത്തുന്നതിനു സ്കോളർഷിപ്പുകൾ.

## ഗുരുസ്മരണ

- കേരളത്തിലെ മുൻകാല അധ്യാപക ശ്രേഷ്ഠരുടെയും പണ്ഡിതന്മാരുടെയും ഗവേഷകരുടെയും സംഭാവനകൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള വെബ് അടിസ്ഥാനത്തിലുള്ള ഓപ്പൺ അക്സസ് ആർക്കൈവ്.
- അധ്യാപക ശ്രേഷ്ഠരുടെ ജീവചരിത്രക്കുറിപ്പുകൾ, അവർ തയ്യാറാക്കിയ ലേഖനങ്ങൾ, ക്ലാസ്സ്നോട്ടുകൾ, ഗവേഷണപ്രബന്ധങ്ങൾ, പുസ്തകങ്ങൾ മുതലായവ ലഭ്യമാക്കാനുള്ള ശ്രമം.

## സ്കോളർ പോർട്ടൽ

- സംസ്ഥാനത്തെ അക്കാദമിക്കുകളെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമാക്കുന്ന ഓൺലൈൻ സംവിധാനം.
- പണ്ഡിതന്മാർ തയ്യാറാക്കിയ ക്ലാസ് നോട്ടുകൾ, ലക്ചറുകൾ, വീഡിയോ അവതരണങ്ങൾ, മൾട്ടിമീഡിയാകൺടന്റ് മുതലായവ ഓൺലൈനായി കുട്ടികൾക്കു ലഭ്യമാക്കുന്നു.
- പോർട്ടലിൽ പ്രവേശിച്ച് കുട്ടികൾക്ക് തങ്ങളുടെ ഇഷ്ടവിഷയത്തിൽ ഗവേഷകരെ കണ്ടെത്താനാകും.

## കെ-ബെയ്സ്

- സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള e-learning സംരംഭം.
- ബൗദ്ധിക ഉല്പന്നങ്ങൾ ഡിജിറ്റലായി ശേഖരിച്ച് ഓൺലൈനായി ലഭ്യമാക്കുന്നു.

## വീഡിയോ കണ്ടന്റ് ഡവലപ്മെന്റ് പോർട്ടൽ

- ഇന്ത്യയിലും വിദേശത്തുമുള്ള പ്രമുഖ അക്കാദമിക്കുകളുടെ ക്ലാസ്സുകൾ വീഡിയോയിൽ റെക്കോഡുചെയ്തു സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും.
- എഡ്യുസാറ്റ് സ്റ്റുഡിയോയിലൂടെ സംപ്രേക്ഷണം.
- കേരളത്തിൽ ജീവിച്ചിരിക്കുന്ന പ്രമുഖരായ അക്കാദമീഷ്യന്മാരുടെ ക്ലാസ്സുകൾ ആദ്യം റെക്കോഡുചെയ്യുന്നു.
- ഗവേഷണ വിദ്യാർത്ഥികൾക്കും പോസ്റ്റ് ഡോക്ടറൽ ഫെലോകൾക്കും തങ്ങൾ വികസിപ്പിച്ച കണ്ടന്റ് പോർട്ടലിൽ ചേർക്കാൻ അവസരം.

## നൈപുണി വികസനത്തിന് പ്രത്യേക പദ്ധതികൾ

- ഡിപ്ലോമാ വിദ്യാർത്ഥികളെ വ്യാവസായലോകത്തിനു സ്വീകാര്യരാക്കുന്നതിന് സംസ്ഥാനത്തെ 17 പോളിടെക്നിക്കുകളിൽ ഫിനിഷിങ് സ്കൂൾ.
- സെപ്ഷ്യൽ സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ

## സയൻസ് എക്സ്പ്ലോറേറ്ററിയം

- പുതുതലമുറകളിൽ ശാസ്ത്രാഭിരുചി വളർത്താൻ സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ സയൻസ് എക്സ്പ്ലോറേറ്ററിയം.
- ശാസ്ത്രത്തിന്റെ സന്ദേശം സമൂഹത്തിലെത്തിക്കാം ASTROVAN.



## ആദരാഞ്ജലി

ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദുകോളജ് കെമിസ്ട്രി വിഭാഗം അധ്യാപകൻ **പ്രൊഫ.കെ.ആർ.ഹരികുമാർ** നിര്യാതനായി.

എ.കെ.പി.സി.ടി.എയുടെ ആദരാഞ്ജലികൾ

Philip G. Altbach
Eldho Mathews

# Progressive State

## Kerala's distinctive higher education system is undergoing reform with some success,but there are problems it shares with the rest of India that will take much effort to overcome, say Philip G.Altbach and Eldho Mathews

Kerala is one of India's smaller states, lying on the southernmost western side of the subcontinent. Its 579km of Malabar coastline, network of rivers, lakes and canals, and verdant tropical fauna and flora make it a popular tourist destination and worthy of its self-proclaimed title of "God's own country".

Historically an important spice centre trading with Greeks, Romans and Arabs, Kerala's charms are not restricted to its natural delights. It boasts India's highest life expec-tancy and lowest infant mortality rate and has the country's highest Human Development Index score, with literacy rates well above 90 per cent.

The state's distinctive social and political circumstances also offer some interesting lessons concerning higher education and its role in development.

With a population of 31 million, Kerala has an unusual religious mix by Indian standards – a fifth Christian, a quarter Muslim and more than half Hindu. And although not wealthy – it ranked ninth in gross domestic product among India's 28 states in 2008-09 – it is, by many measures, the most advanced state in India in terms of education.

Ninety-eight per cent of its population have a primary school within 2km of their home, and primary and secondary education is free. Eighteen per cent of school-leavers go on to further education, double India's average and almost on a par with rapidly developing China, and women constitute more than 60 per cent of the higher education enrolment – the highest in India.

Politically, Kerala is also distinctive. It was one of the first states in the world to elect communists to power, and its current government is a coalition dominated by the Communist Party of India (Marxist). The communists, who have been in power off and on since the state was formed in 1956, have played a key role in shaping its society. Early

on, they were able to push through meaningful land reform and their policies have emphasised l social services, education and income redistribution.

An active media with dozens of newspapers keeps debate lively and helps to promote transparency and a high degree (by Indian standards) of probity in government. Union membership is widespread – including among university and college teachers, students and campus workers. One vice-chancellor said that a large part of her job was to keep track of s and consult with unions. The vast chasm between rich and poor, so evident in India and much of the developing world, seems less obvious in Kerala, corrup-tion less endemic and society more stable.

While the state missed out on India's "industrial revolution", with entrepreneurs perhaps wary of well-entrenched unions, this has meant that Kerala has been spared the pollution that normally follows in the wake of industry, all to the benefit of tourism.


There is not much of an economic base – predominantly agriculture and fishing – to balance the large service sector and the state is reliant on remittances sent home by workers in the Gulf states, particularly the United Arab Emirates and Saudi Arabia. These remittances account for nearly a quarter of the state's gross domestic product.

To redress the economic imbalance, policy-makers are looking to higher education to increase Kerala's attractiveness to India's burgeoning information-technology sector.

The state was quick off the ground in 1990 when India's first technology park was established in its capital, Thiruvananthapuram, but since then Bangalore has leaped ahead to become the country's Silicon Valley, and Kerala has been struggling to catch up.

Kerala's approach to higher education is distinctive in the Indian context. Most of its higher education institutions were at one time supervised and funded by the state government, but resource and budget constraints during the past decade have sparked significant changes.

The University of Kerala is the state's leading institution, but, in keeping with its egalitarian philosophy, the state government has spread support fairly equally through its universities. As a result, relatively few have risen to national or international prominence.



One exception is the Cochin University of Science and Technology. At one point, the central Ministry of Human Resource Develop-ment recognised the university's excellence and supported upgrading it to become one of the Indian Institutes of Technology – a group of 16 engineering and technology institutes declared to be Institutes of National Impor-tance by India's Parliament. However, the plan eventually was shelved because of opposition from within the state.

Other prominent institutions include the Indian Institute of Space Science and Tech-nology, established recently by the central government in the Kerala capital. The Sree Chitra Tirunal Institute for Medical Sciences and Technology, offering postdoctoral and postgraduate medical courses, and the Indian Institute of Science Education and Research, both in Thiruvananthapuram, are also nationally renowned institutions.

Kerala would be well served if these high-quality institutions were closely linked or merged to produce a world-class scientific institution in the state.

India's central government, meanwhile, has made a commitment to sponsor at least one central university in each of its states. It is proposing to build an institution in a rather isolated location in northern Kerala, a move that has baffled higher education experts in

the state because it seems unlikely that an institution so far from academic or urban centres will succeed.

India has a well-established "affiliating" system that ties undergraduate colleges to central universities, which impose and monitor a variety of regulations and are responsible for examinations.

The University of Kerala, established in 1937, has 198 affiliated colleges with a total enrolment of about 100,000 students.

The colleges are widely dispersed and the majority are private, managed by a variety of religious, social and other non-profit organsa-tions. Some are partially funded by state government, and these tend to have better facilities.

But recent years have seen the appearance of a number of private colleges eschewing government funding and offering more vocationally oriented courses.

Nearly half the affiliated colleges in Kerala are controlled by private management, mainly sponsored by Christian or Muslim minority communities. Facilities in most of these are well below international standards, often with outdated laboratories, rudimentary IT facilities and inadequate libraries.

While several arts and science under-graduate colleges – such as University College in the state capital or Maharaja's College in Kochi – are able to attract bright students, facilities are far from world class.

Most high-flying students opt for professional courses in engineering, medicine and business. Currently there are *96* engineering colleges in Kerala. Almost 90 per cent of them started operating in the past decade, and only 11 are government sponsored.

This trend has left university authorities with the headache of having to provide affiliation for colleges that may be of questionable quality.

To raise the quality of higher education being offered in the state, Kerala has recently initiated some of the reforms recommended by national authorities. Significant changes aimed at improving learning involved introducing a semester system, reorganising curricula and revamping course teaching and assessment. Undergraduate examinations were overhauled to provide better assessment through more frequent testing and evaluations tied more closely to course content.

In parallel with these changes, Kerala set up a Higher Education Council to advise the state government, conduct research into higher education issues and serve as a forum for discussion. It does not have the power to implement reforms but can make recommendations to government and universities.

The rapid and largely unregulated expan-sion of new private colleges and specialist post-secondary institutions has been a mixed blessing for Kerala. Although they satisfy demand for greater access, many are of dubious quality, operate on the edges of quality control and are largely run with profit in mind. They serve high-demand areas such as management, IT and related technical



field A few are medical colleges. Despite a good deal of grumbling, little action has been taken to control these institutions.

In common with all regions of India, the many colleges affiliated to universities need to be appropriately supervised but at the same time permitted leeway to start innovative pro-grammes and achieve a degree of autonomy.

Perhaps an effective accrediting system, supervised by the Higher Education Council o some other governmental body, could enforce a basic standard of quality, removing some of the burden from the universities.

At the same time, a creeping inequality has arisen in the system because of the variable quality of primary and secondary schooling.



Admission to the medical and engineering colleges in Kerala is based largely on an entrance examination.

Students from schools affiliated to the Central Board of Secondary Education or the Council for the Indian School Certificate Examinations - which are predominantly those in the unaided, for-profit sector – have a better chance of achieving high scores in this examination.

These schools account for only 20 per cent of pupils. Of those who excel in the entrance examination for professional courses, most come from the middle and upper strata of society, children of parents with the means to send them to entrance-coaching centres.

At the same time, choice has become an important feature of Kerala's higher education system. Students and parents are acutely conscious of the seemingly inseparable link between academic choice and career. The emergence of this aspirational middle class has resulted in a growing number of students from the state going abroad to study.

Kerala has quietly provided acceptable-quality higher education, by Indian standards, to a remarkably large proportion of its population. While it has implemented several meaningful reforms in recent years, higher education remains an issue of concern for the state government and the public. A few policy initiatives may be useful to further improve the system.

The state's higher education institutions are largely similar in quality, focus and funding. With the few exceptions noted here, none stands out either within the state or nationally.

A mass higher education system needs to be differentiated: it requires a variety of funding patterns supporting institutions with different strengths focused on different missions.

Kerala needs at least one world-class university – an institution that can attract the best students in the state, be recognised as one of the top universities in India, and build an international profile.

Achieving this will not be easy, given Kerala's strong tradition of egalitarianism, but it is necessary. The University of Kerala, perhaps merged with high-profile scientific institutions based in the capital, would be the natural choice, along with the Cochin University of Science and Technology, to become the state's key focus.

This does not mean that the other univer-sities would be neglected. Some would focus on teaching and serving their specific regions, while a few, perhaps those specialising in science and technology, would retain some research mission.

Kerala's universities have the potential to jump-start the state's move into the knowledge era. They can provide the training needed for a new generation of professionals ready to work in IT and other knowledge industries.

However, Kerala is making a late start. Bangalore, for example, is far ahead, but Kerala has the advantages of a well-educated workforce with a tradition of hard work and an ability to collaborate. Improving the quality of engineering education would be an important step.

IT companies estimate that only a fifth of engineering graduates in India can be put to work immediately; the rest need additional training. If Kerala can educate engineers who do not need expensive further education, it will improve its ability to lure high-technology firms to the state. These graduates will also be competitive on the international job market.

Expansion of Kerala's higher education sys-tem will continue, although the pressures may be somewhat less than in other parts of India because of Kerala's impressive access rates.

Careful attention needs to be given to the organisation of the system. Additional funds are required to transform at least one univer-sity into a research-intensive institution, while at the same time supporting a better-defined, differentiated higher education system.

P. Sainath

# Corporate socialism's 2G orgy

## The Union budget writes off Rs.240 crore in corporate income tax every single day on average — the same amount leaves India each day in illicit fund flows to foreign banks.

In six years from 2005-06, the Government of India wrote off corporate income tax worth Rs.3,74,937 crore — more than twice the 2G fraud — in successive Union budgets. The figure has grown every single year for which data are available. Corporate income tax written off in 2005-06 was Rs.34,618 crore. In the current budget, it is Rs.88,263 crore — an increase of 155 per cent. That is, the nation presently writes off over Rs.240 crore a day on average in corporate income tax. Oddly, that is also the daily average of illicit fund flows from India to foreign banks, according to a report of the Washington-based think tank, Global Financial Integrity.

The Rs.88,263 crore covers only corporate income tax write-offs. The figure does not include revenue foregone from higher exemption limits for wider sections of the public. Nor higher exemptions for senior citizens or (as in past budgets) for women. Just income tax for the big boys of the corporate world.

Pranab Mukherjee's latest budget, while writing off this gigantic sum for corporates, slashes thousands of crores from agriculture. As R. Ramakumar of the Tata Institute of Social Sciences (TISS) points out, the revenue expenditure on that sector "is to fall in absolute terms by Rs.5,568 crore. Within agriculture, the largest fall is to be in crop husbandry, with an absolute cut of Rs.4,477 crore." Which probably signals the death of extension services, amongst other things, in the sector. In fact, "within economic services, the largest cuts are to be in Agriculture and Allied Services."

Even Kapil Sibal cannot defend the revenue losses as notional. For the simple reason that each budget sums up these numbers clearly in tables within a section called 'Statement of Revenue Foregone.' If we add to this corporate karza maafi, revenue foregone in customs and excise duty — also very largely benefiting the corporate world and better off sections of society — the amounts are stunning. What, for instance, are some of the major items on which revenue is foregone in customs duty? Try diamonds and gold. Not quite aam aadmi or aurat items. This accounts for the largest chunk of all customs revenue foregone in the current budget. That is, for Rs.48,798 crore. Or well over half of what it takes to run a universal PDS system each year. In three years preceding this one, the customs write-off on gold, diamonds and jewellery totalled Rs.95,675 crore.

Of course, this being India, every plunder of public money for private profit is a pro-poor measure. You can hear the argument already: the huge bonanza for the gold and diamond crowd was only to save the jobs of poor workers in the midst of a global economic crisis. Touching. Only it didn't save a single job in Surat or elsewhere. Many Oriya workers in that industry returned home jobless to Ganjam

from Surat as the sector tanked. A few other workers took their own lives in desperation. Also, the indulgence for industry predates the 2008 crisis. Industry in Maharashtra gained massively from the Centre's Corporate Socialism. Yet, in three years before the 2008 crisis, workers in the State lost their jobs at an average of 1,800 a day.

**Revenue foregone under corporate income tax, excise and customs**

(in crores)

| | 2005-06 | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 | Total revenue foregone 2005-06 to 2010-11 | Percent increase 2010-11 over 2005-06 |
|---|---|---|---|---|---|---|---|---|
| Corporate Income tax | 34618 | 50075 | 62199 | 66901 | 72881 | 88263 | 374937 | 155.0 |
| Excise Duty | 66760 | 99690 | 87468 | 128293 | 169121 | 198291 | 749623 | 197.0 |
| Customs duty | 127730 | 123682 | 153593 | 225752 | 195288 | 174418 | 1000463 | 36.6 |
| **Grand total** | **229108** | **273447** | **303260** | **420946** | **437290** | **460972** | **2125023** | **101.2** |

Source: Successive Union budgets, Statement of Revenue Foregone

Returning to the budget: There's also the head of 'machinery' with its own huge customs duty concessions. That includes surely, the crores of rupees of sophisticated medical equipment imported by large corporate hospitals with almost no duty levied on it. The claim of providing 30 per cent of their beds free of charge to the poor — something that has never once happened — is an excuse to dole out these 'benefits' (amongst others) to that multi-billion rupee industry. Total revenue foregone on customs duty in the present budget: Rs.1,74,418 crore. (Which does not include export credit-related numbers).

With excise, of course, comes the standard claim that revenues foregone on excise duty translate into lower prices for consumers. There is no evidence provided at all that this has actually happened. Not in the budget, not elsewhere. (Sounds more like the argument now making the rounds in some Tamil Nadu villages that nothing was looted in the 2G scam — that's the money translating into cheaper calls for the public). What is clearly visible is that the write-offs on excise directly benefit industry and business. Any indirect 'passing on' to consumers is a speculative claim, not proven. Revenue foregone on account of excise duty in this budget: Rs.1,98,291 crore. Clearly more than the highest estimate of the 2G scam losses. (The preceding year: Rs.1,69,121 crore).

Also fascinating is that the same classes benefit in multiple ways from all three write-offs. But how much does revenue foregone under corporate income tax, excise and customs duty add up to across the years? We have baldly stated budget figures for six years starting 2005-06, when the total was Rs.2,29,108 crore. To the current budget where it is more than double that sum at Rs.4,60,972 crore. Add up the figures since 2005-06 and the grand total is Rs.21,25,023 crore. Or close to half a trillion U.S. dollars. That is not merely 12 times the 2G scam losses. It is equal to or bigger than the Rs.21 lakh crore sum that Global Financial Integrity tells us has been siphoned out of this country and illegally stashed away in foreign banks since 1948 ($ 462 billion). Only, this loot has happened in six years starting 2005-06. The current budget figure for these three heads is 101 per cent higher than it was in 2005-06 (see Table).

Unlike the illicit fund flows, this plunder has a fig leaf of legality. Unlike those flows, it is not the sum of many individual crimes. It is government policy. It is in the Union budget. And it is the largest conceivable transfer of wealth and resources to the wealthy and the corporate world that the media never look at. Oddly, the budget itself recognises how regressive this trend is. Last year's budget noted: "The amount of revenue foregone continues to increase year after year. As a percentage of aggregate tax collection, revenue foregone remains high and shows an increasing trend as far as corporate income tax is considered for the financial year 2008-09. In case of indirect taxes, the trend shows a significant increase for the financial years 2009-10 due to a reduction in customs and excise duties. Therefore, to reverse this trend, an expansion in the tax base is called for." Rewind a year further. The 2009-10 budget says the same thing in almost identical words. Only the last line is different: "Therefore it is necessary to reverse this trend to sustain the high tax buoyancy." In the current budget, the paragraph is absent.

This is the government that has no money for a universal PDS or even an enhanced one. That cuts anyway meagre food subsidies from the largest hungry population in the planet. That, at a time of rising prices and a great food crisis. In a period when its own economic survey shows us that the daily average net per capita availability of foodgrain for the five year period 2005-09 is actually lower than it was in 1955-59 — half-a-century ago.

*Courtesy: The Hindu*

# എ. കെ. പി. സി. ടി. എ
# സംസ്ഥാന വനിതാ കൺവെൻഷൻ

**2011 ഫെബ്രുവരി 26, കോഴിക്കോട്**

റിപ്പോർട്ട്




*വനിതാ സമ്മേളനം കോഴിക്കോട് മേയർ പ്രൊഫ. എ.കെ.പ്രേമജം ഉദ്ഘാടനം ചെയ്യുന്നു.*

2010-11അധ്യയനവർഷത്തിലെ എ.കെ.പി.സി.ടി.എ സംസ്ഥാന വനിതാ സമ്മേളനം ഫെബ്രുവരി 26 ന് കോഴിക്കോട് മലബാർ ക്രിസ്ത്യൻകോളജ് ആഡിറ്റോറിയത്തിൽ വച്ച് നടന്നു. രാവിലെ 10.30ന് ആരംഭിച്ച കൺവെൻഷന് സംസ്ഥാന വനിതാ കൺവീനർ ഡോ.ലേഖാ നരേന്ദ്രൻ സ്വാഗതം പറഞ്ഞു. എ.കെ.പി.സി.ടി.എ. സംസ്ഥാന വനിതാ വൈസ് പ്രസിഡൻറ് പ്രൊഫ.കുമാരി ഗീത.എസ് അധ്യക്ഷതവഹിച്ചു. സാമൂഹിക പ്രശ്നങ്ങളിൽ ഭാഗഭാക്കാക്കുന്ന സ്ത്രീ ആത്മരക്ഷയുടെ ഭാഗമായി എന്തും നേരിടാൻ മനസ്സിനെ സജ്ജമാക്കണമെന്ന് സ്വാഗത പ്രസംഗിക പറഞ്ഞു. സ്ത്രീയുടെ പദവി ഉയർത്താൻ ആത്മപരിശോധനയല്ല പകരം സമൂഹത്തിൻെറ കാഴ്ചപ്പാടാണ് മാറേണ്ടത്. വിദേശരാജ്യങ്ങളിൽ ഏത് സമയത്തും സ്ത്രീയ്ക്ക് യാത്ര ചെയ്യാം. എന്നാൽ കേരളത്തിൽ അതിനുള്ള സാഹചര്യം ഇല്ല.

സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ച കോഴിക്കോട് മേയർ പ്രൊഫ. എ.കെ.പ്രേമജം അറുപതുകളുടെ ആദ്യം സ്വകാര്യ മാനേജുമെൻറുകൾ സ്വേഛാധിപതികളെപ്പോലെ പെരുമാറിയിരുന്ന അനുഭവം വിശദീകരിച്ചു. 1960 ൽ കണ്ണൂർ എസ്.എൻ.കോളജിൽ വളരെ കുറച്ച് അധ്യാപികമാരേ ഉണ്ടായിരുന്നുള്ളൂ. യൂണിയനിൽ പ്രവർത്തിക്കാൻ താൽപര്യമുള്ളവർ വളരെ വിരളമായിരുന്നു. 1963ൽ അഖില കേരളാടിസ്ഥാനത്തിൽ എ.കെ.പി.സി.ടി.എ നടത്തിയ സമര പ്രഖ്യാപനത്തിൽ പങ്കെടുത്തതിനാൽ അന്ന് മനേജുമെൻറിൻെറ ഭാഗത്ത് നിന്ന് തീരെ മോശമായ ഇടപെടലാണ് ഉണ്ടായത്. പക്ഷേ പ്രേമജം തൻെറ നിലപാടിൽ ഉറച്ചുനിന്നു. തുടർന്ന് പി.എസ്.സിയിൽ അപേക്ഷ അയച്ചു എന്ന് കുറ്റം ആരോപിച്ച് സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടു.



പ്രൊഫ.ഗ്ലാഡിസ്.പി.ഇ.ഐസക്



ഡോ.വി.രാജേന്ദ്രൻനായർ



ഡോ.കെ.കെ.ബാലചന്ദ്രൻനായർ



ഡോ.ഡി.ശശിധരൻ

തൊട്ട് അടുത്തവർഷം ഗവൺമെൻറ് കോളജിൽ ചേർന്നശേഷം അന്യായമായി തന്നെ പിരിച്ചുവിട്ട മാനേജ്മെൻറ് നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ജസ്ററിസ് കൃഷ്ണയ്യരിൽ നിന്ന് അന്ന് അനുകൂലമായൊരു വിധി ലഭിച്ചത് തീർത്തും അപ്രതീക്ഷിതമായിരുന്നു. അന്ന്, സംഘടന അതാഘോഷിച്ചു.

ആദ്യകാല സമരങ്ങൾ വളരെ ബുദ്ധിമുട്ടും വിഷമതകളും നിറഞ്ഞതായിരുന്നു. എങ്കിലും ഗവൺമെൻറിൻെറയോ മാനേജുമെൻറിൻെറയോ ഔദാര്യമായിരുന്നു ശമ്പളം എന്ന കാഴ്ചപ്പാടിൽ നിന്ന് അവകാശമാണെന്നുള്ള സ്ഥിതിയിൽ എത്തിച്ചേർന്നു. അന്ന് വനിതാ അധ്യാപകരുടെ നേർക്ക് സമൂഹത്തിനുണ്ടായിരുന്ന കാഴ്ചപ്പാടും ധാരണയും അല്ല ഇന്നുള്ളത്; പ്രവർത്തിക്കാനുള്ള സുഗമമായ അവസ്ഥ ഇന്നുണ്ട്. കുടുംബത്തിൽ നിന്ന് സ്ത്രീക്ക് പിന്തുണ ലഭിക്കുന്നത്. എന്നാൽ സ്ത്രീ അവളുടെ കടമ മറക്കരുത്. കുടുംബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതോടൊപ്പം കുടുംബത്തിന് അകത്തും പുറത്തുമുള്ള കടമകൾ ഒരുമിച്ച് കൊണ്ടു പോകാൻ സ്ത്രീയ്ക്ക് കഴിയണം. നമ്മളിലെ ഉത്തരവാദിത്തമാണ് നമ്മളിലെ നന്മയെ തിരിച്ചറിയാനുള്ള അളവുകോൽ ആകേണ്ടതാണ്. ഞാൻ അധ്യാപികയാണ്, അമ്മയാണ്, പൗരയാണ് തുടങ്ങിയ ചിന്തകൾ ഒരുമിപ്പിക്കാൻ മറക്കരുത്. കുട്ടികളുമായി ആത്മബന്ധം പുലർത്തണം. നാളത്തെ സമൂഹത്തെ രക്ഷിക്കാനുള്ള വിവിധങ്ങളായ ഉത്തരവാദിത്തങ്ങൾ മനസ്സിൽ ഉണ്ടാകണം. അവകാശപ്പോരാട്ടങ്ങളിൽ മുൻപന്തിയിൽ ഉണ്ടാകണം. ഉദ്ഘാടന പ്രസംഗത്തിനുശേഷം എ.കെ.പി.സി.ടി.എ വനിതാ കൺവെൻഷനോടനുബ്ധിച്ച് കോളജ് തലത്തിൽ അധ്യാപികമാർക്കും വിദ്യാർത്ഥിനികൾക്കുമായി സംഘടിപ്പിച്ച സാഹിത്യ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനവിതരണം മേയർ നിർവ്വഹിച്ചു

ഒരു കാലത്ത് വനിതാ മെമ്പർമാർ വളരെ കുറവായിരുന്നു എന്ന വസ്തുത ആശംസാ പ്രസംഗത്തിനിടയിൽ ക്രിസ്ത്യൻ കോളജ് പ്രിൻസിപ്പൽ പ്രൊഫ. ഗ്ലാഡിസ് പി.ഇ.ഐസക് സൂചിപ്പിച്ചു. അന്ന് പിൻസീററിൽ ആയിരുന്ന സ്ത്രീ ഇന്ന് മുൻ സീററിലേക്ക് വന്നുകഴിഞ്ഞു; നേതൃസ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടു.

സംഘടനയുടെ ചരിത്രം വിശദീകരിച്ച് സംസാരിച്ച മുൻ സംസ്ഥാന പ്രസിഡൻറ് ഡോ.ശശിധരൻ ആർ.ആർ.സിയുടെ നിസ്തുലമായ പ്രവർത്തനങ്ങളെ വിശദീകരിച്ചുകൊണ്ട് എ.കെ.പി.സി.ടി.എയെ ഇന്നത്തെ നിലയിലേക്ക് നയിച്ച സമരചരിത്രം വിശദവും വശ്യവുമായ ഭാഷയിൽ അവതരിപ്പിക്കുകയുണ്ടായി. അധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പളം പൊതുഖജനാവിൽ നിന്നും കൈപ്പററാൻ തുടങ്ങിയതും നിയമനങ്ങളിലെ കോഴ ഒഴിവാക്കാൻ കഴിഞ്ഞതും സംഘടനയുടെ ശക്തമായ സമരത്തിലൂടെയാണ്. നമുക്ക് മുന്നേ നടന്നവർ കാട്ടിത്തന്ന കരുത്തും അജയ്യമായ ശക്തിയുമാണ് എ.കെ.പി.സി.ടി.എയുടെ പ്രവർത്തന പാരമ്പര്യം. ഇന്ന് വളരെ വലിയ ശമ്പളവും പി.എഫും ഒക്കെ വാങ്ങിക്കുമ്പോൾ, അവയൊക്കെ സ്വപ്നം കണ്ടിരുന്ന ആ മഹത് വ്യക്തികളു





പ്രൊഫ. ഡി. സലിംകുമാർ



ഡോ. എസ്. ഉഷ



ജാനമ്മ കുഞ്ഞുണ്ണി

ടെ മനോവീര്യത്തെ നമിക്കണം. യുജിസി റഗുലേഷന് വിധേയമായി പ്രവർത്തിക്കുന്ന കോളജ് അധ്യാപകരുടെ പ്രശ്നങ്ങളിൽ ആധികാരികമായൊരു ഇടപെടൽ യൂണിവേഴ്സിററിയുടെ ഭാഗത്തുനിന്നല്ല മറിച്ച്, കേന്ദ്ര തലത്തിൽ നിന്നാണ് വരേണ്ടത്. ആ നയങ്ങളിലെ പാളിച്ചകളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

ചരിത്രത്തെ വർത്തമാനവുമായ ബന്ധപ്പെടുത്തണ താണ് കാലിക്കററ് സർവ്വകലാശാല സിൻറിക്കേററംഗം ഡോ.കെ.കെ.ബാലചന്ദ്രൻ നായർ ഓർമ്മിപ്പിച്ചു. എങ്ങനെ ഇവിടെ വരെ എത്തി എന്നറിയാൻ നാം പുറകോട്ട് നോക്കണം. മററ് ട്രേഡ് യൂണിയനുകളുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ വ്യത്യസ്തമായ നേട്ടങ്ങളാണ് എ.കെ.പി.സി.ടി.എ യ്ക്കുള്ളത്. കോളജ് അധ്യാപകരുടെ നട്ടെല്ലാണ് ഈ സംഘടന. അതിൻെറ കരുത്തായ നയങ്ങളാണ് അസ്ഥിരതയിൽ നിന്ന് സ്ഥിരതയിലേക്കും അസുഖത്തിൽ നിന്ന് സുഖാവസ്ഥയിലേക്കും അധ്യാപകർ എത്തിച്ചേരാൻ കാരണമായത് എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. കോഴിക്കോട് ജില്ലാ സെക്രട്ടറി പ്രൊഫ. സി.ററി. ഫ്രാൻസിസ് യോഗത്തിൽ നന്ദി പ്രകാശിപ്പിച്ചു.

ഉച്ചയ്ക്ക് രണ്ടുമണിക്ക് ആരംഭിച്ച സെമിനാറിൽ സംസ്ഥാന വനിതാകമ്മിററി ജോയിൻറ് കൺവീനർ ഡോ.പി.എസ്.ഗീത സ്വാഗതം ആശംസിച്ചു. അധ്യാപകരുടെ മൂല്യം നിർണയിക്കേണ്ടത് സമൂഹമാണ്. അതുകൊണ്ടാണ് ഈ സമ്മേളനത്തിൽ *സ്ത്രീയും അധികാരവും* എന്നൊരു വിഷയം തെരഞ്ഞെടുത്തതെന്ന് ശ്രീമതി ജാനമ്മ കുഞ്ഞുണ്ണിയെ (സ്ററാൻറിംഗ് കമ്മിററി മെമ്പർ കോഴിക്കോട് കോർപ്പറേഷൻ) പരിചയപ്പെടുത്തിക്കൊണ്ട് ഡോ. ഗീത ടീച്ചർ പറഞ്ഞു.

എ.കെ.പി.സി.ടി.എ.യുടെ സംസ്ഥാന വൈസ്പ്രസിഡൻ പ്രൊഫ.സലിംകുമാർ കോളജ് തലത്തിൽ കുറഞ്ഞുവരുന്ന പുരുഷസാന്നിധ്യത്തെക്കുറിച്ചാണ് സംസാരിച്ചത്. *അധികാരവും സ്ത്രീയും* എന്ന വിഷയം അവതരിപ്പിച്ച് സംസാരിച്ച ശ്രീമതി ജാനമ്മ കുഞ്ഞുണ്ണി ഇന്ന് സ്ത്രീ അനുഭവിക്കുന്ന 50% സംവരണം ഔദാര്യമല്ല അവകാശമാണെന്ന് ശക്തമായ ഭാഷയിൽ സ്ഥാപിച്ചു. *സ്ത്രീയും അധികാരവും* എന്ന പരികൽപനകൾ കോളജ് അധ്യാപികമാരിൽ എത്രത്തോളം സ്വാധീനം ചെലുത്തി എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നുവെന്നും അത് വേണ്ടത്ര പ്രവർത്തിക്കുന്നത് സാധാരണക്കാർക്കിടയിലാണെന്നും അവർ പറഞ്ഞു, ഇന്ന്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾ കടന്നുവന്നിരിക്കുന്നു. എന്നാൽ അവകാശബോധത്തോടെയുള്ള അധികാരം എത്രപേർക്കുണ്ട് എന്നത് ചിന്തിക്കേണ്ടതാണ്. ഇന്ന് ഒരു സ്ത്രീപക്ഷ ആജ്ഞ തന്നെവേണം. അധികാരം ഭരണരംഗത്തുമാത്രമല്ല വീടുകളിലുമുണ്ട്. അധികാരവികേന്ദ്രീകരണം എല്ലായിടത്തും എത്തിനിൽക്കുന്നു. സ്ത്രീകളുടെ അധികാരം ജീവിതവ്യാപാരങ്ങളിൽ ഇടപെടാനുള്ളതാണ്. ഈ മാററം ആർജ്ജിച്ചെടുക്കണമെങ്കിൽ ഒഴുക്കിനെതിരെ നീന്തണം. അപ്പോഴുണ്ടാകുന്ന അസ്വസ്ഥതകളിൽ മാററത്തിൻെറ ശ്യംഖൊലി മുഴങ്ങിക്കേൾക്കും.

*പാരിസ്ഥിതികനീതിയും സ്ത്രീയും* എന്ന വിഷയം അവതരിപ്പിച്ച ശ്രീമതി ഉഷ (ഡയറക്ടർ, തണൽ, തിരുർ) എന്താണ് പ്രകൃതിയുടെ നീതി? അതെങ്ങനെ സ്ത്രീയെ ബാധിക്കുന്നു എന്ന് വിശദീകരിച്ചു. വിദ്യാഭ്യാസം കൂടിയ സംസ്ഥാനത്ത് സ്ത്രീയുടെ അധികാരം കുറഞ്ഞുവരുന്നുവെന്നും പാരിസ്ഥിതിക സമീപനങ്ങളിൽ സ്ത്രീക്ക് നീതി ലഭിക്കുന്നുണ്ടോ എന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. വ്യവസായങ്ങൾ ലാഭമുണ്ടാക്കുന്ന സ്ഥാപനങ്ങളായിമാത്രം അധഃപതിച്ചപ്പോൾ പരിസ്ഥിതിക്ക് അസുരക്ഷിതത്വം അനുഭവപ്പെട്ടു തുടങ്ങി. ആ അസുരക്ഷിതത്വത്തിൻെറ ഏററവും തീവ്രമായ ദുരന്തം നേരിട്ട് അനുഭവിക്കുന്നത് സ്ത്രീകളെയാണ്. അഥവാ തൊഴിലിടങ്ങളിലും കുടുംബങ്ങളിലും ചുമത്തപ്പെടുന്ന ഉത്തരവാദിത്തം സ്ത്രീയെ കൂടുതൽ അനാരോഗ്യത്തിലേക്ക് നയിക്കുന്നു. ഉദാഹരണത്തിന് ഭോപ്പാൽ ദുരന്തം ഉണ്ടായപ്പോൾ അത് കൂടുതൽ ബാധിച്ചത് അവിടത്തെ സാധാരണക്കാരെയാണ്- പ്രത്യേകിച്ചും തൊഴിലാളികളെ . അവർക്ക് വീട്ടിൽ രോഗാവസ്ഥയിൽ ഉള്ളവരെ ശശ്രൂഷിക്കണം. ഒപ്പം പണിയിടങ്ങളിൽ ജോലി ചെയ്ത് കുടുംബത്തിൻെറ വരുമാനത്തിൽ മുതൽ കൂട്ടുകയും വേണം. ആ ദുരിതത്തിൽ ചമ്പാദേവിയുടെയും മററും നേതൃത്വത്തിൽ നടത്തിപ്പോരുന്ന സമരം ഏററവും ശ്രദ്ധേയമായ ഒന്നാണ്. അതുപോലെ വയനാട്ടിലുംമററും കീടനാശിനികൾ ഉപയോഗിക്കുമ്പോൾ വരുന്ന പ്രകൃതി ദുരന്തം; അതിൻെറ ഏററവും വലിയ ഇരകൾ സ്ത്രീകളാണ്. എറണാകുളം ജില്ലയിലെ ഏലൂർ പെരിയാർ നദി മലിനീകരിക്കപ്പെട്ടത്, പ്ലാച്ചിമടയിലെ കൊ-കോ-കോള പ്രശ്നം തു



പ്രൊഫ. കുമാരി ഗീത. എസ്



ഡോ. ലേഖ നരേന്ദ്രൻ

ടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് നേരെയുള്ള ശക്തമായ പ്രതിഷേധങ്ങളിലും സമരങ്ങളിലും സ്ത്രീ മുഖ്യധാരയിലുണ്ട്. ഇത്തരം ദുരിതങ്ങൾ കുടുംബത്തിൽ ഉണ്ടാകുമ്പോൾ നേരത്തെ സൂചിപ്പിച്ചപോലെ അതിന്റെ പ്രത്യക്ഷദാരുണത അനുഭവിക്കുന്നത് സ്ത്രീ ആയതുകൊണ്ടുതന്നെ. കേരളമൊഴികെ മറ്റൊരു സംസ്ഥാനവും ഇത്തരം പാരിസ്ഥിതിക നീതിയിലും കർഷകത്തൊഴിലാളികളുടെ ആരോഗ്യത്തിലും ശ്രദ്ധിക്കുന്നതേയില്ല. കീടനാശിനി പ്രയോഗനിബന്ധനകളും അതിനെ സംബന്ധിക്കുന്ന നിയമങ്ങളും കേന്ദ്രസർക്കാരാണ് കൊണ്ടുവരേണ്ടത്. അതിൽ പ്രാദേശികമായുള്ള നയങ്ങൾ അനിവാര്യമായി വരുന്നു. കേരളത്തിൽ മാത്രമാണ് കൃത്യമായി ഒരു ജൈവകൃഷിനയം ഉള്ളത്.

ഇന്ന് ഒരു റെഡി-മെയ്ഡ് സംസ്കാരത്തിലേയ്ക്കാണ് നാം പൊയ്ക്കൊണ്ടിരിക്കുന്നത്. ഇവിടെ കുടുംബശ്രീ വനിതകളുടെ സേവനം ശ്ലാഘനീയമാണ്. പരിസ്ഥിതിയിലെ അസുരക്ഷിതത്വത്തിൽ നിന്ന് അനാരോഗ്യത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്ന ഒരു വിഭാഗമാണിത്.

മുൻ വൈസ് പ്രസിഡൻറുമാരായിരുന്ന പ്രൊഫ.ലളിതാഭായി, ഡോ.ആർ.ബി.രാജലക്ഷ്മി എന്നിവർ വനിതാ സബ്കമ്മിററി നിലവിൽവന്ന സാഹചര്യവും ഇന്ന് അതിൻെറ വളർച്ചയെയും കുറിച്ച് വിശദീകരിച്ചു. സമൂഹത്തിൽ എല്ലായിടത്തും സ്ത്രീപ്രാതിനിധ്യം വർദ്ധിക്കുന്നതോടൊപ്പം അവർക്ക് നേരെയുള്ള പ്രശ്നങ്ങളും ഏറിവരുകയാണ്. അതില്ലാതാക്കാൻ സ്ത്രീക്ക് കുടുംബത്തിൽ നിന്നും പ്രോത്സാഹനവും സമൂഹത്തിൽ നിന്ന് അംഗീകാരവും ലഭിക്കണം. അവകാശങ്ങൾക്കുവേണ്ടിയല്ല അവകാശങ്ങൾ അനുഭവിച്ചുകൊണ്ട് ഒപ്പം സംഘടിതശക്തിയുടെ മഹത്വം മനസിലാക്കണം സ്ത്രീ. ഒപ്പം അതിൻെറ നൈരന്തര്യം ഭാവിയിലേയ്ക്ക് പകരണം എന്ന് അവർ പറഞ്ഞു. പ്രൊവിഡൻസ് കോളജ് അധ്യാപിക ഡോ.എസ്.ശ്രീകുമാരി നന്ദി പറഞ്ഞു.

*തയ്യാറാക്കിയ്- ഡോ.എസ്.ശ്രീകുമാരി*







**നിശാന്ത് എ.**
*പയ്യന്നൂർ കോളജ് പയ്യന്നൂർ*

# ഉടച്ചുവാർക്കേണ്ട ജനാധിപത്യസ്തംഭങ്ങൾ

സാധാരണ ജനതയുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കുറിക്കുക എന്നത് തന്നെയാകണം ലെജിസ്ലേച്ചർ, ജുഡീഷ്യറി, എക്സിക്യൂട്ടീവ്, മാധ്യമങ്ങൾ എന്നിവയുടെ പരമപ്രധാനമായ ലക്ഷ്യം. എന്നാൽ സമീപകാലത്തെ അനുഭവങ്ങൾ നമുക്ക് നൽകുന്ന പാഠം ഇതല്ലേയല്ല. തീർത്തും യുക്തിരഹിതവും മനുഷ്യത്വം നിഷേധിക്കപ്പെടുന്നതുമായ ഒരു ബുദ്ധിമണ്ഡലമാണ്, സാംസ്കാരിക ചുറ്റുപാടാണ് ഇവ സൃഷ്ടിക്കുന്നത്. ഇത് പരിശോധിക്കപ്പെടേണ്ടതു തന്നെയാണ്.

അവിശ്വാസത്തിന്റെ നിഴലിൽ ലെജിസ്ലേച്ചർ: കോർപ്പറേറ്റ് ഇടനിലക്കാർ അധികാരികളെയും നിലപാടുകളെയും നിയമങ്ങളെയും തീരുമാനിക്കുന്നിടത്തേക്ക് ഇന്ന് ലെജിസ്ലേച്ചർ കൂപ്പുകുത്തിയിരിക്കുന്നു. നീരാറാഡിയ സംഭവം സൂചിപ്പിക്കുന്നത് ഇതാണ്. മുകേഷ്- അനിൽ അംബാനിമാരും, ടാറ്റ- ബിർളമാരുമൊക്കെ ആഗ്രഹിക്കുന്നത് കോൺഗ്രസ്സിന്റെയും ഇന്ത്യയുടെയും കൽപനകളായി മാറുന്നു എന്നതാണ് ഇന്ത്യൻ അനുഭവം. ആര് ഭരിക്കണം, വകുപ്പുകൾ ആര് കൈകാര്യം ചെയ്യണം, നികുതിനിയമങ്ങൾ പോലും എങ്ങനെ രൂപപ്പെടുത്തണം എന്നെല്ലാം വ്യവസായ പ്രമുഖർ തീരുമാനിക്കുന്നിടത്തേക്ക് എത്തി കാര്യങ്ങൾ. ആണവ കരാറുമായി ബന്ധപ്പെട്ട് പാർലമെന്റിൽ നടന്ന വിശ്വാസവോട്ടെടുപ്പിനെ വിശ്വാസ'നോട്ടെടുപ്പാ'ക്കി മാറ്റിയതിൽ ആർക്കൊക്കെയാണ് പങ്ക് എന്നത് പകൽവെളിച്ചം പോലെ സത്യം. സർക്കാറിനെ നിലനിർത്താനും മാറ്റാനും അമേരിക്കൻ സാമ്രാജ്യത്വ താൽപര്യമുള്ളവരെ മാത്രം ഭരണകർത്താക്കളാക്കുന്നതിലുമെല്ലാം കോർപ്പറേറ്റുകൾക്ക് താൽപര്യമുണ്ട്. അതിലൊക്കെ അവരുടെ കൈകളുണ്ട്. ലക്ഷക്കണക്കിന് കോടികൾ പുഷ്പം പോലെ തെരഞ്ഞെടുപ്പ് വേളകളിലടക്കം വാരിവിതറാൻ അവർക്ക് നിഷ്പ്രയാസം സാധിക്കും. പിന്നീട് അതിലുമേറെ കോടികളും ഡോളറുകളുമാണ് അവർക്ക് മറിയുവാനുള്ളത്. അടുത്ത കാലത്ത് നടന്ന ആദർശ് ഫ്ളാറ്റ് അഴിമതിയായാലും 2 ജിസ്പെക്ട്രം അഴിമതിയായാലും എസ്-ബാൻഡ് അഴിമതിയായാലും ഒന്നിനൊന്ന് തുകയുടെ കാര്യത്തിൽ മത്സരം തന്നെ. കേൾക്കുവാനും സുന്ദരമായ അഴിമതിപ്പേരുകൾ. വായിച്ചാലും പഠിച്ചാലും തലയിൽക്കയറാത്ത സാങ്കേതികപദങ്ങളും വസ്തുതകളും ഉണ്ടെന്നതിനാൽ സാധാരണക്കാർ അധികമൊന്നും അറിയാൻ ശ്രമിക്കാറുമില്ല. സങ്കീർണ്ണതകൾ സൃഷ്ടിച്ച് അറിവിനെ കീഴടക്കുക എന്നതും പ്രതിരോധമില്ലാതാക്കുക എന്നതും തന്നെയാണ് പുത്തൻ ആഗോളനയം. സമീപകാലത്തായി വന്ന കേന്ദ്ര നിയമങ്ങൾ ഓരോന്നായി പഠിക്കാൻ ഒരു ചെറിയ ശ്രമം നടത്തിയാൽ തന്നെ ഇതൊക്കെ ആർക്ക് വേണ്ടി എന്ന് വ്യക്തമായി മനസ്സിലാക്കാനാകും. ടെലികോം നയങ്ങൾ, വ്യാപാര സാമ്പത്തിക നയങ്ങൾ, പ്രതിരോധ നയങ്ങൾ, വിദേശകാര്യനിയമങ്ങൾ, വിദ്യാഭ്യാസ ബില്ലുകൾ എല്ലാം വൻകുത്തകകളെയും സാമ്രാജ്യത്വശക്തികളെയും മുതലാളിത്തത്തെയും മാത്രം തൃപ്തിപ്പെടുത്തുന്നതാണ്. ചോദ്യം ചെയ്യാൻ ബാധ്യസ്ഥരായ മുഖ്യ പ്രതിപക്ഷമായ ബി. ജെ. പിയുടെയും വർഗ താൽപര്യങ്ങൾ ഇതൊക്കെ മാത്രമാണ്. ഇടതുപക്ഷത്തിന്റെ സുതാര്യമായ ഇടപെടലുകൾക്ക് ഈ യോജിപ്പ് ഭീഷണിയുയർത്തുന്നു.


കൂർക്കം വലിച്ചുറങ്ങുന്ന ഫയലുകൾ: കേന്ദ്രത്തിൽ അധികാരത്തിലുള്ള മുതലാളിത്ത അനുകൂല, സാമ്രാജ്യത്വ വിധേയ, കോർപ്പറേറ്റ് സ്പോൺസേർഡ് യു. പി എ സർക്കാറിന്റെ നയങ്ങൾക്കും നിലപാടുകൾക്കും ബദൽ സമീപനങ്ങളുയർത്തുന്ന ഒരു ഗവൺമെന്റാണ് കേരളത്തിലേത്. ജനതയുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ വി. എസ്. അച്യുതാനന്ദൻ സർക്കാർ വിജയിച്ചിട്ടുണ്ട്. ജീവനക്കാ

രുടെ പ്രശ്നങ്ങൾ, കർഷകരുടെ കടബാധ്യത, വ്യാവസായിക മുരടിപ്പ്, സാമ്പത്തിക പ്രശ്നങ്ങൾ, തൊഴിൽ പ്രശ്നങ്ങൾ, ഭവനരഹിതരുടെ വിഷയങ്ങൾ എന്നിവയിലെല്ലാം ആഗോളവൽക്കരണത്തിന്റെ സാഹചര്യത്തിലും കേരളത്തിലെ എൽ. ഡി എഫ് സർക്കാർ 'ജനകീയ ജനാധിപത്യ ബദൽ നയ'ങ്ങളിലൂടെ കാര്യക്ഷമമായ ഇടപെടൽ നടത്തിയിട്ടുണ്ട്. എന്നാൽ, മന്ത്രിസഭ കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ എക്സിക്യൂട്ടീവിന് പറ്റുന്ന പാളിച്ചകൾ ചില്ലറയല്ല. ഒരു വില്ലേജ് ഓഫീസിൽ തുടങ്ങി സംസ്ഥാന ഭരണത്തിന്റെ സിരാകേന്ദ്രമായ സെക്രട്ടറിയേറ്റ് വരെ വ്യാപിക്കുന്ന കെടുകാര്യസ്ഥത എത്രയോ മുമ്പുതൊട്ടുതന്നെ ചർച്ചചെയ്യപ്പെടുന്നതാണ് ജനുവരിയിൽ തിരുവനന്തപുരത്ത് നടന്ന മൂന്നാമത് അന്താരാഷ്ട്ര പഠനകോൺഗ്രസ്സിന്റെ സമാപനദിവസം സംസാരിക്കവേ സിപിഐ(എം) സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ സിവിൽസർവ്വീസിന്റെ ഇന്നത്തെ ശോച്യാവസ്ഥയെ കൃത്യമായി വിമർശിക്കുകയുണ്ടായി. ഇത് സർവ്വീസ് സംഘടനകൾ പരിശോധിക്കേണ്ടുന്ന വിവിധ വിഷയങ്ങളിലേക്ക് വളരെ കൃത്യമായി വിരൽചൂണ്ടുന്നതാണ്.



യു. ഡി. എഫ് സർക്കാരിന്റെ നയവൈകല്യങ്ങളുടെയും എൽ. ഡി എഫ് സർക്കാറിന്റെ ബദൽ സമീപനങ്ങളുടെയും ഫലങ്ങളിൽ ഏതെങ്കിലും ഒരു സാധാരണക്കാരന് ഒരു വ്യത്യാസവും പ്രയോഗ തലത്തിൽ അനുഭവപ്പെടുന്നില്ലായെങ്കിൽ അതിനുത്തരവാദി സിവിൽ സർവ്വീസ് തന്നെയാണ്. അത്രയേറെ ദുരനുഭവങ്ങൾക്ക് അവൻ/അവൾ മൂകസാക്ഷിയാണ്. സെക്ഷനുകളിൽ നിന്ന് സെക്ഷനുകളിലേക്കും, ഓഫീസുകളിൽ നിന്ന് ഓഫീസുകളിലേക്കും വർഷങ്ങളോളം ജൈത്രയാത്ര നടത്തി രക്തസാക്ഷിത്വം വരിച്ച എത്രയെത്ര മഹനീയ (ദയനീയ) ഫയലുകളാണ് ഒടുവിൽ സെക്രട്ടറിയേറ്റിൽ അന്ത്യവിശ്രമം കൊള്ളുന്നത്! എത്രയെത്ര സാധാരണക്കാരന്റെ LIFEആണ് ഈ FILE കളിൽ അസ്തമിച്ചു കാണുക! സംശയത്തിന്റെ 'നോട്ട്' എഴുതലും, ജൂനിയർ ഓഫീസർ സീനിയർ ഓഫീസർക്ക് ചെയ്യുന്ന ഫയലിന്റെ സബ്മിഷനുകളും ഒരു യുക്തിക്കും നീതികരിക്കാനാകാത്ത താമസിപ്പിക്കലിന് ശേഷമുള്ള മനുഷ്യത്വരഹിതമായ മടക്കി അയക്കലുകളും കണ്ടും കേട്ടും സാധാരണക്കാരന് മടുത്തു. ഗവൺമെന്റ് ഓഫീസുകളിലെ 'ഭിഷഗ്വരന്മാ'രുടെ മരണക്കുറിപ്പെഴുത്തിന് കാത്തിരിക്കുന്ന, അന്ത്യശ്വാസം വലിക്കാനിരിക്കുന്ന ജീവച്ഛവമായ ഫയലുകൾ; വർഷങ്ങളായി കൂർക്കം വലിച്ചുറങ്ങിക്കൊണ്ടേയിരിക്കുന്ന ഫയലുകൾ, നിഷേധിക്കപ്പെടുന്ന ആനുകൂല്യങ്ങൾ... എല്ലാം ഉയർത്തുന്ന വികാരങ്ങൾ അമർഷത്തിന്റെ മാത്രമല്ല ജീവിതനൈരാശ്യത്തിന്റേതുകൂടിയാണ്. നിലവിലുള്ള പഴഞ്ചൻ നിയമങ്ങൾ സമഗ്രമായിത്തന്നെ പൊളിച്ചെഴുതേണ്ടുന്നതിന്റെ ആവശ്യകതയിലേക്ക് പിണറായിയുടെ വിലയിരുത്തൽ എത്തിച്ചേരുന്നു.

പ്രതിച്ഛായ നഷ്ടപ്പെട്ട ജുഡീഷ്യറി: നിയമനിർമ്മാണ, നീതി നിർവ്വഹണ വ്യവസ്ഥിതികൾക്ക് പറ്റുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ സ്വമേധയായോ, അല്ലാതെയോ ഇടപെടുകയും സാധാരണക്കാരന്റെ ഒടുവിലത്തെ അത്താണിയായി മാറുകയും ചെയ്തിരുന്ന ഇന്നലേകളിലെ നീതിന്യായ വ്യവസ്ഥിതിയുടെ ഇന്നത്തെ നിലയാണ് വർത്തമാന കാലത്ത് ഏറെ ചർച്ചാവിഷയം. സാമാന്യജനതയുടെ സർവ്വ വിശ്വാസപ്രമാണങ്ങളും തിരുത്തിക്കുറിച്ചുകൊണ്ടുള്ള വാർത്തകളും അഭ്യൂഹങ്ങളുമാണ് എവിടെയും കാണുന്നത്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കേസിൽ വിദ്യാഭ്യാസക്കച്ചവടക്കാർക്കനുകൂലമായി വിധി പുറപ്പെടുവിച്ച ജഡ്ജി പിന്നീട് നടത്തിയ ഉല്ലാസയാത്രയിൽ മതിമറന്ന് അവരുടെ അതിഥ്യം സ്വീകരിച്ചത് സമീപകാലത്തെ ഒരു ആഭാസചിത്രമാണ്. ഐസ്ക്രീം പെൺവാണിഭക്കേസിൽ മുൻമന്ത്രിയും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ കേരളസംസ്ഥാന ജനറൽ സെക്രട്ടറിയുമായ പി. കെ കുഞ്ഞാലിക്കുട്ടി രണ്ട് ജഡ്ജിമാർക്ക് എണ്ണിക്കൊടുത്തുവെന്ന് റൗഫ് വെളിപ്പെടുത്തുന്ന ലക്ഷങ്ങളുടെ കഥകൾ ഞെട്ടിപ്പിക്കുന്നതാണ്. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് സുപ്രീം കോടതി ഇടമലയാർ കേസിൽ അനുകൂലമായ വിധി നൽകാതിരുന്നപ്പോൾ പുതിയ ഒരു ചർച്ചയ്ക്കും തുടക്കമായി. കെ. കരുണാകരന്റെ ഭരണകാലത്ത് 21 ബാറുകൾക്ക് ലൈസൻസ് കിട്ടാൻ വേണ്ടി 15 വർഷം മുമ്പ് 36 ലക്ഷം രൂപ ജഡ്ജിയുടെ കാർക്കിഴിൽ ആരോ സമർപ്പിച്ചതിന് താൻ സാക്ഷിയാണ് എന്ന് കേന്ദ്ര ഭരണകക്ഷിയുടെ എം.പിയും, കോൺഗ്രസ്സിന്റെ ശക്തിദുർഗ്ഗവുമായ കെ. സുധാകരൻ വെളിപ്പെടുത്തിയിരിക്കുന്നു. ഒരു പക്ഷേ, ഇടമലയാർ കേസിൽ രക്ഷപ്പെടുവാൻ സ്വീകരിച്ച സമാനമാർഗ്ഗങ്ങൾ നീതിയുടെ അവശേഷിക്കുന്ന ചില കല്ലുകളിൽ തട്ടി പരാജയപ്പെട്ടതിന്റെ ജാള്യത തന്നെയായിരിക്കാം ഇത്തരമൊരു വെളിപ്പെടുത്തലിനാധാരം. തിണ്ണനിരങ്ങികൾക്കേ ജഡ്ജിയാകാനാകൂ എന്ന അദ്ദേഹത്തിന്റെ ആരോപണം 'ആരുടെ തിണ്ണനിരങ്ങണം' എന്ന ഒരു ചോദ്യം പരോക്ഷമായി




ഉന്നയിക്കുന്നുണ്ട്. മുൻസുപ്രീം കോടതി ചീഫ് ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണന്റെ മകളുടെ ഭർത്താവും കോൺഗ്രസ്സ് നേതാവുമായ ശ്രീനിജന് എതിരെ വന്ന അവിഹിതസ്വത്ത് സമ്പാദനവും ഇന്ന് ചർച്ചാവിഷയം തന്നെ.

അധികാരത്തിന്റെ സർവ്വ സുഖസൗകര്യങ്ങളും അനുഭവിച്ചുകൊണ്ടിരിക്കേ നീതികരിക്കാനാകാത്ത അഴിമതികളിലും അനാശാസ്യങ്ങളിലും ചെന്ന് പെടുന്നവർ ഇതിൽ നിന്ന് കരകയറാൻ പലവാതിലുകൾ മുട്ടുന്നു. തുറക്കപ്പെടുന്ന വാതിലുകൾക്കുള്ളിൽ പാദസേവകർ തന്നെയാണെങ്കിൽ എന്തും സാധിക്കുമെന്ന നെറികെട്ട അവസ്ഥ വരുന്നു. ആർക്കും ഒരു പരിധിയിലപ്പുറം വിമർശിച്ചുകൂടായെന്ന വ്യവസ്ഥകൾ പല ജഡ്ജിമാർക്കും സുരക്ഷിതത്വത്തിന്റെ മഹാകവചം നൽകുന്നു. നമ്മുടെ രാജ്യത്തെ ഹൈക്കോടതികളിൽ ജഡ്ജിമാരുടെ നിയമനത്തിന് മറിഞ്ഞുവെന്ന് പറയുന്ന കോഴക്കണക്കുകൾ സാധാരണ ജനതയ്ക്ക് ഇത്തരം സ്തംഭങ്ങളുടെ മേലുള്ള ഏത് അവിശ്വാസത്തെയാണ് തിരുത്തിക്കാനാകുക? പണ്ടൊക്കെ ജുഡീഷ്യറിക്കെതിരെയുള്ള ഏത് ആരോപണത്തേയും കേവലമായ ദുരാരോപണങ്ങളായി മാത്രം കണ്ട് തള്ളിക്കളഞ്ഞിരുന്ന സാമാന്യജനതപോലും ഇത്തരം ആരോപണങ്ങളെ ഇന്ന് വിശ്വസിക്കുന്നുവെങ്കിൽ ആരുടേതാണ് കുറ്റം? ഭക്ഷ്യധാന്യങ്ങൾക്ക് കേന്ദ്രനയങ്ങളുടെ ഭാഗമായി താങ്ങാനാകാത്ത വിലക്കയറ്റമുണ്ടായപ്പോഴും, പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഒരു വർഷത്തിനുള്ളിൽ മാത്രം അഞ്ച് തവണ നീതികരിക്കാനാകാത്തവിധത്തിൽ വിലവർദ്ധിപ്പിച്ചപ്പോഴുമെല്ലാം ഒന്നും ഇടപെടാത്ത 'നീതിയുടെ അവസാനത്തെ അഭയകേന്ദ്രങ്ങൾ' ഇവയ്ക്കെതിരെ പൊതുനിരത്തിൽ പ്രതിഷേധിക്കാനുള്ള, പ്രതികരിക്കാനുള്ള അവകാശങ്ങളെ ഇല്ലായ്മചെയ്ത വിധിപ്രഖ്യാനപനമാണ് നടത്തിയത്. ഇതിനെ വിമർശിച്ച സി.പി.ഐ (എം) സംസ്ഥാന കമ്മറ്റിയംഗം എം. വി ജയരാജനെതിരെ കോടതിയലക്ഷ്യത്തിനാണ് കേസ്. നീതിന്യായ വ്യവസ്ഥയിൽ സാധാരണ ജനത പ്രതീക്ഷിക്കുന്നത് നീതിമാത്രമാണ്. ജുഡീഷ്യറിയെ കളങ്കപ്പെടുത്താത്ത എത്രയോ ജഡ്ജിമാരിലാണ് നമ്മുടെ അവശേഷിക്കുന്ന പ്രതീക്ഷയത്രയും.

മാധ്യമങ്ങളും ഇതേ വഴിയിൽ: മേൽപ്പറഞ്ഞ വിഷയങ്ങളൊക്കെ സജീവമാകുമ്പോൾ അനീതിക്കെതിരെ പടവാൾ വീശേണ്ട മാധ്യമപ്രവർത്തനവും കോർപ്പറേറ്റ് താൽപര്യങ്ങൾക്ക് അനുകൂലമായി മാറുന്നു. സ്വാധീനങ്ങൾക്ക് കീഴ്പെട്ട് എഴുതുകയോ, എഴുതാതിരിക്കയോ ചെയ്യുകയെന്ന മാധ്യമ രീതി ഒട്ടും ആശാസ്യമല്ല. ബലൂൺ പോലെ വീർപ്പിക്കപ്പെട്ട ചില ചർച്ചകളെ അത്ഭുത ദൃശ്യങ്ങളിലെ പെട്ടെന്നുള്ള അപ്രത്യക്ഷപ്പെടൽ പോലെ ഇല്ലാതാക്കാൻ ചില മാധ്യമങ്ങൾക്ക് സാധിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ റിപ്പോർട്ടിങ്ങിൽ ആത്മാർത്ഥക്കുറവ് പ്രകടമാകുന്നു. പല പത്രങ്ങളും ചാനലുകളും ഉയർത്തുന്നത് അവയുടെ ഏറ്റവും ഉയർന്ന ശതമാനം ഷെയറിന്റെ ഉടമയുടെ താൽപര്യം മാത്രമാകുന്നു. വായനക്കാരന്റെ / കാഴ്ചക്കാരന്റെ താൽപര്യത്തിനല്ല ഒരിടത്തും പരിഗണന. കെ. മുരളീധരനും പി. കെ കുഞ്ഞാലിക്കുട്ടിയുമൊക്കെ കേരളത്തിൽ വാർത്താചാനലുകൾ തുടങ്ങുന്നു. ഇന്നലെകളിൽ പല പ്രധാന ചാനലുകളിലേയും മികച്ച വാർത്താ അവതാരകർ പുതിയ ചാനലുകൾ തുടങ്ങുന്നു. അത്തരം ചാനലുകളുടെ പ്രമോട്ടർമാർ അഥവാ ഷെയർ ഉടമകൾ അതത് സമയം അവരുടെ മാത്രം താൽപര്യങ്ങൾക്കായി അവയെ ഉപയോഗപ്പെടുത്തും. അതൊക്കെ കണ്ടും കേട്ടുമിരിക്കുന്ന നമ്മളൊക്കെ സ്വയമറിയാതെ സൃഷ്ടിക്കപ്പെടുന്ന ഒരു പ്രത്യേകതരം മാനസികാവസ്ഥയുടെ ഭാഗമായി മാറുക തന്നെ ചെയ്യും. ഇത്തരത്തിലാണ് മുതലാളിത്ത അനുകൂല മനോഭാവത്തിന്റെ ഒരു അസാംസ്കാരിക ഇടം നമുക്കുള്ളിൽ സൃഷ്ടിക്കപ്പെടുക. മനുഷ്യന്റെ ഭൗതീക ജീവിതത്തെ മാത്രമല്ല ബൗദ്ധീകമായ നിലപാടുകളെയും കൂടിയാണ് ആഗോളവൽക്കരണം ലക്ഷ്യം വെച്ചത് എന്ന് നമുക്ക് അങ്ങനെ അനുഭവത്തിലൂടെ തിരിച്ചറിയാനാകുന്നു.

ജനാധിപത്യത്തിന്റെ നാല് സ്തംഭങ്ങൾക്കും (Four Pillars of Democracy) സംഭവിച്ച അപചയങ്ങൾ വർത്തമാന ഇന്ത്യയെ വല്ലാതെ മാറ്റിയിരിക്കുന്നു. പൊതുവിൽ ലോകസാഹചര്യവും ഇത് തന്നെ. എല്ലാറ്റിനും മുകളിലാണ് പണം എന്ന പുതിയ കൽപ്പനയാണ് ഇന്ത്യൻ ലെജിസ്ലേച്ചറിനേയും ജുഡീഷ്യറിയേയും സിവിൽ സർവ്വീസിനേയും മീഡിയയേയും ആരോപണങ്ങളുടെ കരിനിഴലിൽ നിർത്തുന്നത്. ഇത്തരം ആരോപണങ്ങൾ പരിശോധിച്ച് സാമാന്യജനതയുടെ ആശങ്കകൾ അകറ്റാൻ എല്ലാവർക്കും ബാധ്യതയുണ്ട്. കാരണം ജനതയില്ലാതെ ഒരു വ്യവസ്ഥിതിയും നിലനിൽക്കില്ല. ഇവയുടെയെല്ലാം തിരിച്ചു പിടിക്കൽ അഥവാ വീണ്ടെടുപ്പ് കാലം ആവശ്യപ്പെടുന്നുണ്ട്. അല്ലാത്ത പക്ഷം ജനാധിപത്യത്തെ പുച്ഛിക്കുന്ന അരാഷ്ട്രീയ വാദികളുടെയും അരാജകവാദികളുടെയും വലിയ മേച്ചിൽപ്പുറമായി ഇന്ത്യൻ ജനാധിപത്യം രൂപാന്തരപ്പെടും.



പ്രൊഫ. പി. രഘുനാഥ്
എം.എസ്.എം കോളജ്, കായംകുളം

# ജനപക്ഷ വിദ്യാഭ്യാസ വികസനത്തിൽ **ഭരണ തുടർച്ച അനിവാര്യം**



സംസ്ഥാനത്തിന്റെ സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവും പാരിസ്ഥിതികവുമായ സുസ്ഥിര വികസനത്തിന് ആവശ്യമായ ബൗദ്ധിക അടിത്തറ സൃഷ്ടിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിനും സഹായകരമായ രീതിയിൽ ഉന്നത വിദ്യാഭ്യാസം പുനഃസംഘടിപ്പിക്കുന്നതിന് ഹ്രസ്വകാല അടിസ്ഥാനത്തിലും ദീർഘകാല അടിസ്ഥാനത്തിലും പദ്ധതികൾ ആവിഷ്കരിച്ച ഗവൺമെൻറാണ് കേരളത്തിൽ ഇന്ന് അധികാരത്തിലുള്ളത്. ഇന്ത്യയിൽ ഇന്നു നിലവിലുള്ള ജനാധിപത്യ ഫെഡറൽ സംവിധാനത്തിൽ, സംസ്ഥാനതലത്തിൽ നടപ്പാക്കാവുന്ന നയങ്ങളുടെയും പരിപാടികളുടെയും പരിമിതികൾ അതിന് ഉണ്ടായിട്ടുണ്ട്. സാമൂഹ്യരീതിയിലും ഗുണമേന്മയിലും അധിഷ്ഠിതമായ വിദ്യാഭ്യാസ വികസനം എന്ന അടിസ്ഥാനലക്ഷ്യത്തിൽ ഊന്നിനിന്നുകൊണ്ട് ഉള്ള പ്രവർത്തനമാണ് ഗവൺമെൻറ് കാഴ്ചവച്ചത്.

പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി ലോകത്തിന് തന്നെ മാതൃകയാണ്. ഡിഗ്രിതലത്തിൽ ഓരോ വർഷവും 1000 വിദ്യാർത്ഥികൾക്കും വിതവും പി.ജി തലത്തിൽ ഓരോ വർഷവും 600 വിദ്യാർത്ഥികൾക്ക് വീതവും 12000 രൂപ മുതൽ 60000 രൂപവരെ നൽകുന്നതാണ് പദ്ധതി. മെരിററും സാമ്പത്തികശേഷിയും മാനദണ്ഡമായി സ്വീകരിച്ചാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഇതുകൂടാതെ താഴ്ന്ന വരുമാനത്തിൽപ്പെട്ട 4000 കുട്ടികൾക്കായി ഓരോ വർഷവും 10,000 രൂപ വീതമുള്ള സുവർണ്ണജൂബിലി സ്കോളർഷിപ്പ് പദ്ധതി, മുസ്ലീം പെൺകുട്ടികൾക്ക് ഉന്നത പഠനത്തിനായി 5000 സ്കോളർഷിപ്പുകൾ. സാമ്പത്തികശേഷിയുടെ കുറവ് ഉന്നതവിദ്യാഭ്യാസം നിഷേധിക്കുന്നതിന് ഇടയാകരുത് എന്ന് കാഴ്ചപ്പാടാണ് ഇതിനു പിന്നിലുള്ളത്.

ഉന്നത വിദ്യാഭ്യാസരംഗത്തെ പൊതുനിക്ഷേപം കൂടുതൽ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 2005-06 ൽ 790.34ൽ കോടി രൂപ ആയിരുന്നു. 2011-11ൽ 1573 കോടി രൂപയായി വർദ്ധിപ്പിച്ചു. 2011-12 അത് 2296 കോടി രൂപയാണ്. ആലപ്പുഴയിൽ പുതിയ ആർട്സ് ആൻറ് സയൻസ് കോളജ് പ്രവർത്തനം ആരംഭിച്ചു. പിന്നോക്ക മേഖലകളിൽ 20 അപ്ലൈഡ് സയൻസ് കോളജുകൾ, 50 കോളജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാനും അനുവാദം നൽകി.

മികവിന്റെ കേന്ദ്രങ്ങളായ ഇന്ത്യൻ ഇൻസ്ററി ട്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻറ് ടെക്നോളജി (IIST) ഇന്ത്യൻ ഇൻസ്ററിററ്യൂട്ട്

ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻറ് റിസർച്ച് (IISER) അലിഗഢ് സർവകലാശാലാകേന്ദ്രം എന്നിവ പ്രവർത്തനം ആരംഭിച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ, നാഷണൽ സെൻറർ ഫോർ മോളിക്യുളർ മെററിരിയൽസ്, ലോകോത്തര കേന്ദ്രസർവകലാശാല എന്നിവ പ്രവർത്തനം ആരംഭിക്കുന്നു. ഇതുകൂടാതെ സെൻറർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് സെൻറർ ഫോർ ഡിസബിലിററി സ്റ്റഡീസ്, എഞ്ചിനീയറിംഗ് ഗവേഷണപാർക്ക്, രാജാരവിവർമ്മ സെൻറർ ഫോർ വിഷ്വൽ ആർട്സ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള, പൊന്നാനിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ സ്ററഡിസ് ആൻറ് റിസർച്ച് എന്നീ മികവിൻെറ കേന്ദ്രങ്ങളും കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ആരംഭിക്കാനായത് ശ്രദ്ധേയമാണ്.

സർവ്വകലാശാലകളുടെ അക്കാദമികശേഷി സംയോജിപ്പിച്ചുകൊണ്ട് പതിനൊന്ന് അന്തർസർവകലാശാല കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു. ഉന്നത വിദ്യാഭ്യാസ ഗുണനിലവാരവും മികവും വർദ്ധിപ്പിക്കുന്നതിനും വിഭവശേഷി പങ്കുവയ്ക്കുന്നതിനുമായി തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും ക്ലസ്ററർ കോളജുകൾ പ്രവർത്തനം ആരംഭിച്ചു. അടിസ്ഥാനവിജ്ഞാന ശാഖാ പഠനം പ്രോത്സാഹിപ്പിക്കാൻ ഇൻകൾകേററ്, അക്വയർ, നർച്ചർ, തൻമ, സ്ററിസ്, സയൻസ് എക്സ്പ്ലോറേററിയം മുതലായ പദ്ധതികൾ ആരംഭിച്ചു.

സർവകലാശാലകളിലെയും കോളജിലെയും നിയമന നിരോധനം നീക്കി കോളജുകളിൽ 1708 തസ്തികകളും സർവകലാശാലകളിൽ 317 തസ്തികകളും പുതിയതായി സൃഷ്ടിച്ചു. സർക്കാർ ആർട്സ് ആൻറ് സയൻസ് കോളജുകളിലെ 10 ശതമാനം സീററുകളും യൂണിവേഴ്സിററികളിൽ 7.5 ശതമാനം സീററുകളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്കക്കാർക്കായി സംവരണം ചെയ്തു നിയമം നിർമ്മിച്ചു. കോളജുകളിൽ ബിരുദതലത്തിൽ വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് ചോയ്സ് ബേസ്ഡ് കോഴ്സ്, ക്രെഡിററ് സെമസ്ററർ സമ്പ്രദായവും മൂല്യനിർണ്ണയത്തിന് ഗ്രേഡിംഗും ഏർപ്പെടുത്തി. നോബൽ സമ്മാനിതരടക്കുള്ള പ്രമുഖ പണ്ഡിതരെ സർവകലാശാലകളിലെ പഠനഗവേഷണ പരിപാടികളിൽ സഹകരിപ്പിക്കുന്ന എറുഡൈററ് പദ്ധതി നിലവിൽ നിന്നു. സ്വാശ്രയമേഖലയിൽ സാമൂഹ്യനീതി ഉറപ്പാക്കാനുള്ള നിയമനിർമ്മാണത്തിന് കേന്ദ്രസർക്കാർ തയ്യാറാകാത്തത് പ്രശ്ന പരിഹാരത്തിന് തടസ്സമായി നിൽക്കുന്നു. എന്നാൽ സംസ്ഥാന സർക്കാർ ചെയ്യാൻ കഴിയുന്ന നിയമനിർമ്മാണത്തിലൂടെയും സമവായ കരാർ വഴിയും മികച്ചനേട്ടം ഉണ്ടാക്കാൻ ശ്രമിച്ചു. മഹാഭൂരിപക്ഷം കോളജുകളിലുമായി സംവരണം, മെരിററ് താങ്ങാവുന്ന ഫീസ് എന്നിവ ഉറപ്പാക്കിക്കൊണ്ട് ഒരു ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് 2006 മുതൽ പ്രവേശനം നൽകാനായിട്ടുണ്ട്.

12 വർഷത്തെ സ്കൂൾ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക എന്ന ലക്ഷ്യംവച്ചുള്ള പ്രവർത്തനമാണ് ഇടതുപക്ഷ സർക്കാർ നടപ്പിലാക്കിയത്. 90 കളിൽ തന്നെ 10-ാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസം സാർവത്രികമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പല കാരണങ്ങളാൽ പ്രതിസന്ധി നേരിട്ടുകൊണ്ടിരുന്ന പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ജനപ്രതിനിധികളും അധ്യാപകരും രക്ഷിതാക്കളും വിദ്യാഭ്യാസ തൽപരരായ വ്യക്തികളുമൊക്കെ ചേർന്നുള്ള കൂട്ടായ്മ വളർത്താൻ കഴിഞ്ഞു. എസ്.എസ്.എൽ.സി റിസൾട്ട് 2005 ൽ 58.49% ആയിരുന്നത് കഴിഞ്ഞ മൂന്നുവർഷമായി 90 ശതമാനത്തിലധികമായി തുടർച്ചയായി നിലനിൽക്കുന്നു. മുൻ സർക്കാർ കൊണ്ടുവന്ന അധ്യാപക നിയമ നിരോധനം പിൻവലിച്ചത് 6000 ൽ അധികം അധ്യാപകർക്ക് പ്രയോജനമായി. ഹയർസെക്കൻററി മേഖലയിൽ 3000 ൽ അധികം അധ്യാപക തസ്തികകൾ സൃഷ്ടിച്ചു.

ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ മികച്ച പ്രവർത്തനത്തിനുള്ള സി.എൻ.എൻ, ഐ.ബി.എൻ.ടി.വി ചാനൽ ഏർപ്പെടുത്തിയ ദേശീയ പുരസ്കാരം സംസ്ഥാന സർക്കാരിന് ലഭിച്ചതിനു പുറമേ ഹയർസെക്കൻററി പ്രവേശനത്തിന് നടപ്പിലാക്കിയ ഏകജാലകത്തിൻേറയും മററ് ഇ-ഗവേണൻസ് സംരംഭങ്ങളുടെയും മികവിന് കേന്ദ്രസർക്കാർ പുരസ്കാരവും സംസ്ഥാന വിദ്യാഭ്യാസവകുപ്പിന് ലഭിക്കുകയുണ്ടായി. ദേശീയതലത്തിൽ അംഗീകാരം നേടിയ ഇത്തരം പരിഷ്കാരങ്ങളെപോലും ഇല്ലാതാക്കാൻ സംസ്ഥാനത്തെ വാണിജ്യ താൽപര്യക്കാരായ വിദ്യാഭ്യാസമേലാളന്മാർ സുപ്രീം കോടതിയെ വരെ സമീപിച്ചത് മറക്കാൻ കഴിയുന്നതല്ല.

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കേന്ദ്രഭരണകൂടത്തിൻെറ വിദ്യാഭ്യാസം സംബന്ധിച്ച പരിപ്രേക്ഷ്യം പാടെ മാറിയിട്ടുണ്ട്. അനിയന്ത്രിതമായ ആഗോളവൽക്കരണവും ഉദാരവൽക്കരണവും സ്വകാര്യവൽക്കരണവും നടപ്പാക്കുന്ന സമീപനം വ്യാപകമായിരിക്കുന്നു. വിദ്യാഭ്യാസരംഗത്ത് സാമൂഹ്യനീതിയും ഗുണമേന്മയും പരിമിതപ്പെടുത്തുന്ന പരിഷ്കാരങ്ങൾ സംസ്ഥാനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്നു. കേന്ദ്രം ഏകപക്ഷീയമായി പരിഷ്കാരങ്ങൾ നടപ്പാക്കുന്ന രീതി നിലവിലുള്ള ഫെഡറൽ സംവിധാനത്തിന് കനത്ത ആഘാതം ഏൽപ്പിക്കുന്നുണ്ട്. മത-സാമുദായിക താൽപര്യങ്ങളും വിദ്യാഭ്യാസരംഗത്തെ വാണിജ്യ താൽപര്യങ്ങളും കൈകോർത്തുകൊണ്ട്, സാമൂഹ്യനീതിക്ക് വേണ്ടിയുള്ള ശ്രമങ്ങൾക്കെതിരെ കടുത്ത പ്രതിരോധമാണ് സൃഷ്ടിക്കുന്നത്. ഗാട്ട് കരാറിൻെറ ഭാഗമായി വിദേശ സർവകലാശാലകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അനുവാദം നൽകുക എന്നതും കേന്ദ്രനയത്തിൻെറ ഭാഗമാണ്. കേരളീയ സമൂഹത്തിൽ പ്രത്യേകിച്ച് മദ്ധ്യവർഗ്ഗത്തിൻെറ ഇടയിൽ വിദ്യാഭ്യാസത്തെക്കുറിച്ച് ഉയർന്നുവരുന്ന പുതിയ ധാരണകളും ആഗ്രഹങ്ങളും വെല്ലുവിളികൾ ഉയർത്തുകയാണ്. അതോടൊപ്പം സാമൂഹിക നിയന്ത്രണങ്ങൾക്ക് വേണ്ടിയുള്ള ശ്രമങ്ങളോട് നീതിന്യായ വ്യവസ്ഥ എടുക്കുന്ന സമീപനങ്ങളും ജനങ്ങൾ മൊത്തത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്നു. പാവപ്പെട്ടവർക്കാണ് അതിൻെറ ആഘാതം കൂടുതലായി നേരിടേണ്ടിവരുന്നത്.

ഈയൊരു പശ്ചാത്തലത്തിൽ പുതിയ വെല്ലുവിളികൾ നേരിടുന്നതിനും പുതിയ ആവശ്യങ്ങൾ നേടുന്നതിനും തുടങ്ങിവച്ച ജനപക്ഷ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ഒരു ഭരണതുടർച്ച അനിവാര്യമാണ്.



**ഡോ.ലേഖാനരേന്ദ്രൻ**
*സെൻറ് സേവിയേഴ്സ് കോളജ്, തുമ്പ*
*എ.കെ.പി.സി.ടി.എ വനിതാ സബ്കമ്മിററി കൺവീനർ*

# മനഃസാക്ഷി മരവിച്ചവർ

സാർവ്വദേശീയ വനിതാദിനത്തിൻെറ 100-ാം വാർഷിക സമാപനമാണ് 2011 മാർച്ച് 8. സൗമ്യ എന്ന പെൺകുട്ടിയുടെ അതിദാരുണമായ അരുംകൊലയുടെ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ സാർവ്വദേശീയ വനിതാദിനം കടന്നുവന്നിരിക്കുന്നത്. മനുഷ്യ മനഃസാക്ഷിക്കേററ ഏററവും കനത്ത ആഘാതമാണത്. കഴിഞ്ഞ കുറേ ദിവസങ്ങളിൽ ചാനലുകൾ വിരുന്നൊരുക്കിയ സൗമ്യയുടെ മുറിവേററ മുഖം അത്രപെട്ടെന്നൊന്നും നമുക്ക് മറക്കാനാകുകയില്ല. ആ സംഭവം നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു

ഇന്നു ഞാൻ നാളെ നീ....

ഇത് ഒരു സൗമ്യയുടെ മാത്രം ദുരന്തമല്ല. നടന്നു കഴിഞ്ഞതും നടന്നുകൊണ്ടിരിക്കുന്നതും നടക്കാനിരിക്കുന്നതുമായ സംഭവപരമ്പരകളുടെ ഒരു കണ്ണിമാത്രമാണ് സൗമ്യ. നമ്മുടെ നാട്ടിലെ ഓരോ കുടുംബത്തിൻേറയും പ്രശ്നമാണത്. എല്ലാ രക്ഷിതാക്കളുടെയും ദുഃഖമാണ്. സഹോദരിമാരുള്ള സഹോദരന്മാരുടെ ദുഃഖമാണ്. യാത്രക്കാരുടെ ദുഃഖമാണ്. പണിയെടുത്ത് കുടുംബം പോററുന്ന സ്ത്രീകളുടെ ദുഃഖമാണ്. പെൺകുട്ടികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളുടെ പ്രശ്നമാണ്. ചുരുക്കത്തിൽ ഇതൊരു രാജ്യത്തിൻെറ സാമൂഹിക സാംസ്കാരിക പ്രശ്നമാണ്. മരിച്ച പെൺകുട്ടിയ്ക്ക് 3.50 ലക്ഷം രൂപ വിലയിട്ട് തീർക്കാവുന്നതുമല്ല.

ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന വ്യക്തി സ്വാതന്ത്ര്യത്തിൽ സ്ത്രീയുടെ സഞ്ചാരസ്വാതന്ത്ര്യവും ജോലിസ്ഥലത്തുള്ള സുരക്ഷയുമൊക്കെ ഉൾപ്പെടുന്നു എന്നുള്ളത് പലപ്പോഴും അധികാരികൾ സൗകര്യപൂർവ്വം മറക്കുന്നു. വീടിനകത്തും പുറത്തും യാത്രയിലും തൊഴിലിടങ്ങളിലുമെല്ലാം സ്ത്രീയെ അപമാനിക്കുകയെന്നത് ക്രൂരമായ വിനോദമായി പലരും കൊണ്ടാടുകയാണ്. സ്ത്രീയുടെ സഞ്ചാരസ്വാതന്ത്ര്യം ആരുടേയും ഔദാര്യമല്ല, അവളുടെ അവകാശമാണ്. ഈ അവകാശങ്ങൾ നടപ്പിലാക്കാൻ ഉത്തരവാദിത്തമുള്ളവർതന്നെ അവൾ സഞ്ചരിക്കുന്നത് ഏററവും വലിയ പാപമെന്ന നിലയിൽ വിശദീകരണം നൽകുന്നു. വർഷങ്ങൾക്ക് മുൻപ് കേരളത്തിലെ ഒരു കോളജധ്യാപികയുടെ (കന്യാസ്ത്രീ) നേർക്കു നടന്ന ആക്രമണത്തിൽ റെയിൽവേ സുപ്രീംകോടതി സത്യവാങ്മൂലം നൽകിയത് 2011 ലാണ്. റെയിൽവേയുടെ നിരുത്തരവാദിത്തവും ധാർഷ്ട്യവുമാണ് ആ മൊഴിയിൽ മുഴങ്ങിക്കേട്ടത്. പണം കൊടുത്ത് യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷയിൽ റെയിൽവേയ്ക്ക് യാതൊരു ഉത്തരവാദിത്തവും ഇല്ലായെന്നുമാത്രമല്ല, സ്ത്രീകൾ രാത്രികാലങ്ങളിൽ സഞ്ചരിക്കുന്നതെന്തിന് എന്ന വ്യംഗ്യാർത്ഥ സൂചകമായ ഒരുമറുചോദ്യവും അതിൽ അടങ്ങിയിരുന്നു. ആളൊഴിഞ്ഞ ലേഡീസ് കമ്പാർട്ടുമെൻറിൽ നിന്ന് സ്ത്രീകൾ പുരുഷന്മാർ ഇരിക്കുന്ന ജനറൽ കമ്പാർട്ടുമെൻറിലേക്ക് അഭയം തേടിക്കൊള്ളണമെന്നുള്ള താക്കീത് ഈ വർഷത്തെ ഏററവും വലിയ കോമഡി തന്നെയാണ്. മഹാഭാരതത്തിൽ ഇന്ദ്രപ്രസ്ഥത്തിൽ വച്ച് മഹാരഥന്മാരോട് പാഞ്ചാലി ചോദിച്ച ചോദ്യവും *ബലവാൻെറ ധർമ്മമാണ് ധർമ്മം* എന്ന ഭീഷ്മരുടെ മറുപടി




യും, *സന്ധ്യമയങ്ങിയാൽ അവളെന്തിന് സഞ്ചരിക്കുന്നു?* എന്ന് ഇന്നും സമൂഹം ചോദിക്കുന്ന ചോദ്യവുമെല്ലാം റെയിൽവേയുടെ മൊഴിയുമായി കൂട്ടിച്ചേർത്തു വായിക്കേണ്ടതാണ്.

ഒരു പക്ഷേ,ഒഴിവാക്കാനാകുമായിരുന്ന ആ ദുരന്തം അതിനായി ഒരു ചെറുവിരൽ പോലുമനക്കാനാകാതെ മനസാക്ഷി മരവിച്ചവരായോ മലയാളികൾ? സമയോചിതമായി ഉണർന്നു പ്രവർത്തിക്കാനുള്ള കഴിവ് കൂടി പണയം വച്ച മലയാളികൾ തീർച്ചയായും ലജ്ജിക്കണം. കേരളം ഇന്ന് *ഇരകളുടെ നാടാണ്* വേട്ടനായ്ക്കൾ അവരുടെ കൂർത്തപല്ലുകളുമായി സ്വൈരവിഹാരം ചെയ്യുമ്പോൾ നാം നിർവികാരതയോടെ ചാനലുകൾ പൈങ്കിളിവൽക്കരിക്കപ്പെട്ട വാർത്തകളിൽ അഭിരമിച്ച്, വൈലോപ്പിള്ളിയുടെ *ചുമ്മാതീരത്ത് ചൂണ്ടയിട്ടിരിക്കുന്ന പയ്യനെപ്പോലെ* കഴിയുന്നു.

സമൂഹത്തിൽ ഉണ്ടാകുന്ന ഇത്തരം ക്രൂരതകളുടെ പിന്നിലെ ശക്തികൾ ആരൊക്കെയാണ്? എന്തുകൊണ്ട് നമ്മുടെ പെൺകുട്ടികൾ ഇത്തരത്തിൽ ഒററയായും കൂട്ടായും ആക്രമിക്കപ്പെടുന്നു?ആരാണ് ഇതിനുത്തരവാദികൾ? പെൺകുട്ടികളുടെ ആത്മവിശ്വാസമില്ലായ്മയോ? സമൂഹത്തിലെ ചതിക്കുഴികൾ തിരിച്ചറിയാനാകാത്ത വിധത്തിൽ നാം വളർത്തിവിടുന്ന പെൺകുട്ടികളോ? ഉപഭോഗസംസ്കാരത്തിൻെറ മാസ്മരികതിയിൽ മയങ്ങിപ്പോയ നമ്മുടെ ജീവിതാസക്തിയോ? സ്വാർത്ഥതയുടെ കുടാരംതീർത്ത വൻമതിലുകളോ? ഭരണകൂടത്തിറെ റയും നിയമപാലകരുടേയും, ഉദ്യോഗസ്ഥന്മാരുടെയും അലംഭാവമോ? നിയമനത്തിൻെറ പഴുതുകൾ ഉപയോഗിച്ച് കുററവാളികളെ രക്ഷപ്പെടാൻ അനുഭവിക്കുന്നവരുടെ വൈദഗ്ധ്യമോ? ഒരു പക്ഷേ, ഇവരിലാരെങ്കിലുമാകാം. അല്ലെങ്കിൽ, ഇവരെല്ലാവരുമാകാം.

ഇന്ന് സമൂഹത്തിൽ പലരീതിയിലാണ് പെൺകുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾ നടക്കുന്നത്. ഗോവിന്ദചാമിയെപ്പോലുള്ള ക്രിമിനലുകളുടെ കൈയിൽപ്പെട്ടിട്ടാകാം, പ്രണയം നടിച്ചെത്തുന്ന കാമുകന്മാരുടെ കൈയിൽപ്പെട്ടിട്ടാകാം, വമ്പൻ സ്രാവുകളുടെ റാക്കററുകളിൽ പെട്ടിട്ടാകാം. നമ്മുടെ നാട്ടിൽ നാട്ടിൽ ജനിച്ച് ജീവിച്ചു വളരുന്ന പെൺകുട്ടികൾക്ക് സുരക്ഷിതമായി ജീവിക്കാനുള്ള അവരുടെ അവകാശത്തെ ഹനിച്ചു കൊണ്ടിരിക്കുന്ന വേട്ടനായ്ക്കളുടെ കൈയിൽ നിന്ന് നമുക്ക് നമ്മുടെ കുഞ്ഞുങ്ങളെ രക്ഷിക്കേണ്ടിയിരിക്കുന്നു. കുററവാളികൾ രക്ഷപ്പെടാനുള്ള പഴുതുകളെല്ലാം അടയ്ക്കാനും അവർക്ക് ഒത്താശ പാടുന്ന ഉദ്യോഗസ്ഥരെ പുറത്താക്കാനുള്ള ധൈര്യം ഭരണകർത്താക്കൾക്ക് ഉണ്ടായേ പററൂ. ഇത് ഒരു സാമൂഹിക പ്രശ്നമാണെന്ന് തിരിച്ചറിയുകയും പെൺകുട്ടികൾക്ക് ആത്മധൈര്യം പകർന്നു കൊടുക്കുകയും ചെയ്യേണ്ട ബാധ്യത സമൂഹത്തിനുണ്ട്. അധ്യാപകസംഘടനകൾ ഉൾപ്പെടെയുള്ള സംഘടനകളും സാംസ്കാരിക സംഘങ്ങളും ഈ യത്നത്തിൽ കൂട്ടായി പ്രവർത്തിക്കേണ്ടതാണ്. സൗമ്യയുടെ ദുരന്തം പെൺകുട്ടികളെ കൂടുതൽ കൂടുതൽ അടുക്കളയ്ക്കകത്തേക്ക് വലിക്കുകയല്ല വേണ്ടത്. ഈ സംഭവത്തിൽ നിന്ന് ആത്മധൈര്യമാർജ്ജിച്ച് സംഘടിതമായി ഇത്തരം സാമൂഹിക തിന്മകൾക്കെതിരായി ഉണർന്നു പ്രവർത്തിക്കണം. *കുഴിവെട്ടിമൂടുക വേദനകൾ കുതികൊൾക ശക്തിയിലേക്കു നമ്മൾ.*







**എം.എസ്.വസന്തകുമാർ**
*എസ്.എൻ.കോളജ്, കൊല്ലം*

# ബ്രൂണോ ശാസ്ത്രവിജ്ഞാനത്തിൻെറ ആദ്യരക്തസാക്ഷി

ഫെബ്രുവരി 16 ഒരു കറുത്ത ദിനമാണ്. വർഷം 1600 മുതൽ ആണ് അങ്ങനെ. ശാസ്ത്രവിജ്ഞാനത്തിൻെറ ആദ്യത്തെ രക്തസാക്ഷിത്വം അന്നാണ് സംഭവിച്ചത്. വിശുദ്ധഡൊമിനിക്കിൻെറ അനുയായിയും തത്വചിന്തകനുമായിരുന്ന ഗയോർഡാനൊ ബ്രൂണോ എന്ന ഇററലിക്കാരൻ, റോമാപ്പള്ളിയുടെ മതവിചാരണയ്ക്ക് ശേഷം റോമിലെ ചന്തസ്ഥലത്ത് വച്ച് അന്ന് ചുട്ടുകൊല്ലപ്പെട്ടു. സ്വതന്ത്രചിന്ത, ആധുനികശാസ്ത്രാഭിമുഖ്യം എന്നിവയുടെ അഗ്നിസ്ഫുലിംഗാത്മകമായ സാന്നിദ്ധ്യമായിരുന്നു ബ്രൂണോ. നാനൂറ് വർഷം മുമ്പ് ബ്രൂണോയുടെ നിലപാട് മതനിന്ദയും ദൈവഭൂഷണവുമായി മതമേലദ്ധ്യക്ഷന്മാർക്ക് അനുഭവപ്പെട്ടു. അങ്ങനെ അത് ഏററവും ക്രൂരവും നിന്ദ്യവുമായ ശിക്ഷാദാനത്തിലേക്ക് എത്തിച്ചേർന്നു. ഇവനെ ചുട്ടുകൊല്ലുക എന്ന മതവിധിക്ക് നേരെ അക്ഷോഭ്യധീരനായി ബ്രൂണോ പറഞ്ഞു, *ചുട്ടുകൊല്ലുക എന്നത് ഭീതിയോടെയാണ് ഒരു മനുഷ്യൻ എന്ന നിലയിൽ ഞാൻ കേൾക്കുന്നത്. എന്നാൽ അതിലേറെ ഭീതിയോടെയാണ് നിങ്ങൾ അത് പ്രഖ്യാപിക്കുന്നത്! നിങ്ങൾക്ക് ഹാ കഷ്ടം!*



### ആദ്യനാളുകൾ

1548 ൽ ഇററലിയിലെ നോള എന്ന സ്ഥലത്ത് ബ്രൂണോ ജനിച്ചത്. അച്ഛൻ, ഗയോവാനി ബ്രൂണോ പട്ടാളക്കാരനായിരുന്നു. ഫിലിപ്പോ ബ്രൂണോ എന്നായിരുന്നു നമ്മുടെ ബ്രൂണോയുടെ പേര്, പിന്നീട് തന്നെ മെററാഫിസിക്സ് പഠിപ്പിച്ച ഗുരുവിൻെറ പേര് സ്വീകരിച്ചാണ് ഗയോർഡാ ബ്രൂണോ എന്ന് മാററിയത്.

ചെറുപ്പത്തിൽ അലഞ്ഞു തിരിഞ്ഞ് സഞ്ചരിക്കുന്നത് ബ്രൂണോയ്ക്ക് ഇഷ്ടമായിരുന്നു. നോളയിൽ നിന്ന് സനോണ, വെനീസ് എന്നീ സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തു. സ്വതന്ത്രചിന്ത കൊണ്ട് പലരുടെയും കണ്ണിലെ കരടായി മാറി. നിരോധിക്കപ്പെട്ട പുസ്തകങ്ങളോട് ബ്രൂണോ പ്രതിപത്തികാട്ടി. അങ്ങനെ അദ്ദേഹം നോട്ടപ്പുള്ളിയുമായിത്തീർന്നു. സ്വതന്ത്രചിന്തയുടെ ബഹുസ്ഫുരണമായിരുന്നു അദ്ദേഹം പുരോഹിതവേഷം ഉപേക്ഷിച്ച നടപടി. 1579 ൽ അദ്ദേഹം ജനീവയിൽ എത്തിച്ചേർന്നപ്പോൾ ആയിരുന്നു അത്. അടുത്ത വർഷം ഫ്രാൻസിൽ എത്തി തിയോളജിക്കൽ ഡോക്ടറേററ് നേടി. ഫ്രാൻസിലെ രാജാവ് ഹെൻറി മൂന്നാമൻ ബ്രൂണോയുടെ കഴിവുകളെ മുൻനിർത്തി ആദരിച്ചു.

പാരീസിൽ വച്ച് അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിൽ ചിലത് പ്രസിദ്ധീകരിച്ചു. 1583 ൽ അദ്ദേഹം ഇംഗ്ലണ്ടിലെത്തി. പാരീസിൽ പ്രസിദ്ധം ചെയ്ത ഗ്രന്ഥങ്ങളാണ് ആശയങ്ങളുടെ നിഴൽ (Shadows of Ideas) സ്മൃതിയുടെ കല (The art of memory) തുടങ്ങിയവ ഇംഗ്ലണ്ടിൽ വെളിച്ചം കണ്ടത് *ഇററാലിയൻ ഡയലോഗ്സ്* ആണ്. സ്വതന്ത്രചിന്താ വെളിപാടുകൾ ഉറക്കെ വിളിച്ചു പറയാൻ ബ്രൂണോ ഒട്ടും തന്നെ ഭയപ്പെട്ടിരുന്നില്ല. പതിനേഴാം നൂററാണ്ടിൻെറ ആദ്യദശകങ്ങളിൽ അത്ഭുതകരമായ ആർജ്ജവമാർന്ന ആ




ശയങ്ങൾ എതിർപ്പുകൾ ക്ഷണിച്ചു വരുത്തി. അതിൻെറ പേരിൽ അദ്ദേഹത്തെ ജനക്കൂട്ടം വളയുകയും ഉപദ്രവിക്കുകയും ചെയ്ത സംഭവങ്ങളുണ്ട്. അരിസ്റ്ററോട്ടിലിന് എതിരായ നൂററിഇരുപത് പ്രബന്ധങ്ങളെങ്കിലും അദ്ദേഹം പ്രസിദ്ധപ്പെടുത്തി.

## പ്രപഞ്ചം അനന്തമാണ്


ഭൂമി പരന്നതാണെന്ന് പഴയ ധാരണയത്രെ വേദപുസ്തകത്തിൽ ഉണ്ടായിരുന്നത്. ഭൂമിയെ ചുററി സൂര്യൻ കറങ്ങുന്നുവെന്ന (geocentric theory) ബൈബിൾ വിജ്ഞാനം കാലഹരണപ്പെടുന്ന കാലം. അരിസ്ററോട്ടിലും ടോളമിയും ജിയോ സെൻട്രിക് ആശയഗതിക്കാരായിരുന്നു. അപരിമിതമായ പ്രപഞ്ചത്തെ പരിമിതമായ ഭൗമപ്രതലത്തിൽ നിന്ന് നിരീക്ഷിച്ചതിൻെറ ഫലമായിരുന്നു ഈ ധാരണകൾ. ടോളമി 1022 നക്ഷത്രങ്ങളെ നിരീക്ഷിച്ച് അവയെ 48 നക്ഷത്രവ്യൂഹങ്ങളായി (Constellation) വിഭജിച്ചു. അന്നത്തെ പരിമിതിയിൽ ഈ വിധ അർപ്പിത ശ്രമങ്ങളും യുക്തികളും ടോളമിയിൽ നിന്ന് ഉണ്ടായി. അക്കാലത്ത് നിക്കോളസ് കുസാനസ് എന്ന ജർമ്മൻ ചിന്തകൻെറ നവപ്ളേറോണിസം അഥവാ പ്ളേറേറായുടെ ചിന്തകൾക്ക് പകർന്ന നവവ്യാഖ്യാനം പിൽക്കാല ചിന്തകരെ സ്വാധീനിച്ചു. ഈ കാലത്ത് തന്നെയായിരുന്നു നിക്കോളാസ് കോപ്പർനിക്കസ് തൻെറ ഹീലിയോ സെൻട്രിക് തിയറി (Heleocentric theory) അഥവാ സൂര്യനെ ചുററി ഭൂമിയും മററ് ഗ്രഹങ്ങളും കറങ്ങുന്നു എന്ന സിദ്ധാന്തം, മുന്നോട്ട് വച്ചത്. ഈ രണ്ട് ചിന്താധാരകളും ബ്രൂണോയെ സ്വാധീനം ചെയ്തു. ഒരു പുരോഹിതനായിരുന്നെങ്കിലും (friar) ഒരു വിപ്ലവകാരിയുടെ വീറും ആവേശവും ബ്രൂണോ പ്രകടമാക്കി. കൃത്യമായും ദൈവനിന്ദകൻ എന്ന ആക്ഷേപം പിടിച്ചുപററാൻ ബ്രൂണോയ്ക്ക് കാത്തിരിക്കേണ്ടിവന്നില്ല.

അറബ് ജ്യോതിഷവും (Arab astrology) ബ്രൂണോയെ സ്വാധീനിച്ചിരുന്നു. ബ്രൂണോയുടെ സ്വതന്ത്രചിന്തയുടെ മൂശയിൽ രൂപം പ്രാപിച്ചതാണ്. *പ്രപഞ്ചം അനന്തമാണ്* എന്നത് പ്രപഞ്ചത്തിൽ കാണപ്പെടുന്ന അസംഖ്യം നക്ഷത്രങ്ങളിൽ ഒന്നാണ്. സൂര്യൻ എന്നും അതിനെ ചുററിയാണ് ഭൂമിയും ഇതര ഗ്രഹങ്ങളും പ്രദക്ഷിണം ചെയ്യുന്നത് എന്നും കോപ്പർ നിക്കസിനെ സാധൂകരിച്ച് ബ്രൂണോ എഴുതി.

അനന്തമായ പ്രപഞ്ചം ഏകജാതീയമാണ് (homo-genous) എന്ന് ബ്രൂണോ പറഞ്ഞു. ഭൂമിയും മററ് ഗ്രഹങ്ങളും സൂര്യകേന്ദ്രീകൃതമായി നിലനിൽക്കുന്നത് പോലെ ഇതര നക്ഷത്രങ്ങൾക്കും സമാനഗ്രഹങ്ങളുണ്ട്; സൂര്യകേന്ദ്രീകൃതമായ സൗരയൂഥം പോലെ അസംഖ്യം നക്ഷത്രയൂഥങ്ങൾ ഉണ്ടാവാം, ബ്രൂണോ വിശ്വസിച്ചു. നക്ഷത്രയൂഥങ്ങളുടെ എണ്ണം അനന്തമത്രെ പ്രപഞ്ചം അനന്തമാണ് (infinite) എന്നതിനാൽ പ്രപഞ്ചം തന്നെയാണ് ദൈവം എന്നും ബ്രൂണോ വിശ്വസിച്ചു. ഇത് കത്തോലിക്കാസഭയുടെ അസഹിഷ്ണുതയാർന്ന അപ്രീതി നേടാൻ അധികമായിരുന്നു. അനന്തമായ പ്രപഞ്ചം അതീവശുദ്ധവായു അഥവാ ഏഥർ (Aether) കൊണ്ട് നിറഞ്ഞിരിക്കുന്നു എന്ന് അതിൻെറ ഏകജാതീയതിൽ ഊന്നിക്കൊണ്ട് ബ്രൂണോ വ്യാഖ്യാനിച്ചു. നാൽപതോളം വരുന്ന ബ്രൂണോയുടെ പ്രസിദ്ധീകൃത കൃതികളിൽ അദ്ദേഹത്തിൻെറ സത്യവെളിപാടുകൾ സമാഹരിച്ചിരിക്കുന്നു.


## കുററപത്രം

സഭയുടെ വിശ്വാസപ്രമാണങ്ങളെ നിന്ദിക്കുന്നതായിത്തീർന്നു ബ്രൂണോയുടെ ചിന്തകൾ. അദ്ദേഹത്തിനെതിരെ റോമൻ കർദ്ദിനാൾ സഭ നീണ്ട കുററപത്രവുമായി രംഗത്തുവന്നു. ബൈബിളിൻെറ ഉള്ളടക്കം പലതുകൊണ്ടും ദുർബലമായിക്കഴിഞ്ഞിരുന്നു. ഭൂമി പരന്നതാണെന്നും സൂര്യൻ ഭൂമിയെ ചുററുന്നു എ



ന്നുമുള്ള വേദപുസ്തക വിഘാനങ്ങൾ അവസാന ശ്വാസം വലിക്കുന്ന കെട്ടകാലമായിരുന്നു അത്. അവർക്ക് പിടിച്ചു നിൽക്കാൻ ബ്രൂണോയെ തകർക്കുക അല്ലാതെ മററുമാർഗ്ഗമില്ലായിരുന്നു.

ബ്രൂണോ കത്തോലിക്ക സഭയുടെ വിശ്വാസങ്ങളെ തള്ളിപ്പറഞ്ഞു; പിതാവ്, പുത്രൻ പരിശുദ്ധാത്മാവ് എന്നീ ത്രിമൂർത്തികളെ (Trinity) നിഷേധിച്ചു; ക്രിസ്തുവിൻെറ ദൈവികത ചോദ്യം ചെയ്തു; പ്രപഞ്ചസങ്കൽപം തെററായി തിരുത്തി; മെററാഫിസിക്സിൽ (അതിഭൗതികശാസ്ത്രം) വിശ്വാസം പ്രകടിപ്പിച്ചു; വിശുദ്ധമേരിയുടെ കന്യകാത്വം ചോദ്യം ചെയ്തു. ഇങ്ങനെ നീളുന്നു ബ്രൂണോയ്ക്ക് എതിരായ കുററപത്രം.



## വിചാരണ

ഈ ആരോപണങ്ങൾ ഉന്നയിച്ചിട്ട് റോമൻ വിചാരണക്കോടതി ബ്രൂണോയോട് മാപ്പ് പറയാനും പറഞ്ഞതൊക്കെ പിൻവലിക്കാനും ആവശ്യപ്പെട്ടു. അല്ലാത്ത പക്ഷം ചുട്ടുകൊല്ലുമെന്നും പറഞ്ഞു. ബ്രൂണോ കുലുങ്ങിയില്ല. ദൈവനിന്ദയ്ക്കും മതഭൂഷണത്തിനും നൽകാവുന്ന ശിക്ഷ അതാണ് എന്ന് കർദ്ദിനാൾ ബെല്ലാർമയ്ൻ പറഞ്ഞു. ബെല്ലാർമൈൻ പിൽക്കാലത്ത് ഗലീലിയോയെ വിചാരണചെയ്ത മുഖ്യകർദ്ദിനാൾ ആയിരുന്നു. ബ്രൂണോയെ വിചാരണ ചെയ്ത റോമൻ ഇൻക്വിസിഷനിൽ ബെല്ലാർമൈന് പുറമെ മദ്രൂച്ചി, പിൽക്കാലത്ത് പോപ്പ് പോൾ അഞ്ചാമനായിത്തീർന്ന ആൾ, പിനെല്ലി, ആറിഗോണി, ഫോൺട്രാട്ടി, മാനുവൽ, സാൻേറാറിയോ എന്നീ കർദിനാൾമാരും ഉണ്ടായിരുന്നു. ബ്രൂണോ തീർത്തു പറഞ്ഞു *നിങ്ങൾ എൻെറ ആശയങ്ങളെ ഭയക്കുന്നു. പക്ഷെ നിങ്ങളുടെ ഭയത്തോളം വരുന്നില്ല എന്നെ ചുട്ടുകൊല്ലുമെന്ന എൻെറ ഭീതി*

## ശിക്ഷ

റോമൻ ഇൻക്വിസിഷനുമായി സന്ധി ചെയ്തു പറഞ്ഞ് പിൻവലിച്ചാൽ താൻ വിശ്വസിച്ച സത്യങ്ങളോട് നീതി പുലർത്താൻ തനിക്ക് ഒരിക്കലും സാദ്ധ്യമാവില്ല എന്ന് ബ്രൂണോ ദൃഢമായിത്തന്നെ വിശ്വസിച്ചു. ശിക്ഷയുടെ കാഠിന്യത്തെക്കുറിച്ചുള്ള അറിവ് അദ്ദേഹത്തെ അതിൽ നിന്ന് പിന്തിരിപ്പിച്ചില്ല.

ബ്രൂണോയെ നഗ്നനാക്കി ചാട്ടവാറ് കൊണ്ട് അടിച്ച് തെരുവിലൂടെ ഓടിച്ച് റോമിലെ മാർക്കററ് സ്ക്വയറിൽ (Square of flowers ൽ) കൊണ്ടുവന്നു. ബ്രൂണോയുടെ സത്യം ജ്വലിക്കുന്ന നാവിനെ ക്രൂരന്മാരായ ശിക്ഷകർക്ക് പേടിയായിരുന്നതിനാൽ, അദ്ദേഹത്തിൻെറ കീഴ്ത്താടിയെല്ല് ചലിക്കാത്ത വിധത്തിൽ ഇരുമ്പ് കമ്പി കൊണ്ട് കെട്ടിയിരുന്നു. നാവിലും അണ്ണാക്കിലും ഇരുമ്പാണി കുത്തി കയററിയിരുന്നു. കാരണം, ശിക്ഷ നടക്കുമ്പോഴും ഉച്ചൈസ്തരം അദ്ദേഹം ധീരമായി സംസാരിക്കുമെന്ന് അവർക്ക് അറിയാമായിരുന്നു. അനന്തരം ജനസമക്ഷം അദ്ദേഹത്തെക്കുറിച്ച് കെട്ടിയിട്ട് തീയിട്ട് ചുട്ടുകൊന്നു. ചിതാഭസ്മം ടൈബർ നദിയിൽ വിതറി.

## ബ്രൂണോയ്ക്ക് ശേഷം

1600 ഫെബ്രുവരി 16ന് വധിച്ച ബ്രൂണോയെ അനന്തര തലമുറ മറന്നില്ല. പത്തൊമ്പതാം-ഇരുപതാം നൂററാണ്ടുകൾ ബ്രൂണോയെ വന്ദിച്ചു. 1889 ൽ യുക്തിചിന്തകരായ മതപ്രവർത്തകർ ബ്രൂണോയുടെ പ്രതിമ, Square of flowers ൽ തന്നെ സ്ഥാപിച്ചു. പത്തൊമ്പതാം നൂററാണ്ടിലെ വിക്ടർയൂഗോ, ഹെൻറിക് ഇബ്സൻ തുടങ്ങിയ മനീഷികൾ ബ്രൂണോയോ വാഴ്ത്തി, 2008 മാർച്ച് 2ന് ബർലിനിൽ ബ്രൂണോയെ ആദരിച്ചത് ബ്രൂണോയെ വധിക്കുന്ന രംഗം പ്രതിമാ ചിത്രമായി നിർമ്മിച്ചുകൊണ്ടായിരുന്നു.

ഇതര നക്ഷത്രയൂഥങ്ങളിൽ ഗ്രഹങ്ങളുണ്ട് എന്ന ബ്രൂണോയുടെ വെളിപാട് ശരിയായി അടിവര ഇടുന്നതാണ് കെപ്ളർ 10 ബി എന്ന ഭൂമി സമാനഗ്രഹത്തിൻെറ കണ്ടെത്തൽ. ഭൗമാന്തരീക്ഷം വാനനിരീക്ഷണത്തിന് നന്നല്ലാത്തതുകൊണ്ട് ഗ്രഹവേട്ടയ്ക്ക് (Planet hunting) ബഹിരാകാശത്ത് സ്ഥാപിച്ചിട്ടുള്ള സ്പേസ് ടെലസ്കോപ്പുകളാണ് ഇത്തരം കണ്ടെത്തലുകൾ നടത്തുന്നത്. നാസയുടെ കെപ്ളർ എന്ന സ്പേസ് ടെലസ്കോപ്പ് ആണ് ഭൂമിയെപ്പോലെ ഉറപ്പുള്ള ഒരു ഗ്രഹത്തെ മറെറാരു നക്ഷത്രയൂഥത്തിൽ കണ്ടെത്തിയത് കെപ്ളർ എന്ന ടെലസ്കോപ്പ് കണ്ടെത്തുന്ന പത്താമത്തെ ഗ്രഹമായത് കൊണ്ടാണ് കെപ്ളർ 10 ബി എന്ന് അതിന് പേര് ലഭിച്ചിരിക്കുന്നത്. ബ്രൂണോയുടെ നാനൂറുവർഷം പഴക്കമുള്ള വെളിപാടിൻെറ സ്ഥിരീകരണമാണ് ഇത്. റോമാപ്പള്ളിയിലെ കർദിനാൾ ആഞ്ചലൊ സൊഡാനൊ ബ്രൂണോ വധം ഖേദകരമായിപ്പോയി എന്ന് 400 വർഷത്തിന് ശേഷം പശ്ചാത്താപ വിവശനായി പറഞ്ഞെങ്കിലും, തൻെറ പൂർവ്വികരെ അവരുടെ ചുററുപാടുകൾ പറഞ്ഞ് ന്യായീകരിക്കുക കൂടി ചെയ്തു.

ആശംസകളോടെ...

# Kottakkal Ayurveda College Employees Co-operative Society

Ltd No.M. 479

**Ayurveda College Campus P.O. Edarikode**
**Malappuram Dist.**

എല്ലാവിധ ആയുർവേദ ഔഷധങ്ങളും വിലക്കുറവിൽ ലഭിക്കുന്നു.

പ്രസിഡൻറ്
ഡോ.എം.ജെ.ജോർജ്ജ്

സെക്രട്ടറി
എം.ഇദ്‌രീസ്, 9037902753

Nolta PREMIUM QUALITY HOMEWARE
YERA
Bharat CROCKERY
RAK GLASS
OK NON STICK COOKWARE
Luminarc
BOROSIL International
PICASSO HOME PRODUCTS PVT. LTD.
GLARE
RAMSON
Venus SINCE 1963 Feel A Sensation
LUCKYGLASS
CRISTAL D'ARQUES
EAGLE FLASK
CORELLE

# Kottaram Trading Co.

Payyappally Road, Ernakulam
Phone: 0484-2366982, 2370260

WHOLESALE DISTRIBUTORS




ഡോ. ബി.ഭുവനേന്ദ്രൻ
എസ്.എൻ.കോളജ്,കൊല്ലം

# ചിറക് തിന്നുന്ന ശലഭങ്ങൾ

ചരിത്രം,
നിറത്തിലൈക്യപ്പെട്ട്
നാദത്തിൽ വേർതിരിയുന്ന പക്ഷികൾ.
ശിലാഖണ്ഡത്തിലും ചെപ്പേടിലും
മത്സരിച്ച് നീന്തുന്ന
ബീജകോടികൾ.
എഴുത്തോലയിൽ കുറുകുന്ന
നിഴൽ ചിത്രം.
വെള്ളക്കടലാസിൽ ഉറച്ചുപോയ
കൃഷ്ണമണി.
ചരിത്രം,
അങ്ങാടിയിൽ മാറാത്ത
നാണയങ്ങൾ
നിലച്ചഘടികാരത്തിലെ
ആവർത്തിക്കുന്ന അക്കങ്ങൾ.
മണ്ണിലാഴ്ന്ന വെളിച്ചം.
മറവിയുടെ ദത്തുപുത്രൻ.
ചരിത്രം,
അക്ഷരത്തെററിൽ പിറന്ന ശരിയുത്തരം.
ചിറകരിഞ്ഞകാലവും
ഉടലുപോയ ദേശവും
അന്ധഭൂപൻെറ ദുരയ്ക്ക്
യുദ്ധമെന്നു പേരിട്ടവൻ.
ചരിത്രം,
ഇരുട്ടിലൊരുതുള്ളിവെളിച്ചം
വെളിച്ചത്തിലൊളിച്ച
ഇരുട്ടിൻെറ കയം.
അദൃശ്യമായൊരാൾക്കൂട്ടം
അലമാരയിൽ വച്ചഭൂമി
അണച്ചെടുത്ത സൂര്യൻ
കുപ്പിയിലിട്ട ചന്ദ്രക്കല.
കാററിനെ സ്നേഹിച്ച പട്ടം
മടങ്ങിവന്ന കഥയിലെ യുക്തി.
ഛേദിച്ചിട്ട ശിരസിൽ
'ബുദ്ധൻ ചിരിക്കുന്നു'
ഉടച്ചെറിഞ്ഞ ദേവാലയത്തിൽ
രാമനും ബാബറും ഉറച്ചുപോയി.
ചരിത്രം, ചിറകുതിന്നുന്ന ശലഭങ്ങൾ



Poem



Vinodkumar Edachery
*RSM SNDP Yogam College, Koyilandy*



# Bird Hunting

In the snowy dales of fancy
Roaming idly, with bird traps
A pleasure loving
Bird hunter
In the bird trap
Losing all vigour and freshness
Trapped birds
Rapt in the false notes
Of illusion
Come flying to the cage
Many a worthless bird
Yearning fervidly
For the great honour
Of possessing an invaluable one
Rare and amazing,
A desperate bird hunter



Dr. P.S. Mohanakumar

# eBay India Census

**eBay India Census** - a fun way to know the hottest online shopping trends. What are Indians buying in different cities and states? What Indians import from the world? What are Indians selling nationally and exporting globally? What are the top ranking communities for eCommerce?

**eBay India Census 2010–**

eBay has released its census guide for 2010 and here are some interesting data points:

Delhi sells most dual SIM mobile in India

**eBay Census 2010** research findings were based on an analysis of all online buying and selling transactions between July 1, 2009 and June 30, 2010.

1. Top 5 ecommerce cities are Delhi, Mumbai, Jaipur, Chennai and Bangalore.
2. Top 5 eCommerce states are Maharashtra, Delhi, Tamil Nadu, Gujarat and Karnataka
3. Delhi sells most dual SIM mobile in India
4. Delhi sells the most Royal Enfield accessories to international customers
5. Delhi leads the diamond buying race!
6. Mumbaikars sell the most sewing machines to fellow Indians
7. Mumbai exports the most movie DVD to the world.
8. Bangalore sells most GPS and Navigational equipment (yeah baby! one-ways are a part of life in Namma Bengaluru).
9. Bangalore leads the hard disc buying race.
10. Hyderabad sells the most regional movies in India.
11. Hyderabad leads the sewing machine buying race.
12. Ahmedabad sold the most movie posters to international buyers.
13. Kolkata sold the most Zappo lighters (not a surprise!)
14. Chandigarh sold the most batteries and chargers to Indians.
15. Chandigarh leads the chess board selling race (to international customers).
16. The University of Pune sold the most text books in the domestic market.

## The Carbon Disclosure Leadership Index

The Carbon Disclosure Project (CDP) published the Carbon Disclosure Leadership Index (CDLI, highlighting companies which have displayed the most professional approach to climate change disclosure practices. The Carbon Disclosure Project, a not-for-profit organisation, represents 475 institutional investors with $55 trillion in assets under management, and provides them with the largest database of corporate climate change information in the world to support their investment decisions. The response would tend to show clear consideration of business-specific risks and potential opportunities related to climate change and good internal data management practices for understanding GHG emissions the carbon performance score was introduced in 2010 to complement the disclosure score and recognize companies that are taking positive measures on climate change mitigation. CDP acknowledges that the performance scoring process is evolving and

recommends that investors review individual company disclosures in addition to performance rankings in order to gain the most comprehensive understanding of company performance. Companies with the top scores for disclosure qualify to be listed in the Carbon Disclosure Leadership Index (CDLI) for their sample – their group based on market capitalization e.g. the Nordic 200. Top-scoring companies for performance qualify to be listed in the Carbon Performance Leadership Index (CPLI). To qualify for inclusion in either leadership index, a company also has to make its response public. Both scores are based solely on information in CDP

Top companies recognized on both the Carbon Disclosure Leadership Index and the Carbon Performance score are given below.

| Company | Carbon disclosure score | Carbon performance score | Sector |
|---|---|---|---|
| Siemens | 98 | A | Industrials |
| Deutsche Post | 97 | A | Industrials |
| BASF | 96 | A | Materials |
| Bayer | 95 | A | Health Care |
| Samsung Electronics | 95 | A | Information Technology |
| Lafarge | 94 | A | Materials |
| News Corporation | 94 | A | Consumer Discretionary |
| Philips Electronics | 94 | A | Industrials |
| National Australia Bank | 93 | A | Financials |
| Praxair | 93 | A | Materials |
| Reckitt Benckiser | 93 | A | Consumer Staples |
| Royal Bank of Scotland Group | 93 | A | Financials |






ഡോ. എം. ആർ. സുദർശനകുമാർ
*എം.ജി.കോളജ്, തിരുവനന്തപുരം*

# സിലിക്കണു പകരം ഗ്രഫീനേക്കാൾ മെച്ചം

ഇപ്പോഴുള്ള ഇലക്ട്രോണിക്, ചിപ്പുകളേക്കാൾ കാര്യക്ഷമവും ചെറുതുമായ ചിപ്പ് മോളിബഡ്നൈററ് ഉപയോഗിച്ച് നിർമ്മിക്കാനാകുമെന്ന് ശാസ്ത്രജ്ഞൻ കണ്ടെത്തി. ഇപ്പോൾ പ്രചാരത്തിലുള്ള സിലിക്കനുമായും ഭാവിയിലെ ഇലക്ട്രോണിക് പദാർത്ഥമായ ഗ്രഫീനുമായും താരത്മ്യം ചെയ്യുമ്പോൾ മോളിബഡ്നൈററിന് സവിശേഷതകളേറെയുണ്ടെന്ന് ശാസ്ത്രജ്ഞർ അവകാശപ്പെട്ടു. .... കൂടുതൽ ചെറുതാക്കാനും ചിപ്പുകൾ കാര്യക്ഷമമാക്കുവാനും ഈ കണ്ടെത്തൽ സഹായകരമാകും. മെച്ചപ്പെട്ട അർദ്ധചാലകമാണ് മോളി ബഡ്നൈററ്. പ്രകൃതിയിൽ സമൃദ്ധമായി കാണുന്ന ഈ അയിര് *മോളിബഡ്നം ഡൈസൽഫൈഡ്* എന്ന സംയുക്തമാണ്. സ്ററീൽ ലോഹ സങ്കരങ്ങളിലും ലൂബ്രിക്കൻറുകളിലും ഇത് ചേർക്കാറുണ്ട്. എങ്കിലും ഇലക്ട്രോണിക് രംഗത്ത് ഇതിൻെറ ഉപയോഗം പഠന വിധേയമാക്കിയിട്ടില്ല.

ഒരു ദ്വിമാന പദാർത്ഥമാണ് മോളിബഡ്നൈററ്. വളരെയെളുപ്പം ഉപയോഗിക്കാനാകുന്ന വളരെ കനം കുറഞ്ഞ പദാർത്ഥമാണിത്. Light Emitting Diode (LED) സൃഷ്ടിക്കുവാനും വളരെ ചെറിയ ട്രാൻസിസ്ററുകൾ വികസിപ്പിച്ചെടുക്കാനും സൗരോർജ്ജ സെല്ലിലും ഇതിനുപയോഗമുണ്ടാകും. Andras kis, M.Radisavljevic, Radenovic et M.Brio എന്നിവരാണ് ഈ ഗവേഷണം നടത്തിയത് ഇന്ന് പ്രചാരത്തിലുള്ള സിലിക്കണും 2004 ൽ കണ്ടെത്തിയ Andre Geim നും Koustantin Novoselov നും 2010 ലെ നൊബേൽ സമ്മാനം നേടിക്കൊടുത്ത ഗ്രഫീനേക്കാളും പുതിയ പദാർത്ഥത്തിന് സവിശേഷതകളേറെയുണ്ട്.




ത്രിമാന പദാർത്ഥമായ സിലിക്കണേക്കാൾ മോളിബഡ്നൈററിന് വ്യാപ്തം കുറവാണ്. 0.65 നാനോ മീററർ കനമുള്ള മോളിബഡ്നൈററ് ഷീററിൽ 2 നാനോ മീററർ സിലിക്കൺെറയത്രയും ഇലക്ട്രോണുകൾക്ക് സഞ്ചരിക്കാനാകും. സിലിക്കണേക്കാൾ വളരെകുറച്ച് ഊർജ്ജം മാത്രമേ പുതിയ പദാർത്ഥം ഉപയോഗിക്കുകയുള്ളൂ. മോളിബ്ഡനൈററിൻെറ 1.8 eV ബാൻഡ് ഗാപ്പ് ട്രാൻസിസ്ററർ പ്രവർത്തിപ്പിക്കുവാനും നിർത്തുവാനും അത്യുത്തമമാണ്. ഈ ബാൻഡ് ഗ്യാപ് തന്നെയാണ് മോളിബഡ്നൈററിനെ ഗ്രഫീനേക്കാൾ മെച്ചപ്പെട്ടതാക്കുന്നത്. ഗ്രഫീനിൽ ഈ ഗ്യാപ്പില്ല. ഇത് കൃത്രിമമായി സൃഷ്ടിക്കുന്നതും ദുഷ്കരമാണ്.

Laboratory of Nanoscale Electronic and Structures (LANES)ലെ ഗവേഷണത്തിൽ മോളിബഡ്നൈററ് ഇലക്ട്രോണിക്സ് രംഗത്ത് സുപ്രധാന പങ്കുവഹിക്കുമെന്നതിനു സംശയമില്ല. Nature Nanotechnolgy യിൽ ജനുവരി മുപ്പതാം തീയതി ഓൺലൈനായി ഈ കണ്ടെത്തൽ ഗവേഷകർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.



എ. ജി. ഒലീന
വി.ടി.എം.എൻ.എസ്.എസ്. കോളജ്, ധനുവച്ചപുരം

# വാടക ഗർഭധാരണം ഇന്ത്യൻ- സാഹചര്യത്തിൽ

'അനപത്യനു ഗതിയില്ല മറെറാന്നുകൊണ്ടും' എന്നു ഇതിഹാസം (മഹാഭാരതം) പറയുന്നുണ്ടെങ്കിലും അനപത്യതയെ ഈ സങ്കൽപത്തിനുള്ളിൽ തന്നെ നേരിട്ട ഉദാഹരണങ്ങൾ ഒട്ടനവധി. കുട്ടികളെ ദത്തെടുത്തും മറുമരുന്നുകളിലൂടെയും ചില ചികിത്സാവിധികളിലൂടെയും അനപത്യതയെ നേരിട്ട ഇതിഹാസമുഹൂർത്തങ്ങൾ ധാരാളം. അമ്മയുടെ ഗർഭപാത്രവും മാതൃത്വമെന്ന സങ്കൽപവും വ്യത്യസ്തമാനങ്ങളോടെ നിർവ്വചിക്കപ്പെട്ട സന്ദർഭങ്ങളും നിരവധി. അംഗരാജാവായ ലോമപാദൻ അയോധ്യാധിപതിയായ ദശരഥൻെറ പുത്രി ശാന്തയെ ദത്തെടുത്തതായി മഹാഭാരതം. അപുത്രത പരിഹരിക്കാൻ ദശരഥൻ പുത്രകാമേഷ്ടിയാഗം നടത്തുകയും യാഗാനന്തരം പായസം പകുത്തു കൗസല്യയ്ക്കും കൈകേയിക്കും നൽകുകയും അവർക്കു ലഭിച്ച പായസത്തിൻെറ അർദ്ധാർദ്ധം സുമിത്രയ്ക്കു കൊടുക്കുകയും ചെയ്തതായി രാമായണം. ശിവഭക്തയായ ഗാന്ധാരിക്കു നൂറുപുത്രന്മാർ ജനിക്കുമെന്നു ശിവൻ നൽകിയ വരം അറിഞ്ഞ ഭീഷ്മർ ജാത്യന്ധനായ ധൃതരാഷ്ഠരെക്കൊണ്ട് ഗാന്ധാരിയെ വിവാഹം കഴിപ്പിക്കുന്നു. ഗർഭവതിയായി രണ്ടുകൊല്ലം കഴിഞ്ഞു. പ്രസവിക്കാത്തതിൽ ദുഃഖിതയായ ഗാന്ധാരി ഗർഭം ഉടച്ചു നൂറെറാന്നു നെയ്കുംഭങ്ങളിൽ സൂക്ഷിക്കുകയും നൂറുപുത്രന്മാർക്കും ഒരു പുത്രിക്കും ജന്മം നൽകുകയും ചെയ്തു. അരുണൻെറയും ഗരുഢൻെറ ജനനവും ഗർഗ്ഗമുനിയുടെ ജനനവുമൊക്കെ ഇതിഹാസത്തിലെ പിറവിയെ സംബന്ധിക്കുന്ന വ്യത്യസ്തമായ കഥകളായി നമ്മൾ വായിക്കുന്നു. ജനനിയും ജന്മഭൂമിയും സ്വർഗ്ഗത്തേക്കാൾ പ്രിയതരമെന്നു കവിതയിൽ വാഴ്ത്തുന്നു. മാതൃഭാഷയെ (രണ്ടാംഭാഷയായി പഠിക്കുമ്പോൾ പോലും) *അമ്മ മലയാളമെന്നും* ശത്രുവിൽ നിന്നും ജീവൻ രക്ഷിച്ച പ്ലാവിനെ *അമ്മച്ചി പ്ലാവെന്നും* വാങ്മയം നിർമ്മിക്കുന്നു. അമ്മയും കുഞ്ഞുമായുള്ള പൊക്കിൾക്കൊടി ബന്ധം വീണ്ടും വീണ്ടും പാടിയും പറഞ്ഞും അഭിമാനിക്കുന്നു. ഭൂമിയിൽ പിറന്നുവീഴും മുമ്പ് ഓരോ മനുഷ്യക്കുഞ്ഞിനും ഉറങ്ങാനുള്ള സുരക്ഷിതമായ ഒരു ഇടമെന്ന നിലയിൽ ഇതിനകം സ്വീകരിക്കപ്പെട്ടിട്ടുള്ള *ഗർഭപാത്രവും വാടകയ്ക്കെന്ന* ആശയം ഇതിനകം ലോകജനത ഏറെറടുത്ത ചർച്ചയാണ്. സാമൂഹികവും മതപരവും നൈതികവുമായ ഒട്ടേറെ ചർച്ചകൾക്കും വിവാദങ്ങൾക്കും ഈ വിഷയം വഴിതെളിച്ചു കഴിഞ്ഞിട്ടുമു





ണ്ട്. പക്ഷേ ഇന്ത്യയിലിപ്പോൾ ഈ ആശയം വീണ്ടും ചർച്ചാവിഷയമാകുന്നു. കേന്ദ്ര ആരോഗ്യമന്ത്രാലയത്തിൻെറ പരിഗണനയിൽ വന്നിരിക്കുന്ന ഒരു ബില്ലാണ് ഈ ചർച്ച തുറക്കുന്നത്. വാടകയ്ക്ക് ഗർഭപാത്രം സ്വീകരിക്കുന്നതിനും അത് കൊടുക്കുന്നതിനും നിയമപരമായി അനുമതി ഉറപ്പാക്കാനുള്ള ബിൽ വൈദ്യശാസ്ത്ര വളർച്ചയുടെ ഒരു സാധ്യതയായും കേവലം ചികിത്സാ സമ്പ്രദായമായും വാടക ഗർഭധാരണ (Surrogacy) ത്തെ പരിഗണിക്കുന്ന ആരോഗ്യ രംഗത്തെ ഒരു കൂട്ടം വിദഗ്ധർ. സദാചാരത്തിൻെറയും സന്മാർഗത്തിൻെറയും മൂല്യങ്ങളെ മുൻനിർത്തി മതസമൂഹങ്ങൾ ഈ വിഷയത്തെ എതിർക്കുമ്പോൾ അതിനുപിന്നിൽ നിശബ്ദമാക്കുന്ന മാനവികതയും ഹൃദയാലുതയും താൽപര്യവും നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. തിന്മകളെ എതിർത്തു തോൽപിക്കുന്നതിൽ മതങ്ങൾ ഇതിനകം എന്തു പങ്കാണു വഹിച്ചിട്ടുള്ളതെന്നു ചരിത്രം നമ്മുടെ മുന്നിലെ തുറന്ന പുസ്തകമാകുന്നു. വാസ്തവത്തിൽ ലോകത്തെ സെമിററിക് മതങ്ങളെല്ലാം അരുതുകളുടെ കല്പനകൾ നിരഞ്ഞതാണ്. അത്തരം അരുതുകളെ സൂക്ഷ്മവും വ്യാജവുമായ വഴികളിലൂടെ നിരാകരിക്കാനാണ് എന്നും മതസമൂഹം താൽപര്യപ്പെട്ടിട്ടുള്ളത്. മാത്രമല്ല മതങ്ങൾക്ക് ഈ വിഷയത്തിൽ സ്ത്രീയുടെ ആരോഗ്യപ്രശ്നങ്ങളോ ഇതിനു പിന്നിലെ വിപണിസാധ്യതയോ അല്ല താല്പര്യം.

ഒരു നിയമമെന്ന നിലയിൽ ബില്ലിൻെറ പ്രയോഗതലത്തിൽ ഒട്ടേറെ നൈതികവും ധാർമികവും മാനവികവുമായ ചോദ്യങ്ങൾ ഉയർന്നുവരുന്നുണ്ട്. ഇരട്ടമാതൃത്വമെന്ന ധാർമിക പ്രശ്നവും ശരീരാവയവങ്ങളുടെ വിപണനമെന്ന പ്രശ്നവും അഭിമുഖീകരിക്കാതെ ഈ വിഷയം ചർച്ച ചെയ്യാനാവില്ല. മാത്രമല്ല 'ദത്തെടുക്കൽ' എന്ന വിശാലമാനവിക സങ്കൽപവും നിരാകരിക്കപ്പെടുകയാണ്. ഇതിലേറെ ഗൗരവതരമായി കാണേണ്ടത്. സ്ത്രീശരീരത്തിൻെറ വിപണിവത്കരണമാണ്. നിരവധി സംരക്ഷണ നിയമവ്യവസ്ഥകൾക്കുള്ളിലും ഇന്ത്യൻ സ്ത്രീ നേരിടേണ്ടിവരുന്ന കടുത്ത ചൂഷണങ്ങൾ ഇപ്പോഴും സ്ത്രീ സമൂഹം അഭിമുഖീകരിച്ചുകൊണ്ടേയിരിക്കുന്നു. പണത്തിനുവേണ്ടിയുള്ള ഗർഭധാരണം നരോധിക്കപ്പെട്ട ഇററലിയിൽ നിന്നും ആസ്ത്രേലിയയിൽ നിന്നുമൊക്കെ ഇന്ത്യയിലെത്തി കുട്ടികളെ സ്വന്തമാക്കുന്നവരുടെ എണ്ണം വർധിച്ചുവരുന്നതായി മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നു. വാടക ഗർഭാശയ കച്ചവടം ഇതിനകം ഇന്ത്യയിലെ സജീവ വിപണിയായി മാറികഴിഞ്ഞിട്ടുണ്ട്. കാരണം വിദേശരാജ്യങ്ങളിൽ വൻതുകകൾ, ഇതിനായിവേണ്ടി വരുമ്പോൾ, ഇന്ത്യയിലിത് 2-5 വരെ ലക്ഷം രൂപയേവേണ്ടിവരുന്നുള്ളൂ. Assisted Reproductive Technologies (ART) റഗുലേഷൻ ബിൽ 2010 ലെ നിർദ്ദേശങ്ങൾ കുട്ടിയെ ഗർഭപാത്രത്തിൽ വളർത്തുന്നതിൻെറ വിപണി താൽപര്യങ്ങളെ പ്രതിരോധിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നാണ് മാധ്യമങ്ങൾ പറയുന്നത്. ഇന്ത്യക്കാരിൽ നിന്നുമാത്രമേ ഭ്രൂണം സ്വീകരിക്കാവൂ എന്നും ഗർഭദാതാവിനെക്കുറിച്ചുള്ള വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കണമെന്നും ഗർഭകാലത്ത് ഭ്രൂണത്തിനും പ്രസവാനന്തരം കുട്ടിക്കും ദോഷകരമായ യാതൊന്നും ചെയ്യില്ലെന്നും ബില്ലിൽ വ്യവസ്ഥയുണ്ടെന്നും പറയപ്പെടുന്നു. തീർച്ചയായും പൊതുസമൂഹത്തിൻെറയും നിയമനിർമ്മാണരംഗത്തെ പ്രമുഖരുടെയും സാമൂഹ്യപ്രവർത്തകരുടെയും ഒക്കെ വിശദമായ ചർച്ചയ്ക്കും വിലയിരുത്തലിനുശേഷം മാത്രമേ ഇത്തരം നിയമങ്ങൾ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളൂ.

കമ്പോളാധിഷഠിത-ഫ്യൂഡൽ-ജാതി-മത ചിന്തകളുടെ വിളനിലമായ ഇന്ത്യയിൽ *വാടക ഗർഭധാരണം* എന്ന ആശയം എത്രമാത്രം സുതാര്യമായി നടപ്പിലാക്കാൻ കഴിയുമെന്നു ചിന്തിക്കേണ്ടതുണ്ട്. ഇടനിലക്കാർ ആധിപത്യം പുലർത്തുന്ന ഇൻഫെർട്ടിലിററി ക്ലിനിക്കുകളും നക്ഷത്ര ഹോസ്പിററലുകളും ഉള്ള നമ്മുടെ നാട്ടിൽ ഈ നിയമം *സ്ത്രീയവസ്ഥയെ* എപ്രകാരം ബാധിക്കുമെന്നു പഠിക്കേണ്ടതുണ്ട്. നിലവിലുള്ള ബീജബാങ്കുകളിൽ പോലും ദാതാവിൻെറ ജാതിക്കും ശാരീരികസ്ഥിതിയും (സൗന്ദര്യം ഉൾപ്പെടെ) രേഖപ്പെടുത്തുന്ന സ്ഥിതി നിലവിലുണ്ട്. പ്രതിവർഷം ഏഴുലക്ഷത്തിലധികം പെൺഭ്രൂണഹത്യ നടക്കുന്നുവെന്നു ദേശീയ മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ടു ചെയ്യുന്നു. 80 കൾക്കുശേഷം പെൺഭ്രൂണഹത്യവും വാടകഗർഭധാരണവും വ്യാപകമായി വാണിജ്യവത്കരിക്കപ്പെടുന്നവരുന്നതായും മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നു.

കുട്ടിയുണ്ടാവില്ലെന്നു ശാസ്ത്രീയമായി തെളിയിക്കപ്പെടുന്ന ഒരു സ്ത്രീക്കു മറെറാരു സ്ത്രീയുടെ ഗർഭപാത്രം സ്വീകരിക്കാമെന്ന വിശാല മാനവിക സങ്കൽപം ഈ നിയമത്തിനുള്ളിൽ എത്രമാത്രം സുതാര്യവും സുഗമവുമായി നടപ്പിലാക്കാൻ കഴിയുമെന്ന നൈതിക പ്രശ്നത്തെ കൃത്യമായും അഭിസംബോധന ചെയ്യേണ്ടതുണ്ട്. കാരണം ഇത് കേവലമൊരു അവയവദാന പ്രശ്നം മാത്രമല്ല.

**കെ.എസ്.ജയചന്ദ്രൻ**
*എസ്.കെ.വി.കോളജ്, തൃശ്ശൂർ*
*കൺവീനർ, എ.കെ.പി.സി.ടി.എ. സർവ്വീസ്സെൽ*



# യു. ജി. സി. ശമ്പളപരിഷ്കരണം
## സംശയങ്ങൾക്കുള്ള മറുപടി

**കോളജ് അധ്യാപകരുടെ പ്രൊമോഷനുകൾക്ക് എന്ന് മുതൽക്കാണ് 2010 യു.ജി.സി റെഗുലേഷനിലെ നിബന്ധനകൾ ബാധകമാക്കുന്നത്?**

2010 യു.ജി.സി റെഗുലേഷൻ പ്രാബല്യത്തിൽ വന്നതീയതി മുതൽക്കാണ് പുതിയ നിബന്ധനകൾ ബാധകമാക്കുന്നത്. 30.6.2010ന് യു.ജി.സിയുടെ പുതിയ റെഗുലേഷൻ വൈബ്സൈററിൽ പ്രസിദ്ധീകരിച്ചിരുന്നെങ്കിലും 2010 സെപ്തംബർ 18ന് ആണ് റെഗുലേഷൻ കേന്ദ്രഗവൺമെൻറ് ഗസററിൽ വരുന്നത്. പുതിയ റെഗുലേഷന് 2008 ഡിസംബർ 31 മുതൽ പ്രാബല്യമുണ്ടാകുമെന്ന് അതിൻെറ ആമുഖത്തിൽ പറഞ്ഞിട്ടുണ്ട്. പുതിയ റെഗുലേഷൻ അപ്പാടെ അംഗീകരിച്ചുകൊണ്ട് കഴിഞ്ഞ ഡിസംബർ 10ന് കേരള ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുതിയ യു.ജി.സി റെഗുലേഷന് അത് ഗസററിൽ പ്രസിദ്ധീകരിക്കപ്പെട്ട 2010 സെപ്തംബർ 18 മുതൽക്കേ സംസ്ഥാനത്ത് പ്രാബല്യമുണ്ടാകുകയുള്ളൂയെന്ന് പ്രസ്തുത സംസ്ഥാന ഗവൺമെൻറ് ഉത്തരവിൽ പ്രസ്താവിച്ചിട്ടുണ്ട്. അതുകൊണ്ട് 18.9.2010 നോ അതിന് ശേഷമോ വരുന്ന പ്രമോഷനുകൾക്ക് മാത്രമേ പുതിയ റെഗുലേഷനിലെ നിബന്ധനകൾ ബാധകമാകുകയുള്ളു. അതിന് മുമ്പുള്ള പ്രൊമോഷനുകൾ മുൻ യു.ജി.സി റെഗുലേഷനിലെ (2000 യു.ജി.സി റെഗുലേഷൻ) നിബന്ധനകൾ പാലിച്ച് കൊണ്ട് ലഭിക്കേണ്ടതാണ്. എന്നിരുന്നാലും 18.9.2010ന് മുമ്പ് സെലക്ഷൻ ഗ്രേഡ് ലക്ചറർ, റീഡർ ആയി സ്ഥാനക്കയററം ലഭിച്ചിട്ടുള്ളവരെ പ്രസ്തുത ഗ്രേഡിൽ 3 വർഷം തികയുന്നമുറയ്ക്ക്, മററ് നിബന്ധനകൾ ഒന്നും കൂടാതെ തന്നെ, അസ്സോസിയേററ് പ്രൊഫസ്സർമാരാക്കേണ്ടതാണ്.

**പി.എച്ച്.ഡി ബിരുദം നേടിയവർക്കുള്ള മുൻകൂർ ഇൻക്രിമെൻറുകളെ സംബന്ധിച്ച് അടുത്തകാലത്ത് വന്ന ഗവൺമെൻറ് ഉത്തരവ് എന്താണ്?**

കഴിഞ്ഞ യു.ജി.സി ശമ്പളപരിഷ്കരണത്തിൻെറ ഭാഗമായി (1.1.96 മുതൽ നടപ്പാക്കിയത്) പി.എച്ച്.ഡി.ബിരുദത്തോടുകൂടി ജോലിയിൽ പ്രവേശിക്കുന്ന അധ്യാപകർക്ക് 4 മുൻകൂർ ഇൻക്രിമെൻറുകൾ അനുവദിച്ചിരുന്നു. എന്നാൽ NET യോഗ്യത ലക്ചറർ നിയമത്തിന് അത്യാവശ്യമാണ് എന്നുള്ളതുകൊണ്ട്, പി.എച്ച്.ഡി ബിരുദത്തിൻെറ പിൻബലത്തിൽ NET യോഗ്യതയിൽ നിന്ന് ഇളവ് ലഭിച്ച അധ്യാപകർക്ക്, 4 മുൻകൂർ ഇൻക്രിമെൻറുകൾ ചില ഡെ.ഡയറക്ടർ അനുവദിച്ച് കൊടുത്തിരുന്നില്ല. എന്നാൽ 2011 ജനുവരി 24 ലെ ഉന്നത വിദ്യാഭ്യാസവകുപ്പിൻെറ 4/2011 നമ്പറായുള്ള ഉത്തരവിലൂടെ, പി.എച്ച്.ഡി. ബിരുദത്തിൻെറ അടിസ്ഥാനത്തിൽ NET യോഗ്യതയിൽനിന്ന് ഇളവ് ലഭിച്ച അധ്യാപകർക്കും 4 മുൻകൂർ ഇൻക്രിമെൻറുകൾ നൽകാൻ ഗവൺമെൻറ് അനുമതി കൊടുത്തിരിക്കണം. 6-ാം യു.ജി.സി ശമ്പളപരിഷ്കരണത്തിലും ഇത്തരത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നസമയത്ത് മേൽപ്പറഞ്ഞ ഉത്തരവിൻെറ അടിസ്ഥാനത്തിൽ അത് പരിഹരിക്കാവുന്നതേയുള്ളൂ.

**ദീർഘകാല അവധിയെടുത്ത് മററ് ജോലികൾക്ക് പോയതും ഭാര്യ/ഭർത്താവിൻെറ ഒപ്പം പോയതുമായ അധ്യാപകർ തിരികെ ജോലിയിൽ പ്രവേശിക്കുന്നത് സംബന്ധിച്ച് അടുത്ത കാലത്ത് പുറത്തുവന്ന ഉത്തരവിൻെറ വിശദാംശങ്ങൾ എന്താണ്?**

ഉന്നതവിദ്യാഭ്യാസവകുപ്പിൻെറ 2010 നവംബർ 2125/2010 നമ്പർ ഉത്തരവ് പ്രകാരം, പകരം നിയമനം നടത്താത്ത സംഗതികളിൽ, നിലവിൽ അനുമതിയില്ലാതെ ലീവിൽ തുടരുന്ന അധ്യാപകർക്ക്, അച്ചടക്ക നടപടിക്ക് വിധേയമായി, 2010-2011 അധ്യയനവർഷം തീരുന്നതുവരെ ചട്ടപ്രകാരം അവധി നീട്ടിക്കൊടുക്കുന്നതാണ്. അതിന് ശേഷം ഒരു കാരണവശാലും ലീവ് നീട്ടിക്കൊടുക്കുന്നതല്ല. അടുത്ത അധ്യയനവർഷത്തിൻെറ ആദ്യം തന്നെ അവർ കോളജിൽ ജോലിക്ക് തിരികെ പ്രവേശിക്കേണ്ടതാണ്.

മററ് ജോലികൾക്ക് പോകുന്നതിനും ഭാര്യാ-ഭർത്താവിനോടൊപ്പം പോകുന്നതിനും മൊത്തം സർവ്വീസ് കാലയളവിൽ ഒരധ്യാപകന് പരമാവധി ലീവ് ലഭിക്കുന്നത് 5 വർഷത്തേക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇതിനകം 5 വർഷം ലീവ് അനുവദിക്കുകയും സർക്കാർ അനുമതിയോടുകൂടി 31.5.2012 ന് ശേഷമുള്ള കാലത്തേക്കും കൂടി ലീവ് നീട്ടികിട്ടുകയും ചെയ്ത അധ്യാപകരെ അടുത്ത അധ്യയനവർഷം അവസാനംവരെ (31.5.2012) അനുവദിച്ച ലീവിൽ തുടരാൻ അനുമതി കൊടുക്കുന്നതാണ്. പ്രസ്തുത അധ്യാപകർ, ശേഷിക്കുന്ന ലീവിൻെറ ഭാഗം ഉണ്ടെങ്കിൽ അത് റദ്ദ് ചെയ്യേണ്ടതും തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്.

**പ്രൊഫ. കെ. എസ്. ജയചന്ദ്രൻ**
മേഘന, മണ്ണുത്തി പി.ഒ., തൃശ്ശൂർ- 680 651, ഫോൺ: 0487-2371971, 9447308697








**പ്രമോദ് വെള്ളച്ചാൽ**
*എം.ജി.കോളജ്, ഇരുട്ടി*

# എൻമകജെ
## നോവുകളുടെ നിശബ്ദ നിലവിളികൾ

'എൻമകജെ' എന്ന നോവലിൻെറ പ്രകാശനവേളയിൽ അതെഴുതിയ അംബികാസുതൻ മാങ്ങാട് ഇങ്ങനെ പറയുകയുണ്ടായി. "വാസ്തവത്തിൽ എൻമകജെ ഒരു നോവലല്ല. കാൽ നൂററാണ്ടു കാലത്തെ ആകാശയുദ്ധത്തിൽ നിലംപരിശായ, ചവിട്ടിമെതിക്കപ്പെട്ട ജനതയുടെ നോവുകളാണ് ഞാൻ പകർത്താൻ ശ്രമിച്ചത്. അതുകൊണ്ട് തന്നെ അദ്ദേഹം മുന്നോട്ട് വെച്ച ഒരു അഭ്യർത്ഥന "ഈ പുസ്തകത്തെ നോവലെന്ന് വിളിക്കരുതേ" എന്നാണ്. ഈ നോവലിൻെറ രണ്ടാം പതിപ്പിൻെറ പ്രകാശനവേളയിൽ ഡോ.പി.കെ.രാജശേഖരൻ ഇങ്ങനെ പറഞ്ഞു. "എൻമകജെ ഒരു ഗ്രാമത്തിൻെറ പേരല്ല. വാസ്തവത്തിൽ അത് നാം അകപ്പെട്ടിരിക്കുന്ന ഒരു നരകാവസ്ഥയുടെ പേരാണ്. ടി.എസ്. എലിയററു പറഞ്ഞതുപോലെ ലോകം അവസാനിക്കുന്നത് ഒരു പൊട്ടിത്തെറിയിലല്ല, ഒരു ഞരക്കത്തിലാണ് എന്നും അതുകൊണ്ട് ഈ നോവലിസ്ററും മനസ്സുപൊള്ളി കണ്ണുനീരോടെ നമ്മോട് വിളിച്ചു പറയുകയാണ് ആരും കേൾക്കാനില്ലല്ലോ. ആരും കേൾക്കാനില്ലല്ലോ എന്ന് സുഗതകുമാരിയും പറയുന്നുണ്ട്. എഴുത്തുകാരൻെറ നെഞ്ചിലുയർന്ന ഈ നിലവിളി വായനക്കാരിലെത്തുമ്പോഴേ എഴുത്ത് സാർത്ഥമാവുന്നുള്ളൂ എന്നും വായനക്കാരോട് ലളിതമായി സംഭവിക്കുന്ന ഗഹനമായ ഈ നോവൽ മലയാളസാഹിത്യത്തിലെ ഒരപൂർവ്വാനുഭവമാണെന്ന് സാറാജോസഫും പറയുന്നുണ്ട്. വ്യത്യസ്തമായ ഇത്തരം ഒട്ടനവധി വായനാനുഭവങ്ങളെ മുൻനിർത്തി എല്ലാവർക്കും പറയുവാൻ കഴിയുന്നത് എൻ മകജെ നോവുകളുടെ നോവലാണെന്നാണ്. പാരിസ്ഥിതിക ജാഗ്രതയുള്ള മനുഷ്യപ്പററുള്ള ഒരെഴുത്തുകാരൻെറ സർഗ്ഗാത്മകമായ ഒരു സമരാവിഷ്കാരം തന്നെയാണ് ഈ നോവൽ.

'എൻമകജെ ഒരു സാഹിത്യകൃതിയല്ല" എന്ന ലേഖനത്തിൽ (പച്ചക്കുതിര ഡിസംബർ 2010) അംബികാസുതൻ ഇങ്ങനെ പറയുന്നു കഥാകാരന് വേദനക്കടൽ മറികടക്കാനുള്ള ഒരു ഉപായനൗകയാണ് സാഹിത്യരചന. എന്നാൽ ദുരന്തത്തിനിരയായവരുടെ വേദനയും അമ്മമാരുടെ നിലവിളികളും തർജ്ജമ ചെയ്യാൻ നിലവിലുള്ള ഒരു ഭാഷയും മതിയാവുകയില്ലെന്ന് എനിക്ക് അറിയാമായിരുന്നു. മാത്രവുമല്ല, ഇരകളായി നരകിക്കുന്ന മനുഷ്യരെ കഥാപാത്രങ്ങളായി അലങ്കാരത്തിൻെറ തൊങ്ങലുകൾ തുന്നിച്ചേർത്ത് അവതരിപ്പിക്കുന്നത് സ്വയം വഞ്ചിക്കലാകുമെന്നും ഞാനുറപ്പിച്ചിരുന്നു. അങ്ങിനെയാണ് ഈ നോവൽ എഴുതുകയേയില്ല എന്ന് തീരുമാനിച്ചത്. ഇവിടെ വായനക്കാർ മനസ്സിലാക്കേണ്ട ഒരു പ്രധാനപ്പെട്ടകാര്യം കാസർക്കോട്ടുള്ള എൻേറാസൾഫാൻ ദുരന്തത്തെ ദന്തഗോപുരത്തിലിരുന്ന് കണ്ട എഴുത്തുകാരനല്ല അംബികാസു

തൻ എന്നാണ്. പ്ലാന്റേഷൻ കോർപ്പറേഷൻ (PCK) ശവപ്പെട്ടി പ്രതീകാത്മകമായി ചുമന്നു നടന്നുപോയ വരിൽ ആക്ടിവിസ്ററായ നോവലിസ്റ്റും ഉണ്ടായിരുന്നു. എൻമകജെ എന്ന നോവലിലും ഈയൊരു ചിത്രം നമുക്ക് കാണാൻ സാധിക്കും.

'എൻമകജെ' യുടെ സത്യം എന്നപേരിലെഴുതിയ ലേഖനത്തിൽ നോവലിസ്ററ് പറയുന്നത് അസാധാരണമായ നിശബ്ദതയാണ് എൻമകജെ എന്ന പുതിയ നോവലിൻെറ ആരംഭത്തിലും അവസാനത്തിലും എന്നാണ്. മരക്കാപ്പിലെ തെയ്യങ്ങൾ ഒരു നിലവിളിയിൽ നിന്നും ആരംഭിച്ച് ഒരു നിലവിളിയിൽ അവസാനിക്കുന്നതായി നമുക്കനുഭവപ്പെടുന്നു. പക്ഷെ നോവൽ ഒരു നിലവിളിയാണെന്ന് തനിക്ക് ബോദ്ധ്യപ്പെട്ടത് എൻമകജെ യുടെ രചനാകാലത്താണ് എന്ന് അംബികാസുതൻ പറയുന്നുണ്ട്. അന്യഗ്രഹജീവികളെപ്പോലെ വിചിത്രമായ ഉടലുകളുമായി പിറന്ന കുഞ്ഞുങ്ങളെ കാണുമ്പോൾ അവരുടെ മാതാപിതാക്കളോട് സംസാരിക്കുമ്പോൾ അനുഭവിച്ച ദുഃഖം ഒരു ഭാഷയിലും പകർത്താനാവുകയില്ലെന്നും ഒരു നിലവിളികൊണ്ടും അളക്കാനാവുകയില്ല എന്നും എനിക്ക് അറിയാമായിരുന്നു. ഉടലിൻെറ ഇരട്ടി വലിപ്പമുള്ള തലയുള്ള, പയർ വള്ളിപോലെ നേർത്തകൈകാലുകളുള്ള, നാവു പുറത്തായ, കൃഷ്ണമണി മറിഞ്ഞുപോയ, മൂത്രസഞ്ചി ശരീരത്തിനു വെളിയിലായ വിരലുകൾ നീരാളിയുടേതുപോലെ നേർത്തുചുരുണ്ടു പോയ, ശരീരം നിറയെ കുരുക്കൾ പൊന്തിയ കുഞ്ഞുങ്ങളുടെ മഹാസങ്കടത്തെ ഒരു ഭാഷയിലും വിവർത്തനം ചെയ്യാനാവുകയില്ല''. രചനാവേളയിലും രചനയിലും ഘനീഭവിച്ച നിലവിളികളുടെ മരണശാന്തത വായനക്കാർക്ക് തിരിച്ചറിയാൻ കഴിയും. അത്രമാത്രം തീവ്രമായി നരകം ജീവിതമെഴുതുന്ന നീററലാണ് നോവലിൽ അനുഭവപ്പെടുന്നത്.

ആക്ടിവിസ്ററായ ഒരു എഴുത്തുകാരൻ സർഗ്ഗാത്മക രചനയിലേർപ്പെടുമ്പോൾ ആഖ്യാനം പ്രഭാഷണപരമായിത്തീരാനും വസ്തുനിഷ്ഠമായ പരിമിതികൾ സൃഷ്ടിക്കപ്പെടാനും സാധ്യതകളുണ്ട്. പക്ഷെ നോവൽ എന്ന മാധ്യമത്തിൻെറ ലാക്ഷണികമായ ചിഹ്നവ്യവസ്ഥകളൊന്നും അട്ടിമറിക്കാതെയാണ് അംബികാസുതൻ ഒരു പൊള്ളുന്ന നേരിനെ അവതരിപ്പിക്കുന്നത്.

ഘടനാപരമായി നോവലിനെ വേണമെങ്കിൽ നാല് ഭാഗങ്ങളാക്കിത്തിരിക്കാം. 1. നീലകണ്ഠനും ദേവയാനിയും ജീവിച്ചു വെറുത്ത ലൗകികാസക്തികളുടെ ഒരു ലോകം നോവലിൽ ഫ്ളാഷ് ബാക്ക് ചിത്രങ്ങളായി തെളിയുന്നു. 2. പിന്നീട് അവർ നിശ്ചയിച്ചുറപ്പിച്ച ജീവിത നിബന്ധനകളുടെ അടിസ്ഥാനത്തിൽ പൂർവ്വാശ്രമത്തിൻെറ സ്മകൃതിഭാരങ്ങളെല്ലാം ഉപേക്ഷിച്ച് തെക്കുനിന്നും വടക്കേയററത്തുള്ള സ്വർഗ്ഗം എന്ന സ്ഥലത്തേക്ക് ഊരും പേരും ഉപേക്ഷിച്ച് വെറും പുരുഷനും സ്ത്രീയുമായി എത്തിച്ചേരുന്നു. 3. കോടങ്കിരിത്തോടിനും ജഡാധാരിമലയ്ക്കും അടുത്തായി അവർ സൃഷ്ടിച്ച ഏകാന്ത ജീവിതത്തിൻെറ വാതിലുകളും ജനലുകളും നൽകിപ്പൊളിച്ച് മനുഷ്യപ്പററിൻെറ ഉറവയുള്ളതുകൊണ്ട് മാത്രം നിലവിളികളും ഞരക്കവുംകൊണ്ട് നിബിഢമായ എൻഡോസൾഫാൻ ദുരന്തഭൂമിയിലെ ജനങ്ങളുടെ രക്ഷകരായി അവർ മാറുന്നു. 4. അധികാരമത്തും മൂലധനാർത്തിയുമുള്ള മാഫിയകൾ മരണം വിതച്ച് മരണം കൊയ്യുമ്പോൾ ചെറുത്ത് നില്പ് പോലും അസാധ്യമായിത്തീർന്ന് നാഗരികതയിൽ നിന്നും നാണക്കേട് കൊണ്ട് ജഢാധാരിമലയിലെ ഗുഹാമുഖത്തേക്ക് പലായനം ചെയ്യേണ്ടിവരുന്ന, പ്രകൃതിയുടെ മടിയിലെ സാന്ത്വനത്തിലേക്ക് അഭയാർത്ഥികളാവേണ്ടിവരുന്ന മടിയിലെ സാന്ത്വനത്തിലേക്ക് അഭയാർത്ഥികളാവേണ്ടിവരുന്ന, മനുഷ്യപ്രകൃതിയുടെ പ്രതീകങ്ങളായി അവർ മാറുന്നു.

'ജാഗ്രതക്കുവേണ്ടി ഒരു നിലവിളി' എന്ന കുറിപ്പിൽ സാറാജോസഫ് പറയും പോലെ 'ആദിമ മനുഷ്യൻ ഗുഹാവാസിയായിരുന്നു. ഗുഹയിൽ നിന്ന് സംസ്കാരത്തിലേക്ക് അവൻ ''വളർന്നു''. പിന്നെന്തുകൊണ്ട് വീണ്ടും ഗുഹയിലേക്ക്? ഈ ചോദ്യത്തിനുത്തരമാണ് എൻമകജെ ജഢാധാരി ഭൂതത്തിൻെറ കോപം കൊണ്ടാണ് എൻമകജെയിൽ കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത രോഗങ്ങളും ദുരിതങ്ങളും സംഭവിക്കുന്നത് എന്ന പാവം മനുഷ്യരുടെ അന്ധവിശ്വാസത്തെ മുതലെടുത്തുകൊണ്ടാണ് കീടനാശിനി മാഫിയ ഒരു സമൂഹത്തെ നിഷ്ക്കരുണം കൊന്നു കുഴിച്ചുമൂടിയത് എന്ന വസ്തുത മറന്നുകൂടാ. യുക്തിപരമായ മനുഷ്യൻെറ അന്വേഷണം വഴിമുട്ടി നിൽക്കുമ്പോഴാണ് അന്ധവിശ്വാസങ്ങൾ പെററുപെരുകുന്നതും നിസ്സഹായമായി ഒരു ജനത ഇരകളാക്കപ്പെടുന്നതും. അന്ധവിശ്വാസങ്ങൾപോലും ചിലപ്പോൾ ഒരു മൂലധന ഗൂഢാലോചനയായി തീർന്നേക്കാം എന്നതാണ് ചരിത്രാനുഭവം.

ഇ.പി.രാജഗോപാലൻ 'സന്ദർഭങ്ങൾ' എന്ന ലേഖനത്തിൽ അഭിപ്രായപ്പെട്ടതുപോലെ എൻഡോസൾഫാൻ ആധുനികതയുടെ വിഷദ്രാവകമാണ്. അമിതോൽപ്പാദനം എന്ന മുതലാളിത്ത ത്വരയാണിതിൽ നു




രയുന്നത്. അതിന് ഭരണകൂടം കൂട്ടുനിന്നു എന്നതാണ് ഏററവും സങ്കടകരം. വേലിതന്നെ വിളവുതിന്നുന്ന ഒരു കാലത്ത് ജനാധിപത്യത്തിൻെറ അഭയങ്ങളില്ലാത്ത ഏററവും ദീനമായി ഒരു ജനത നരകം ഏററുവാങ്ങേണ്ടിവന്ന ദുരവസ്ഥ നോവലിൽ നിന്നും പ്രസരിക്കുന്നുണ്ട്. അത്രയും ദുരിതപൂർണമായ ഒരു ജീവിതാവസ്ഥയെ അവതരിപ്പിക്കുമ്പോഴും അംബികാസുതൻ നോവലിൻെറ ആഖ്യാനസാധ്യതകളെ നിഷേധിക്കുന്നില്ല. 'കാലത്തിൻെറ ചുവരെഴുത്ത്' എന്ന ലേഖനത്തിൽ ഡോ.ഷാജി ജേക്കബ് പറയുംപോലെ മരക്കാപ്പിലെന്നപോലെ മിത്തും ചരിത്രവും ഇടകലർത്തി നിർമിക്കുന്ന മാജിക്കൽ റിയലിസത്തിൻെറ ആഖ്യാനശൈലിയാണ് 'എൻമകജെ 'യിലുള്ളത്. പക്ഷെ കൂടുതൽ യഥാതഥവും വസ്തുനിഷ്ഠവുമായ കഥനകല രൂപപ്പെടുത്തി, കഥയേക്കാൾ വിചിത്രമാണ് ജീവിതം എന്ന് ചരിത്രത്തെ മുൻനിർത്തി തെളിയിക്കുന്ന ഡോക്യു-ഫിക്ഷനായി മാറുന്നു ഈ നോവൽ .

എൻമകജെ കുന്നുകളുടെ ഗ്രാമമാണ്. ഒന്നിനോട് ചേർന്ന് നൂറായിരം കുന്നുകളുള്ള നാട്. അത് ഭാഷകളുടെ ഗ്രാമവുമാണ്. തുളു, കൊങ്കിണി, മറാത്തി, ബ്യാരി, അറബി, ഉർദു, കന്നട, മലയാളം തുടങ്ങിയ ഭാഷകൾ അവിടെ കേൾക്കാം. മാത്രമല്ല അസത്യം വേരുപി

ടിക്കാത്ത സത്യത്തിന്റെ നാടു കൂടിയാണത്. അതു കൊണ്ട് തന്നെ തെയ്യത്തിന്റെ അരുളപ്പാട് ഇങ്ങനെയാണ് "ഞാൻ സത്യമായ ദൈവം. നിങ്ങളോ സത്യപാലകരായ ആളുകൾ. ഇതോ സത്യദേശം ഈ മണ്ണിലോ സത്യമല്ലാതെ അസത്യം തലപൊക്കില്ല. തലപൊക്കാൻ അനുവദിക്കില്ല. തലപൊക്കാൻ അനുവദിക്കില്ല. സത്യത്തെ വിശ്വസിച്ചോളു എന്നാണ്. സത്യത്തിന്റെ പതിനാറ് പടികൾ (സാക്കീ ജാലുകൾ) എൻ മകജെയിലുണ്ട്. പക്ഷെ എല്ലാ നാട്ട് വിശ്വാസങ്ങളും നാട്ട് പാരമ്പര്യങ്ങളും ചുട്ടെരിച്ചാണ് മരണത്തിന്റെ നരകവിത്തുകൾ അവിടെ വിതയ്ക്കപ്പെട്ടത്.

നാഗരിക ജീവിതത്തിന്റെ പ്രലോഭനങ്ങളിൽ നിന്ന് വഴിമാറി ശിഷ്ടകാലം സ്വസ്ഥവും ശാന്തവുമായ ഒരു സ്ഥലത്ത് കഴിച്ചുകൂട്ടാനുള്ള മോഹവുമായി എൻമകജെയിൽ എത്തിയവരായിരുന്നു നീലകണ്ഠനും ദേവയാനിയും. മുലപ്പാൽ പോലെ ഊറിവരുന്ന ഉറവകളും പച്ചപ്പുക്കളും പ്രകൃതിയുടെ അഭൗമമായ ജീവനാളവും അവരെ അവിടുത്തെ മണ്ണുമായി അടുപ്പിച്ചു. നീലകണ്ഠൻ വന്ധ്യംകരണം ചെയ്തും ദേവയാനി ഗർഭപാത്രമുപേക്ഷിച്ചുമാണ് അവിടെയെത്തിയത്. പക്ഷെ അവരുടെ പദ്ധതികളെയെല്ലാം തകിടം മറിച്ചുകൊണ്ട്, ദേഹമാസകലം ചലവും ചോരയുമായി പ്രണിതസാധിതനായ ഒരു കുട്ടിയെ ദേവയാനിക്ക് സംരക്ഷിക്കേണ്ടിവരുന്നു. ആ കുഞ്ഞിനെ നോക്കി നാട്ടുവൈദ്യൻ പഞ്ചി പറഞ്ഞത് 'ഈ സീക്ക്ഗെന്റെ കൈത്ത് മർന്നില്ല' എന്നാണ്. ഭരണകൂടം നേരിട്ട് പ്രമോട്ട് ചെയ്ത എൻഡോസൾഫാൻ എന്ന മാരകമായ കീടനാശിനിയാണ് ഇതിനെല്ലാം കാരണം എന്ന് തിരിച്ചറിയുന്നതോടെ സ്വയം സൃഷ്ടിച്ച തുരുത്തിൽ നിന്നും നീലകണ്ഠനും ദേവയാനിയും പുറം ലോകത്തേക്ക് വരുന്നു. ലോകരാഷ്ട്രങ്ങൾ മുഴുവൻ നിരോധിച്ച എൻഡോസൾഫാൻ എൻമകജെയിലെ ജൈവപ്രകൃതിയെ മാത്രമല്ല ഡാർവിന്റെ പരിണാമസിദ്ധാന്തത്തെപോലും മാററിയെഴുതുന്ന കാഴ്ചയാണ് പിന്നെ അവർക്ക് കാണേണ്ടിവരുന്നത്. ഡോ.അരുൺകുമാറിന്റെ ക്ലിനിക്കിൽ വെച്ച് മെലിഞ്ഞുണങ്ങിയ ഒരു സ്ത്രീയുടെ ചുമലിൽ പററി ചെറിയ തലയും മുന്നോട്ടുന്തിയ മുഖവും ഉൾവലിഞ്ഞ ചെറിയ കണ്ണുകളും ചെമ്പിച്ച രോമങ്ങൾ പൊതിഞ്ഞ കൈകാലുകളുമായി കുരങ്ങിന്റെ രൂപത്തിലുള്ള ഒരു കുട്ടിയെ നീലകണ്ഠൻ കാണുന്നുണ്ട്. കുരങ്ങനിൽ നിന്ന് മനുഷ്യൻ എന്നത് മനുഷ്യനിൽ നിന്ന് കുരങ്ങൻ എന്നാണോ എന്ന് മാറിപ്പോയതായി നീലകണ്ഠൻ സംശയിക്കുന്നുണ്ട്. നഗ്നനേത്രങ്ങളെ ചുട്ടുപൊള്ളിച്ച എത്രയെത്ര കാഴ്ച്ചകൾ.... തൂങ്ങിക്കിടക്കുന്ന നാവുമായി ഭാഗ്യലക്ഷ്മി, ശരീരത്തേക്കാൾ വലിയ തലയുള്ള നാരായണഷെട്ടിയുടെ മകൾ, നായകളെപ്പോലെ ജീവിതകാലം മുഴുവൻ ചങ്ങലയിൽ കിടക്കാൻ വിധിക്കപ്പെട്ട തൂമണ്ണ ഷെട്ടിയുടെ മക്കൾ, നീരാളിയുടേതുപോലെ വിരലുകൾ ചുരുണ്ട് വികൃതമായി അന്ധനായ അൻവർ, സഹോദരി ഫാത്തിമ സുബ്ബണ്ണ നായിക്കിന്റെ വീട്ടിലെ മൂന്നുകാലുള്ള പശു, മൂത്രസഞ്ചി ജൻമനാ ശരീരത്തിന് വെളിയിലായിപ്പോയ മഞ്ചു, കണ്ണേമടങ്ങുക എന്ന് പറഞ്ഞതുപോലെ വാക്കുകൾ ഉരുകി കണ്ണീരായി പെയ്യുന്ന തീവ്രാനുഭവത്തിന്റെ ഒരു കാഷ്വാലിററിയാണ് ജീവിതത്തിലും നോവലിലും തെളിയുന്നത്. അതുകൊണ്ട് തന്നെ ജീവിതത്തിന്റെ കണ്ണാടിയായി നോവൽ മാറിത്തീരുകയാണ്. ഒരു പക്ഷെ ദേവയാനി തന്റെ ജീവിതത്തിന്റെ കഥപറയുന്നത് കണ്ണാടിയോട് സംവദിച്ചുകൊണ്ടാണ്. അവിടെയും കണ്ണാടി ജീവിതത്തിന്റെ മെററഫർ ആയി മാറുകയാണ്. പക്ഷെ ദുരന്തക്കാഴ്ചകളുടെ പൊള്ളുന്ന റേഡിയേഷനാണ് നോവൽ എന്ന കണ്ണാടിയിലൂടെ വായനക്കാർ ഏററുവാങ്ങുന്നത് എന്ന് വായനാനുഭവം പഠിപ്പിക്കുന്നുണ്ട്.



ദേവയാനി എടുത്തുപോററിയ പരീക്ഷിത്തിനെ കുളിപ്പിക്കുമ്പോഴോ, അല്ലെങ്കിൽ വ്രണം വന്ന് നിറഞ്ഞ മററു രോഗികളെ പരിചരിക്കുമ്പോഴോ നീലകണ്ഠന് യാതൊരുവിധ മനംപുരട്ടലുമില്ലായിരുന്നു. കാരണം കുഷ്ഠരോഗികളെ ഹൃദയപൂർവ്വം ശുശ്രൂഷിച്ച ഒരു പഴയകാലം അയാൾക്കുണ്ടായിരുന്നു. കിണറുകളില്ലങ്കിലും ജലസമൃദ്ധിയുടെ നാടായ എൻ മകജെ അതുകൊണ്ട് തന്നെയാണ് നരകമായി മാറിയതും. 'സുരങ്ക'ങ്ങളുടെ നാടായ ആ പ്രദേശത്തെ തുളുപഞ്ചവടി എന്ന യക്ഷഗാനത്തിലെ രണ്ടു വരികളിലൂടെ ശ്രീരാമ അവതരിപ്പിക്കുന്നത് ഇങ്ങനെയാണ്-

"നോഡി നിർമ്മല
ജല സമീപനി
മാടികൊണ്ടരു
പർന്നശാലയി" എന്നിട്ട് അദ്ദേഹം നോവലിൽ ഇങ്ങനെ പറയുന്നു. "ഇരുപത്തഞ്ച് വർസായില്ലെ ഹെലി കോപ്ററററിൽ നിന്നും വെഷം ഇവിടത്തെ വാട്ടർ ബോഡീസിലൊക്കെ വീഴ്ന്ന്. കിണറായിരുന്നെങ്കി മൂടാമായിരുന്നു. മലയില് വീഴ്ന്ന വെഷമെല്ലാം താന്നിററ് സുരങ്കത്തിലൂടെ ഒഴ്കിവന്ന് എത്ത്ന്നത് മുററത്ത്. അതാ ഈ നാട്ടില് ഇത്ര ജാസ്തി രോഗികള്".

"*എൻഡോസൾഫാൻ വിഷമല്ല; മരുന്നാണ്. രോഗമുണ്ടെങ്കിൽ നല്ല ഡോക്ടർമാരെ കൊണ്ട് വന്ന ചികിത്സിപ്പിക്കുകയാണ് വേണ്ടത്* എന്ന വകുപ്പുമന്ത്രിയുടെ മനുഷ്യത്വവിരുദ്ധമായ പ്രസ്താവനയിൽ നിന്നാണ് എൻ മകജെയിൽ ഒരു ജനകീയ സമരം ഉരുത്തിരിയുന്നത്. ഉദ്യോഗസ്ഥരും ഭരണാധികാരികളും എൻഡോസൾഫാൻ കമ്പനിയുടെ താൽപര്യങ്ങൾക്കുവേണ്ടി സംസാരിച്ചു തുടങ്ങിയപ്പോൾ പ്രതിരോധത്തിന്റെ ഒരു സംഘശക്തി അവിടെ രൂപപ്പെടുകയും *എസ്പാക്ക്* (എൻഡോസൾഫാൻ സ്പ്രേ പ്രൊട്ടസ്ററ് ആക്ഷൻ കമ്മിററി) രൂപപ്പെടുകയും ചെയ്തു.

ഭരണകൂടവും അവരുടെ പോലീസും ജനകീയ സമരങ്ങളെ അടിച്ചൊതുക്കുകയായിരുന്നു. ഗുണ്ടകളും ദല്ലാളന്മാരും അതിജീവനത്തിന്റെ സമരങ്ങളെ ഒളിഞ്ഞും തെളിഞ്ഞും കശാപ്പു ചെയ്യുകയായിരുന്നു. നീലകണ്ഠനും, അരുൺകുമാറും, ജയരാജനും, ശ്രീരാമയും എല്ലാം നേതൃത്വം കൊടുത്ത പ്രക്ഷോഭങ്ങൾ വിജയിക്കാതെ പോവുകമാത്രമല്ല, ജഢാധാരിമലയിൽ അജ്ഞാത ശവമായി പ്രക്ഷോഭകാരിയായ ജയരാജൻ മാറുകയും

ചെയ്യുന്നു. ഒരു കെട്ടകാലത്തിന്റെ ദയാരഹിതമായ ആർത്തികൾ നീലകണ്ഠനെയും ദേവയാനിയേയും പിന്തുടർന്നു കൊണ്ടേയിരുന്നു. നോവലിൽ മറയില്ലാതെയെത്തുന്ന നേതാവും ഗുണ്ടകളും ജഡാധാരി മലയുടെ വിജനതയിലേക്ക് കൊന്നു കുഴിച്ചു മൂടാൻ രണ്ടുപേരെയും കൊണ്ടുപോവുകയായിരുന്നു.മരത്തിൽ ഊമിബദളു കൾ (വള്ളികൾ) കൊണ്ട് കെടിമുറുക്കി രണ്ടുപേരെയു് തലകീഴായി കെട്ടിതൂക്കി. നീലകണ്ഠൻ കണ്ണുതുറന്ന് ദേവയാനിയെ നോക്കാൻ ശ്രമിച്ചു. കാഴ്ചകൾ ഒന്നും വ്യക്തമാകുന്നില്ല. ലോകം കീഴ്മേൽ മറിഞ്ഞതുപോലെ. *ആമാശയവും കുടലുമെല്ലാം വായിലേക്ക് തള്ളിക്കയറിവരുന്നപോലെ ശ്വാസം മുട്ടുന്നു* . എവിടെ നിന്നോ ഇഴഞ്ഞെത്തിയ സർപ്പം കാട്ടുപുല്ലിൽ കുന്തിച്ചിരുന്ന നേതാവിനെ ദംശിക്കുന്നു. പിന്നെ പത്തി വിരിച്ച് അനുചരൻമാരുടെ നേർക്ക് ദീഷണമായൊരു നോട്ടം നോക്കുകയും പകുതി ജീവൻ പോയതുപോലെ അവർ വിരണ്ടോടുകയും ചെയ്യുന്നു. നോവലിൽ ഇങ്ങനെയൊരു രംഗം ഉണ്ടായിത്തീരുമ്പോൾ അത് നോവലിസ്ററിന്റെ അമർഷം പത്തിവരിച്ചാടുന്നതുപോലെ തോന്നുന്നു. ഒരു പോയററിക്ക് ജസ്ററിസ് പോലെ നൈതികമായ ഒരു ബോധത്തിന്റെ വിധി നിർണയം പോലെ അവിടെ സർപ്പ ദംശനം ഭൂമിയിലെ ഏഴകളുടെ പ്രതികാരമായിത്തീരുന്നു.

നോവലിലെ അവിസ്മരണീയമായ മറെറാരു കഥാപാത്രമാണ് വൈദ്യനായ പഞ്ചി. പ്രായത്തിന്റെ കഷ്ടതകളെ മറികടന്ന് സർവ്വവ്യാപിയായി ജഡാധാരിമലയുടെ ആത്മാവ് നെഞ്ചിലേററിയ പ്രകൃതിസ്വത്വത്തിന്റെ ഭാഗമായിതീരുന്ന പഞ്ചി, കഥാവസാനം അവിശ്വസനീയമായ കരുത്തിന്റെ ചിഹ്നമായിത്തീരുന്നുണ്ട്. ''പെട്ടെന്ന് കാട് തകരുന്നതുപോലെ വലിയൊരു ശബ്ദം പൊങ്ങി. ജഡാധാരിക്കാവിന്റെ ഭാഗത്തുനിന്നാണ്.''

തല ആവുന്നത്ര ചെരിച്ച് നീലകണ്ഠൻ ശബ്ദം കേട്ട ദിക്കിലേക്ക് നോക്കി. ജഡാധാരിക്കാവിൽ നിന്നും ഒരു കറുത്ത മൃഗം ഇറങ്ങിവരികയാണ്. തങ്ങളുടെ നേർക്കാണ് നീലകണ്ഠൻ ഭീതിപ്പെട്ടു. മൃഗങ്ങളില്ലാത്ത ഈ കാട്ടിൽ. മനുഷ്യമാംസം തിന്നുന്ന ഈ മൃഗം ഏതാണ്? ഈ വിധിയാണോ ഞങ്ങളെ കാത്തിരിക്കുന്നത്? തലചെരിച്ച് കണ്ണ് ഒന്നു കൂടെ മിഴിച്ച് നീലകണ്ഠൻ വീണ്ടും നോക്കി. വിസ്മയത്തിൽ അയാളുടെ കണ്ണു തുറിച്ചു. കാട്ടുമൃഗമല്ല ഓടി വരുന്നത്. പഞ്ചിയാണ്! കൈയ്യിലൊരു വാക്കത്തിയുമുണ്ട്.

ഒന്നും ചോദിക്കാൻ നില്ക്കാതെ പഞ്ചിമരത്തിലേക്ക് പാഞ്ഞ് കയറി. ദേവയാനിയെ കെട്ടിത്തൂക്കിയ ഊമിബദള് ആദ്യം അരിഞ്ഞു. പിന്നെ നീലകണ്ഠനെ താഴ്ത്തിറക്കി. കോടന്തിരികുഞ്ഞിന്റെ കണ്ണായി, ശ്വാസമായി പഞ്ചിമാറുന്നുണ്ട്.

നോവലിന്റെ അമ്പത്തിയൊന്നാമത്തെ (അവസാനത്തെ) അദ്ധ്യായം മനുഷ്യനാഗരികതയെ വിചാരണ ചെയ്യുന്ന ചിന്തകളായി വായനക്കാരന്റെ സംസ്കാര ചിന്തകളെ ചുററിവരിയുന്നു. എല്ലാം ഉപേക്ഷിച്ച് ജഡാധാരിമലയിലെ ഗുഹയിലേക്ക് അവരെത്തുന്നു.

ഗുഹ പറഞ്ഞു. അഭയം വേണമെങ്കിൽ നിങ്ങൾക്ക കത്തേക്കുവരാം. പക്ഷെ അരയിൽ ചുററിയ ആ ജീർണതയുണ്ടല്ലോ അത് വലിച്ചെറിയണം.

കേട്ടമാത്രയിൽ ഇരുവരും ഉടുതുണി ഉരിഞ്ഞ് ചാലിലേക്ക് വലിച്ചെറിഞ്ഞു. പൂർണനഗ്നരായി. ഗുഹആതുമയോടെ ശബ്ദിച്ചു. ''വരൂ'' സാറാജോസഫ് പറയുന്നു; ''അംബികാസുതൻ മാങ്ങാടിന്റെ എൻ മകജെയുടെ അവസാനം ഇങ്ങനെയാണ് ആദിമ മനുഷ്യൻ ഗുഹാവാസിയായിരുന്നു. ഗുഹയിൽ നിന്ന് സംസ്കാരത്തിലേക്ക് അവൻ ''വളർന്നു''. പിന്നെന്തുകൊണ്ട് വീണ്ടും ഗുഹയിലേക്ക്? ഈ ചോദ്യത്തിനുത്തരമാണ് 'എൻമകജെ'.കഴുത നമ്മെ അഭിസംബോധന ചെയ്യുന്ന കെട്ടകാലമാണ് എൻഡോസൾഫാൻ നമുക്ക് തന്നത്. ആ കാലത്തിന്റെ തലക്കുറിയിലൂടെ അംബികാസുതൻ എൻഡോസൾഫാൻ പ്രശ്നത്തിന് പാരിസ്ഥിതിക പരിപ്രേക്ഷ്യമുള്ള ഒരു നിത്യസ്മരണിക തീർന്നിരിക്കുകയാണ് ഈ നോവലിലൂടെ (എം.എ. റഹ്മാൻ) ചരിത്രപരമായി നോക്കിയാൽ വി.എസ്.അച്യുതാനന്ദൻ എൻഡോസൾഫാൻ പ്രശ്നം ഏററെടുക്കുന്ന 2001 വരെ നടന്ന ജനകീയ പ്രക്ഷോഭത്തിന്റെ ആദ്യഘട്ടം ഭരണകൂടത്തിന്റെയും രാഷ്ട്രീയ ഉദ്യോഗസ്ഥ സഖ്യത്തിന്റെയും അവിശുദ്ധ വിജയത്തിൽ എത്തിനിന്നകാലത്തെയാണ് നോവൽ അവതരിപ്പിക്കുന്നതെന്നും പ്രതിരോധത്തിന്റെ രണ്ടാം ഘട്ടമെന്ന നിലയിൽ പരിസ്ഥിതി രാഷ്ട്രീയത്തിന്റേയും തിരിച്ചറിവിന്റേയും പുതിയ പശ്ചാത്തലങ്ങളിലേക്ക് നീലകണ്ഠനും ദേവയാനിയും ഗ്രാമീണ ജനതയും കടന്നു പോകുന്നിടത്ത് നോവൽ അവസാനിക്കുകയും ചെയ്യുന്നു എന്ന് ഡോ.ഷാജിജേക്കബ് പറയുന്നു.

കേരളത്തിൽ മാത്രമല്ല, അഖിലേന്ത്യാതലത്തിലും അന്താരാഷ്ട്ര തലത്തിലും ഉയർന്നുവന്നിട്ടുള്ള എൻഡോസൾഫാൻ വിവാദത്തിന്റെ ഫലമായി ഇന്ത്യാ ഗവൺമെന്റിന് അത് നിരോധിക്കാതെ അധികകാലം പിടിച്ചു നിൽക്കാനാവില്ല എന്നതാണ് വാസ്തവം. വിടാതെ പിടിച്ചു നിൽക്കുന്ന അകാർബണിക മാലിന്യകാരകങ്ങളെ (Persistent Organic Pollutants POP) സംബന്ധിച്ചുള്ള അന്താരാഷ്ട്ര അവലകോന സമിതിയുടെ 2010 ഒക്ടോബറിൽ ജനീവയിൽ ചേർന്ന യോഗത്തിൽ പങ്കെടുത്ത 29 രാഷ്ട്രങ്ങളിലെ പ്രതിനിധികളിൽ 24 ലേക്കും എൻഡോസൾഫാൻ നിരോധിക്കണമെന്ന ആവശ്യം മുന്നോട്ട് വെച്ചപ്പോൾ ഇന്ത്യയുടെ പ്രതിനിധിമാത്രമാണ് അതിനെ എതിർത്തത്. അവലോകന സമിതിയുടെ ശുപാർശ 2011 മെയ്മാസം ചേരുന്ന 166 അംഗരാജ്യങ്ങളടങ്ങിയ സ്റേറാക്ക് ഹോം കൺവെൻഷനിൽ ചർച്ചക്ക് വരും. അവലോകന സമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അന്താരാഷ്ട്രതലത്തിൽ എൻഡോസൾഫാൻ നിരോധനം വേണമെന്ന് സ്റേറാക്ക് ഹോം കൺവെൻഷനിൽ തീരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഈ തീരുമാനം അംഗീകരിച്ച് നിരോധനം ഏർപ്പെടുത്താൻ അപ്പോൾ ഇന്ത്യാ ഗവൺമെന്റും നിർബന്ധിക്കപ്പെടും. പാരിസ്ഥിതികാധിനിവേശത്തിനെതിരെയുള്ള അതിശക്തമായ നോവലാണ് എൻമകജെ. 1992 ൽ റിയോഡി ജനീറോവിൽ പരിസ്ഥിതിയും വികസനവും സംബന്ധിച്ച് ഐക്യരാഷ്ട്ര സംഘടന നടത്തിയ കോൺഫറൻസും പിന്നീട് സൊഹർബെക്സിൽ നടന്ന ഉച്ചകോടിയും മാറിക്കൊണ്ടിരിക്കുന്ന പരിസ്ഥിതിയിലേക്ക് ജനശ്രദ്ധ ക്ഷണിക്കുകയുണ്ടായി. ഇന്നു മുതൽ മണ്ണിൽ വീഴുന്ന ഓരോ തുള്ളി വെള്ളത്തിന്റെയും മുളപൊട്ടുന്ന ഓരോ പുൽകൊടിയുടേയും അതിജീവനത്തിന്റെ കാര്യത്തിൽ ആത്യന്തികമായ തീരുമാനത്തിലെത്തേണ്ട ചുമതല മനുഷ്യന്റേതായി മാറിക്കഴിഞ്ഞിരിക്കുന്നു. ചരിത്രവും ശാസ്ത്രവും, ഭാവനയും, സർഗ്ഗാത്മകതയും കൊണ്ട് നെയ്ത 'എൻമകജെ' എന്ന അംബികാസുതന്റെ നോവൽ ഓരോ വായനയിലും ഓരോ ചിന്തയിലും ഇത് തന്നെയാണ്, ഇത് മാത്രമാണ് എഴുത്താണിയുടെ മുർച്ച കൊണ്ട് കുത്തിനോവിച്ച് ഓർമ്മപ്പെടുത്തുന്നത്.

# കോളജ് അധ്യാപകർ ധർണ്ണ നടത്തി




സർവ്വകലാശാലകൾ അംഗീകരിച്ച അധ്യാപക നിയമനങ്ങൾക്ക് ശമ്പളം നൽകുക, സർവകലാശാലകൾ പ്രമോഷൻ നൽകിയ അധ്യാപകരുടെ തടഞ്ഞുവെച്ച ശമ്പളം ഉടൻ നൽകുക. അകാരണമായി തടഞ്ഞുവെച്ചിരിക്കുന്ന ശമ്പളകുടിശ്ശിക ബില്ലുകൾ പാസ്സാക്കുക, പരിഷ്കരിച്ച യു.ജി.സി ശമ്പളം എല്ലാ അധ്യാപകർക്കും നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് എ.കെ.പി.സി.ടി.എ യുടെ ആഭിമുഖ്യത്തിനു കോളജ് അധ്യാപകർ എറണാകുളം കോളീജിയററ് ഡപ്യൂട്ടി ഡയറക്ടറാഫീസിനു മുന്നിൽ ധർണ നടത്തി. കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ. എംപ്ലോയീസ് ജില്ലാ സെക്രട്ടറി പി.ജി.ശശീന്ദ്രൻ ധർണ ഉദ്ഘാടനം ചെയ്തു. പ്രൊഫ. കെ.കെ.ജോഷി, ഡോ.രാമദാസ്, പ്രൊഫ.പി.രഘുനാഥ്, പ്രൊഫ. സുകുമാരബാബു, എം.വി ഗീവർഗീസ് പ്രൊഫ.ടോമിച്ചൻ ജോസഫ്, ഡോ.പി.തോമസ് മാത്യു എന്നിവർ സംസാരിച്ചു. എ.കെ.പി.സി.ടി.എ സംസ്ഥാന വൈസ് പ്രസിഡൻറ് പ്രൊഫ.ഡി.സലീംകുമാർ അധ്യക്ഷത വഹിച്ചു.

**കുഞ്ഞിമംഗലം സർവ്വീസ് സഹകരണബേങ്ക്:ലി:**

**നമ്പർ:സി:4682 പി.ഒ കുഞ്ഞിമംഗലം**
**ഹെഡ്ഓഫീസ് കുഞ്ഞിമംഗലം ഫോൺ: 2810257**

ബ്രാഞ്ച് എടാട്ട്: ഫോൺ. 2805254
ഈവനിംഗ് ബ്രാഞ്ച് കൊയപ്പാറ : ഫോൺ. 2812258

നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശനിരക്ക്
ലളിതമായ പലിശ നിരക്കിൽ സ്വർണ്ണപണയ വായ്പ
എല്ലാതരംവായ്പകളും, വളംഡിപ്പോ.... കമ്പ്യൂട്ടർവൽകൃത ബ്രാഞ്ചുകൾ
എല്ലാ ബ്രാഞ്ചിലും സെയിഫ്ഡെപ്പോസിററ് ലോക്കർ സൗകര്യം

**നീതി ഇലക്ട്രിക്കൽസ് & പ്ലംബിംഗ്സ്**
**ഹെഡ്ഡോഫീസ് ബിൽഡിംഗിൽ**
**ഫോൺ. 2812057**

**ആണ്ടാംകൊവ്വൽ സായാഹ്നശാഖ**
**ഉടൻ പ്രവർത്തനമാരംഭിക്കുന്നു**

സഹകരണനിക്ഷേപം ഗ്രാമവളർച്ചക്ക്
നമ്മുടെ നിക്ഷേപം നമ്മുടെ ബേങ്കിൽ

പ്രസിഡൻറ്
**വി.നാരായണൻ**

സെക്രട്ടറി
**കെ.വി.നന്ദകുമാർ**

**തിരുവനന്തപുരം**

# കേരളത്തിലെ വിദ്യാഭ്യാസമാററങ്ങൾക്ക് മററു സംസ്ഥാനങ്ങളുടെ അംഗീകാരം




പുതിയ വിദ്യാഭ്യാസ സംസ്കാരം ഉൾക്കൊണ്ട് മുന്നേറുന്ന കേരളം മററ് സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറിയെന്ന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ.കെ.എൻ.പണിക്കർ പറഞ്ഞു. എകെപിസിടിഎ തിരുവനന്തപുരം ജില്ല അക്കാദമിക് കമ്മിററി സംഘടിപ്പിച്ച യുജിസി റെഗുലേഷൻ സംബന്ധിച്ച ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഉന്നത വിദ്യാഭ്യാസരംഗത്ത് ഉത്തരാഞ്ചൽ സംസ്ഥാനത്ത് കൊണ്ടുവരേണ്ട മാററങ്ങൾ സംബന്ധിച്ച് അവിടത്തെ വൈസ് ചാൻസലർ തന്നോട് സംസാരിച്ചത് ഉദാഹരിച്ചാണ് ഡോ.പണിക്കർ ഇത് പറഞ്ഞത്. ദേശീയതലത്തിൽ ഉണ്ടായ മാററവും കേരളം അത് നടപ്പാക്കിയ രീതിയും ശ്രദ്ധിച്ചാണ് കേരളത്തെ മാതൃകയാക്കാൻ ഉത്തരാഞ്ചൽ തീരുമാനിച്ചത്. ഇതിനായി പ്രഗത്ഭരുടെ ഒരു ശിൽപശാല അവർ സംഘടിപ്പിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ദേശീയതലത്തിൽ ഉണ്ടായ മാററങ്ങളും കേരളം സ്വീകരിച്ച് നടപ്പിൽ വരുത്തിയ മാററങ്ങളും എന്നിങ്ങനെ രണ്ട് കാഴ്ചപ്പാട് ഈ രംഗത്തുണ്ട്. ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനായി, ഐഐടി, ഐഐഎം, കേന്ദ്ര സർവകലാശാല എന്നിങ്ങനെ കേന്ദ്രം നേരിട്ട് തുറന്ന സ്ഥാപനങ്ങൾ, നിലവാരം കാക്കുന്നുണ്ടെങ്കിലും, അവിടെ പ്രവേശനം കിട്ടുന്നവർക്കു മാത്രമായി ഗുണനിലവാരം പരിമിതപ്പെടുകയാണ്. രാജ്യത്ത് 15 ശതമാനം കുട്ടികൾക്കേ ഈ നിലവാരം ലഭ്യമാകുന്നുള്ളു. കേന്ദ്ര സ്കോളർഷിപ്പുകളിൽ ഭൂരിപക്ഷവും പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് നൽകുന്ന രീതിയും വിമർശിക്കപ്പെടേണ്ടതാണെന്ന് പണിക്കർ പറഞ്ഞു. വിദ്യാഭ്യാസ സമത്വം ഉറപ്പുവരുത്താൻ സർക്കാരിനേ കഴിയൂ. കേരള വിദ്യാഭ്യാസരംഗത്തെ മാററങ്ങളെ വിപ്ലവാത്മകം എന്ന് അടുത്തിടെ ബി.ബി.സി വിശേഷിപ്പിച്ചത് ഈ സാഹചര്യത്തിൽ ശ്രദ്ധേയമാണ്.

യുജിസി സഹായത്തോടെ നടത്തുന്ന സെമിനാറുകളുടെ അക്കാദമിക ഓഡിററിങ് ആവശ്യമാണെന്നും പണിക്കർ പറഞ്ഞു. സെമിനാറുകൾ സംഘടിപ്പിക്കുന്ന രീതിയും മാറണം. ഉന്നതവിദ്യാഭ്യാസത്തിന് സാംസ്കാരികത്തനിമ എന്നൊരു വശംകൂടിയുണ്ട്. വിദേശ സർവകലാശാലകളുടെ കടന്നുവരവിനെ താൻ എതിർക്കുന്നതിന് കാരണം ഇതാണെന്നും അദ്ദേഹം പറഞ്ഞു.

*യുജിസി റെഗുലേഷൻ* എന്ന വിഷയം സർവീസ്സെൽ കൺവീനർ പ്രൊഫ.കെ.എസ്.ജയചന്ദ്രൻ അവതരിപ്പിച്ചു. എ.കെ.പി.സി.ടി.എ. ജനറൽ സെക്രട്ടറി ഡോ.വി.രാജേന്ദ്രൻനായർ ചടങ്ങിന് ആശംസകൾ അർപ്പിച്ചു. എ.കെ.പി.സി.ടി.എ വൈസ് പ്രസിഡൻറ് പ്രൊഫ.ഡി.സലിംകുമാറിൻെറ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാ സെക്രട്ടറി ഡോ.എം.ഷാഹുൽ ഹമീദ് സ്വാഗതവും ജില്ലാ അക്കാദമിക് കമ്മിററി കൺവീനർ ഡോ.എൻ.ഗോപകുമാർ നന്ദിയും പറഞ്ഞു.





# എ.കെ.പി.സി.ടി.എ
# തിരുവനന്തപുരം ജില്ല വനിതാ കൺവെൻഷൻ




എ.കെ.പി.സി.ടി.എ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 2011 ജനുവരി 29 ന് എ.കെ.പി.സി.ടി.എ കോൺഫറൻസ് ഹാളിൽ വച്ച് നടന്ന വനിതാ കൺവെൻഷൻ ആരാദ്ധ്യയായ തിരുവനന്തപുരം നഗരസഭാ മേയർ അഡ്വ.കെ.ചന്ദ്രിക ഉദ്ഘാടനം ചെയ്തു. ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിൽ എ.കെ.പി.സി.ടി.എ. പോലുള്ള അദ്ധ്യാപക സംഘടനകളുടെ പങ്ക് വിലപ്പെട്ടതാണെന്ന് മേയർ സൂചിപ്പിച്ചു.

*പാരിസ്ഥിതിക ആരോഗ്യവും സ്ത്രീകളും* എന്ന വിഷയത്തിൽ തണൽ സന്നദ്ധ സംഘടനാ പ്രവർത്തക ഡോ.എസ്.ഉഷ മുഖ്യപ്രഭാഷണം നടത്തി. ഉപഭോഗ സംസ്കാരത്തിന്റെ സ്വാധീനത്തിലായ കേരളീയർ കെമിക്കൽസിന്റെ പ്രഭാവം തിരിച്ചറിയുന്നില്ല എന്നും അതുകാരണം പാരിസ്ഥിതിക ദുരന്തം വർദ്ധിച്ചുവരുന്നു എന്നും അവർ പറഞ്ഞു.

എ.കെ.പി.സി.ടി.എ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.രാജേന്ദ്രൻ നായർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ അധ്യാപികമാർ സജീവമായി പങ്കെടുത്തു. എ.കെ.പി.സി.ടി.എ സംസ്ഥാന വനിതാ കൺവീനർ ഡോ.ലേഖാനരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തിരുവനന്തപുരം ജില്ലാ വനിതാ കമ്മിറ്റി കൺവീനർ പ്രൊഫ. എസ്.ഗംഗാദേവി സ്വാഗതവും തിരുവനന്തപുരം ജില്ലാ ജോയിന്റ് സെക്രട്ടറി പ്രൊഫ.എം.ഡി.രതീഷ്കുമാർ നന്ദിയും പറഞ്ഞു.

**പത്തനംതിട്ട**

## എ.കെ.പി.സി.ടി.എയ്ക്ക് വമ്പിച്ച വിജയം

കോഴഞ്ചേരി സെൻറ് തോമസ് കോളജ് സ്ററാഫ് കൗൺസിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ എകെപിസിടിഎ പാനലിലെ 5 പേരും വിജയിച്ചു. Prof. Prasad cherian; Dr.Varghese Oommen, Dr.P.J.James; Dr. Lethakumary P.C; Prof.Febu George Mathew Kurichiyathy എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.


Read & Subscribe

KERALA PRIVATE
COLLEGE TEACHER

Annual subscription Rs.100/-

*ചീഫ് എഡിറററുടെ വിലാസം*
ഡോ. എസ്. ജയരാജ്കുമാർ
ഗീതാജ്ഞലി, 79 ഉള്ളൂർ ഗാർഡൻസ്,
കൊച്ചുള്ളൂർ, മെഡിക്കൽ കോളേജ് പി. ഒ
തിരുവനന്തപുരം- 695 011,
ഫോൺ: 0471-2440004

*മാനേജിംഗ് എഡിറററുടെ വിലാസം*
ഡോ. വി. ജയകുമാർ
ഐശ്വര്യ,ററി. സി. 55/494,
ശാരദാ ഗാർഡൻസ് വെസ്റ്റ്, നിറമൺകര
പാപ്പനംകോട് പി. ഒ,
തിരുവനന്തപുരം -695 018,
ഫോൺ: 0471 -2491432

AKPCTA State Committee Office
Mathurbhoomi Road, Vanchiyoor,
Thiruvananthapuram-35
Phone: 0471- 2463494, Fax: 0471-2468984,
Mobile:09495425219 e-mail:akpctatvm@gmail.com
www.akpcta.org

കോട്ടയം/ ഇടുക്കി

# വിദ്യാഭ്യാസ – വനിതാസമ്മേളനം

എ.കെ.പി.സി.ടി.എ കോട്ടയം-ഇടുക്കി ജില്ലാ കമ്മിററിയുടെ ആഭിമുഖ്യത്തിൽ കോട്ടയം സി.എം.എസ് കോളജിൽ വിദ്യാഭ്യാസ-വനിതാ സെമിനാർ സംഘടിപ്പിച്ചു. ഉന്നതവിദ്യാഭ്യാസ മേഖലയാകെ സ്വദേശ-വിദേശ കുത്തകകൾക്ക് കച്ചവടത്തിനു തുറന്നു കൊടുക്കാനുദ്ദേശിച്ചുള്ള കേന്ദ്ര ബില്ലുകളെക്കുറിച്ചായിരുന്നു വിദ്യാഭ്യാസ സെമിനാർ. പ്രൊഫ.ഡി.സലിംകുമാർ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പ്രൊഫ. എ.എസ്.വർഗ്ഗീസ് വിഷയാവതരണം നടത്തി. പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ.കെ.പി.സുകുമാരൻ നായർ, പ്രൊഫ. കെ.രാധാകൃഷ്ണൻ നായർ, ഡോ.എം.ജോർജ്ജ് സെബാസ്ററ്യൻ എന്നിവർ സംസാരിച്ചു. പ്രൊഫ മോട്ടി തോമസ് മോഡറേററരായിരുന്നു.

*സാമൂഹിക സുരക്ഷയും വനിതകളും* എന്ന വിഷയത്തെ ആസ്പദമാക്കിയാണ് വനിതാ സെമിനാർ സംഘടിപ്പിച്ചത്. ശ്രീമതി കൃഷ്ണകുമാരി രാജശേഖരൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡോ.പി.പി. ചന്ദ്രശേഖരൻപിള്ള അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീമതി സുദർശനഭായി, ഡോ.പി.എസ് ഗീതാകുമാരി പ്രൊഫ. എലിസബത്ത് തോമസ്, ഡോ.പി.കെ.പത്മകുമാർ,പ്രൊഫ. ജോജി അലക്സ്, പ്രൊഫ. മാത്യു മുരിയ്ക്കൽ എന്നിവർ സംസാരിച്ചു.





കോഴിക്കോട്

# വനിതാ – അക്കാദമിക് സെമിനാർ

എ.കെ.പി.സി.ടി.എ. കോഴിക്കോട് ജില്ലാ വനിതാ കൺവെൻഷൻ 2011 ഫെബ്രുവരി 5 ശനിയാഴ്ച ഉച്ചയ്ക്ക് 1.30 ന് മലബാർ ക്രിസ്ത്യൻ കോളജ് ആഡിറേറാറിയത്തിൽ നടന്നു. വനിതാ കൺവെൻഷൻ മലബാർ ക്രിസ്ത്യൻ കോളജ് പ്രിൻസിപ്പൽ ശ്രീമതി ഗ്ലാസിഡ് പി.ഇ.ഐസക് ഉദ്ഘാടനം ചെയ്തു. സ്ത്രീ ശാക്തീകരണത്തിൻെറ വിവിധ വശങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാട് ഉദ്ഘാടക അവതരിപ്പിച്ചു.

കൺവെൻഷനിൽ *സ്ത്രീയും അധികാരവും (women and power)* എന്ന വിഷയം കോഴിക്കോട് സർവ്വകലാശാലാ വനിതാ പഠന കേന്ദ്രത്തിലെ





ഡോ.പി.ബി.ശോഭ അവതരിപ്പിച്ചു.

ജീവിതത്തിന്റെ അനിശ്ചിതാവസ്ഥകളിൽ സാധാരണക്കാരന് ആശങ്കയില്ലെന്നും അതുകൊണ്ട് രൂഢമൂലമായിരിക്കുന്ന പരമ്പരാഗതചിന്തകളെ പിന്തള്ളിക്കൊണ്ട് സാമൂഹിക-തലങ്ങളിലേക്ക് സ്ത്രീ ഇറങ്ങിവരണമെന്ന് കൺവെൻഷൻ ഉദ്ബോധിപ്പിച്ചു. സ്ത്രീ സുരക്ഷിതയാകണമെങ്കിൽ അവർക്ക് നേരെയുള്ള സമൂഹ മനഃസാക്ഷിയാണ് മാറേണ്ടത്. സ്വയം പ്രതിരോധിക്കാനും അനീതിക്കെതിരെ പ്രതികരിക്കാനും കഴിവുള്ള ഒരു പുത്തൻതലമുറയെ വാർത്തെടുക്കേണ്ടത് ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന പുരോഗമന പ്രസ്ഥാനമായ എ.കെ.പി.സി.ടി.എ പോലുള്ള സംഘടനയുടെ കടമയാണെന്നും യോഗം വിലയിരുത്തി.

വിഷയാവതരണത്തിനുശേഷം സജീവമായ ചർച്ചയും നടന്നു.

എ.കെ.പി.സി.ടി.എ ജില്ലാ വൈസ് പ്രസിഡന്റ് ഡോ.പി.ററി മാലിനി (ഗുരുവായൂരപ്പൻ കോളജ്)യുടെ അധ്യക്ഷതയിൽ ചേർന്ന കൺവെൻഷനിൽ കോഴിക്കോട് ജില്ലാ വനിതാ കൺവീനർ ഡോ.എസ്. ശ്രീകുമാരി സ്വാഗതം (പ്രൊവിഡൻസ് വിമൺസ് കോളജ്) ആശംസിച്ചു. തുടർന്ന് നടന്ന ജില്ലാ അക്കാദമിക് കമ്മിററിയുടെ സെമിനാർ എ.കെ.പി.സി.ടി.എ സംസ്ഥാന അക്കാദമിക് കമ്മിററി കൺവീനർ പ്രൊഫ. എ. എസ്. വർഗീസ് ഉദ്ഘാടനംചെയ്തു. ഡോ. ഡി. ശശിധരൻ, പ്രൊഫ. കെ. എസ്. ജയചന്ദ്രൻ, പ്രൊഫ. ഫ്രാൻസിസ് തുടങ്ങിയവർ സംസാരിച്ചു.

**വയനാട്**

# സ്കോളർഷിപ്പ് വിതരണവും പൊതുയോഗവും

സുൽത്താൻ ബത്തേരിസെന്റ് മേരീസ് കോളജ് എ.കെ.പി.സി.ടി.എ യൂണിററിന്റെ ആഭിമുഖ്യത്തിൽ കോളജിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണവും പൊതുയോഗവും 2011 ജനുവരി 25 ചൊവ്വാഴ്ച കോളജ് ഓഡിറേറാറിയത്തിൽ വെച്ചു നടന്നു. യൂണിററ് പ്രസിഡന്റ് പ്രൊഫ.പ്രേംജി ഐസക്കിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കോളജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പ്രൊഫ.യു.എ.മോഹൻ ദാസ് സ്കോളർഷിപ്പ് വിതരണവും മുഖ്യപ്രഭാഷണവും നടത്തി. കോളജ് പ്രിൻസിപ്പൽ പ്രൊഫ. വറുഗീസ് വൈദ്യൻ യോഗം ഉദ്ഘാടനം ചെയ്തു. യൂണിററ് സെക്രട്ടറി പ്രൊഫ. ജോർജ്ജ് ജെയിംസ് മാത്യു, ശ്രീ. ബേബി ടി പോത്തൻ, ശ്രീ.സി.വൈ ചാക്കോ, വൈസ് ചെയർമാൻ സരിത ശശി എന്നിവർ യോഗത്തിൽ സംസാരിച്ചു.



**കണ്ണൂർ** | **വനിതാ സമ്മേളനം**



കണ്ണൂർ- കാസർഗോഡ് വനിതാ കൺവെൻഷൻ 2011 ഫെബ്രുവരി 19ന് കണ്ണൂർ എൻ. ജി. ഒ യൂണിയൻ ഹാളിൽ നടന്നു. കൺവെൻഷൻ എ.കെ.ജി.സി.ടി സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. പി. ഓമന ഉദ്ഘാടനംചെയ്തു. എ.കെ. പി.സി.ടി.എ ജില്ലാ പ്രസിഡന്റ് പ്രൊഫ. പി. പ്രഭാകരന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാ വനിതാ കൺവീനർ ഷീല എം.ജോസഫ് സ്വാഗതവും വനിതാ സബ്കമ്മിററി അംഗം ഡോ. സോന നന്ദിയും രേഖപ്പെടുത്തി.



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും മലയാളത്തിൽ ഡോക്ടറേറ്റ് നേടിയ മാല്യങ്കര എസ്.എൻ.എം.കോളജ് അധ്യാപിക **വി.എസ്.സുമാദേവി.** *സ്ത്രീദർശനം മലയാള കവിതയിൽ* എന്ന വിഷയത്തിൽ ആലുവ സെൻറ് സേവ്യേഴ്സ് കോളേജിലെ ഡോ.കെ. രതിയുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കേരള സർവ്വകലാശാലയിൽ നിന്നും കെമിസ്ട്രിയിൽ ഡോക്ടറേറ്റ് നേടിയ തിരുവനന്തപുരം എം.ജി. കോളജ് അധ്യാപിക **ആർ. ചന്ദ്രികാ ദേവി** *Metal Chetates of Sum Hetro Cyclic Azo Compounds* എന്ന വിഷയത്തിൽ കേരള സർവകലാശാലയിലെ ഡോ.കെ. മോഹനൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കണ്ണൂർ സർവ്വകലാശാലയിൽ നിന്നും മൈക്രോബയോളജിയിൽ ഡോക്ടറേറ്റ് നേടിയ കണ്ണൂർ എസ്.എൻ. കോളജ് അധ്യാപിക **എൻ.അയന** *"Molecular characterization of multi drug resistant Salmonella enterica serovar Typhi from Kerala , S.India"* എന്ന വിഷയത്തിൽ കണ്ണൂർ സർവ്വകലാശാലയിലെ ഡോ.കെ. സുരേഖയുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്നും പോളിമർ സയൻസിൽ ഡോക്ടറേറ്റ് നേടിയ മാല്യങ്കര എസ്.എൻ. എം.കോളജ് അധ്യാപിക **എം. ജി ഭുവനേശ്വരി.** *Modification of Natural Rubber Using Thermoset Resins* എന്ന വിഷയത്തിൽ ഡോ. എബി തോമസ് തച്ചിലിൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും സസ്യശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ മാല്യങ്കര എസ്.എൻ.എം.കോളജ് അധ്യാപകൻ **കെ.കെ.ജോഷി.** *Studies on Periphytic Algae in Pokkali and Prawn Fields of N. Paravur and Vypeen Island"* എന്ന വിഷയത്തിൽ ആ ഡോ.ആർ. ശ്രീകുമാറിൻെറ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

## എ.കെ.പി.സി.ടി.എയുടെ സംസ്ഥാന വനിതാ കൺവെൻഷനോടനുബന്ധിച്ച് നടത്തിയ സാഹിത്യമത്സരത്തിലെ വിജയികൾ.

**വിദ്യാർത്ഥികൾ**

**കവിത.**

ഒന്നാം സ്ഥാനം - ബെസ്ററി തോമസ്, രണ്ടാംസെമസ്ററർ, മാസ് കമ്മ്യൂണിക്കേഷൻസ്, സെൻറ് സേവ്യേഴ്സ് കോളജ്, തുമ്പ, തിരുവനന്തപുരം

രണ്ടാം സ്ഥാനം - ദ്വിജാബായി.എ.കെ., മൂന്നാം വർഷം ഇംഗ്ലീഷ്, സെൻറ് മേരീസ് കോളജ്, സുൽത്താൻ ബത്തേരി, വയനാട്

മൂന്നാം സ്ഥാനം - ഹരിപ്രിയ എസ്.എച്ച്, മൂന്നാം വർഷം ബോട്ടണി, സെൻറ് മേരീസ് കോളജ്, സുൽത്താൻ ബത്തേരി, വയനാട്

**കഥ**

ഒന്നാംസ്ഥാനം - ബെസ്ററി തോമസ്, രണ്ടാം സെമസ്ററർ, മാസ് കമ്മ്യൂണിക്കേഷൻസ്, സെൻറ് സേവ്യേഴ്സ് കോളജ്, തുമ്പ, തിരുവനന്തപുരം

രണ്ടാം സ്ഥാനം - ലിജിഷ.എ.ററി, എൻ.എസ്.എസ്.കോളജ്, മഞ്ചേരി, മലപ്പുറം

മൂന്നാം സ്ഥാനം - സുചിത്ര.പി., മൂന്നാം വർഷം ബോട്ടണി, പയ്യന്നൂർ കോളജ്, പയ്യന്നൂർ, കണ്ണൂർ

**ഉപന്യാസം**

ഒന്നാം സ്ഥാനം - അമേയ.എ.ആർ, നാലാം സെമസ്ററർ ബി.എ. ഇംഗ്ലീഷ്, പി.ആർ.എൻ.എസ്.എസ്.കോളജ്, കണ്ണൂർ

രണ്ടാം സ്ഥാനം - ദ്വിജാബായി.എ.കെ., മൂന്നാം വർഷം ഇംഗ്ലീഷ്, സെൻറ് മേരീസ് കോളജ്, സുൽത്താൻബത്തേരി, വയനാട്

മൂന്നാം സ്ഥാനം - ബെസ്ററി തോമസ്, രണ്ടാം സെമസ്ററർ, മാസ് കമ്മ്യൂണിക്കേഷൻസ്, സെൻറ് സേവ്യേഴ്സ് കോളജ്, തുമ്പ, തിരുവനന്തപുരം

**അധ്യാപികമാർ**

**കവിത**

ഒന്നാം സ്ഥാനം - ഡോ.പി.രമാദേവി, പ്രിൻസിപ്പൽ, ശ്രീ.വിദ്യാധിരാജാ ഹോമിയോപ്പതിക് മെഡിക്കൽ കോളജ്, നേമം, തിരുവനന്തപുരം

രണ്ടാം സ്ഥാനം - ശ്രീമതി അപർണ്ണ.ബി, ലക്ചറർ, ഇംഗ്ലീഷ് വിഭാഗം, എൻ.എസ്.എസ്.കോളജ്,മഞ്ചേരി, മലപ്പുറം

**കഥ**

ഒന്നാം സ്ഥാനം - ശ്രീമതി.അർച്ചന, എസ്.എൻ.കോളജ്, ആലത്തൂർ, പാലക്കാട്

രണ്ടാം സ്ഥാനം - ഡോ.സി.അജിത, എൻ.എസ്.എസ്.കോളജ്, മഞ്ചേരി, മലപ്പുറം

മൂന്നാം സ്ഥാനം - ശ്രീമതി.ധാത്രി നന്ദൻ, ലക്ചറർ, ഇംഗ്ലീഷ് വിഭാഗം, എൻ.എസ്.എസ്.കോളജ്, മഞ്ചേരി, മലപ്പുറം

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818



അർച്ചന
എസ്.എൻ.കോളജ്, ആലത്തൂർ, പാലക്കാട്

# ഫ്ളാഷ് ബാക്ക്

സംസ്ഥാന വനിതാ കൺവെൻഷനോടനുബന്ധിച്ച് കോളജ് അധ്യാപികമാർക്കുവേണ്ടി നടത്തിയ സാഹിത്യമത്സരത്തിൽ ഒന്നാംസ്ഥാനാർഹമായ കഥ

ഒട്ടും ദൈർഘ്യം തോന്നിക്കാതെ കടന്നു പോയ ഒൻപതു വർഷങ്ങൾക്കു പിന്നിലൊരു പകൽ, ഒരു വേനലവധിയുടെ ഒടുക്കം ഞാൻ ഉയിർത്തെഴുന്നേററത് ഒരു കെട്ടിട സമുച്ചയത്തിൻെറ സുന്ദരമായ ഒരു മുററത്താണ്. ആ ഹോസ്ററൽ കെട്ടിടത്തിന് ഉദ്ദേശം ഒരു പത്തു മുപ്പതു വർഷത്തെ പഴക്കം കാണും. ഗെയ്ററിനോട് ചേർന്ന് പടർന്നു വീണു കിടക്കുന്ന വള്ളിച്ചെടി മുഴുക്കെ അന്ന് പൂത്തു നിന്നിരുന്നു. കനത്ത കരിങ്കല്ലുകളിൽ തീർത്ത ഉയർന്ന മതിൽക്കെട്ടിൻെറ കാലുകൾക്കിടയിലൂടെ വേരുകളാഴ്ത്തി ഒരു ചുവന്ന അരളി. ഇലകൾ അടർന്നു വീണിട്ടുണ്ട്. എങ്കിലും ചോരത്തുള്ളികൾ പോലെ അരളിപ്പൂക്കൾ. ഇവിടമൊന്നുറക്കമുണരാൻ മുന്നിൽ തൂക്കിയിട്ടിരിയ്ക്കുന്ന മണിയടിയ്ക്കണം.

ആ കയറൊന്ന് വലിച്ചു വിട്ട് ഞാൻ മതിൽക്കെട്ടിനു പുറത്തേയ്ക്കു നോക്കി. ആളനക്കമില്ലാത്ത അതിവിസ്തൃതമായ ഒരു ഭൂപ്രദേശം. മതിൽ കെട്ടി തിരിച്ചിട്ടുണ്ട്. വാതിലുകൾ തുറക്കുന്ന പതിഞ്ഞ ശബ്ദം. ഇനി ഒരു ഇടനാഴിയിലേയ്ക്ക്, അവിടെ നിന്ന് ഒരു ഇടുങ്ങിയ കോണിപ്പടി കയറി പതിനെട്ടാം നമ്പർ മുറിയിലേയ്ക്ക്. ചുമരിൽ തൂക്കിയിരിക്കുന്ന മുൾക്കിരീടം ചൂടിയ ക്രിസ്തുദേവൻെറ ചിത്രത്തിനുതാഴെ വൃത്തിയുള്ള മേശയ്ക്കരികിൽ ധ്യാനനിരതയായി എന്നു തോന്നിപ്പിക്കുന്ന ഒരു കന്യാസ്ത്രീയ്ക്ക് മുഖം കൊടുത്ത്, എന്നോളം ഭാരം വരുന്ന ബാഗുകളും തൂക്കി നടന്നു. ഒരു പിൻവിളി, *ലേററാണല്ലോ....* ബാഗുകൾ നിലത്തിറക്കി വേണം തിരിഞ്ഞു നോക്കാൻ. അതുകൊണ്ട് ഒരു മറുപടി മാത്രം നൽകി. ആ ഹോസ്ററൽ കെട്ടിടത്തിൻെറ ആരൊക്കെയോ ആണവർ. ചാരനിറത്തിലുള്ള സ്ഥിരം കുപ്പായവും തീർത്തും ഖനീഭവിച്ച മുഖവും കൈയ്യിലൊരു താക്കോൽ കൂട്ടവും കുറച്ച് കടലാസുകളും; അതാണവർ 18 എന്ന് ഒരൽപ്പം *ക്രിയേററീവ്* ആകാൻ ശ്രമിച്ച ആരോ അടയാളപ്പെടുത്തിയിട്ടുള്ള വാതിൽ പാതി തുറന്നു കിടക്കുന്നു. ഒരു പരിചിതമായ *കിയോ കാർപ്പിൻ* ഗന്ധം മൂക്കിനെ മുറിപ്പെടുത്തിക്കൊണ്ട് വന്നു. നീന അവിടെയുണ്ട്. പതിവിലും നേരത്തെയാണ്. ചുരിദാറുകളും ഇളം നീല നിറത്തിലുള്ള യൂണിഫോം സാരിയുമെല്ലാം എൻെറ കിടക്കയിൽ പരന്നു കിടക്കുന്നു. അവൾ സ്വസ്ഥമായി സ്വന്തം കിടക്കയിൽ, ഹെന്ന പ്രയോഗിച്ച് സ്വർണ്ണനിറമാർന്ന മുടയിൽ എണ്ണ പുരട്ടി വിടർത്തിയിട്ട് കണ്ണുമടച്ചങ്ങനെ.... ഞാൻ വിളിച്ചു, നീനാ.... അവൾ കണ്ണുതുറന്നു. എണീററ് ചമ്രം പടിഞ്ഞ് ഒരു യോഗിനിയെപ്പോലെ ഇരുന്നു. ഒരു സ്ഫടികപ്പാത്രത്തിൽ നിന്നും ഒഴുകുന്ന ശുദ്ധമായ ജലത്തിൻെറ പ്രതീതിയുളവാക്കുന്ന അവളുടെ ശബ്ദം പതിയെ കേൾക്കായി,

അനുരാധാ..... യു ആർ ടു ലേററ്

പകുതി നീലയും പകുതി വെള്ളയും പെയിൻറടിച്ച ചുമരിൽ തൂങ്ങുന്ന ക്ലോക്കിലേക്കു നോക്കിക്കൊണ്ട് ഞാൻ നീനയുടെ അരികിൽ ഇരുന്നു. അവൾ ഇരുന്നിരുപ്പിൽ ആടുകയും എന്തെല്ലാമോ ചിന്തിക്കുകയും ചെയ്യുന്നു. ഒരു സഹമുറിയനോടുള്ള ഔപചാരികതകളൊന്നുമില്ലാതെ അവൾ പെട്ടെന്നു പറഞ്ഞു, *രാധ*, ലിററേച്ചറിലെ അമല എത്തിയിട്ടുണ്ട്. ഇത്തവണ എന്നെക്കാൾ നേരത്തെയാണ്?

ബോയ്ക്കട്ട് ചെയ്ത തലമുടിയും അൽപം പോലും സൗമ്യത തോന്നിപ്പിക്കാത്ത മുഖവുമുള്ള, ഒരു പക്ഷേ ഒരൽപ്പം ധിക്കാരം മുററുന്ന നോട്ടവുമുള്ള അമല. രണ്ടാം വർഷ ലിററേച്ചർ വിദ്യാർത്ഥിനി. ഈ ചതുരൻ മുറിയുടെ ജനൽ തുറന്നാൽ നേരെ കാണുന്ന ജനൽ അമലയുടേതാണ്. നീന പറഞ്ഞതുപോലെ അവൾ നേരത്തെ വന്നിരിക്കുന്നു. നേരം ഇരുട്ടിത്തുടങ്ങിയെങ്കിലും, അവളുടെ മുറിയുടെ തുറന്നിട്ട ജനവാതിലിലൂടെ, അയയിൽ തൂക്കിയിരിക്കുന്ന, അവളുടെ ആകൃതിയ്ക്ക് ഒട്ടും ഇണങ്ങാതെ അയഞ്ഞ ചുരിദാറുകൾ കാണാം. ഈ ഹോസ്ററൽ കെട്ടിടത്തിൻെറയും മഠത്തിൻെറയും *മദർ ആയ സിസ്ററർ വെൺമ* എന്ന വ്യത്യസ്തമായ പേരുള്ള കന്യാസ്ത്രീയുടെ അധികാരപരിധിയിൽ നട്ടുനനയ്ക്കപ്പെടുന്ന തോട്ടത്തിലെ തലമൂത്ത നാരകത്തിൻെറ കൊമ്പുകൾ ചെറുതായി കാഴ്ചയെ മറയ്ക്കുന്നുണ്ട്. ഞാൻ ജ

നലടച്ചു; അവിടെ കടുത്ത കൊതുകുശല്യമുണ്ടായിരുന്നു.

ക്ലാസ്സുകൾ തുടങ്ങിയിട്ട് ഒരാഴ്ചയോളമായിക്കാണും. ഒരു സാഹസികന്റെ ആത്മ ധൈര്യത്തോടെ, വാസ്തവത്തിൽ ഒരൽപം ആവേശത്തോടെ ഞാനൊരുങ്ങിക്കഴിഞ്ഞിരുന്നു. അത് അക്കൗണ്ടിങ്ങിന്റെയും മാനേജ്മെന്റിന്റെയും മററും അതിവിസ്തൃതമായ മേച്ചിൽപ്പുറങ്ങളാണ്; അതിലൂടെയുള്ള ഒരു അലച്ചിലാണ്. എന്തോ ചില സ്വപ്നങ്ങളിൽ തട്ടിത്തടഞ്ഞായിരിക്കും, നീന ഒരു ഷേക്സ്പിരിയൻ നായികയെപ്പോലെ കണ്ണിൽ തിളക്കവും ചുണ്ടിൽ പുഞ്ചിരിയുമായി തോട്ടത്തിലേക്കു മുഖമുള്ള വരാന്തയിൽ ഇരിയ്ക്കുന്നു. സുന്ദരമായി വസ്ത്രം ധരിച്ചിട്ടുണ്ട്. തലേന്നാൾ ഒതുക്കി ഒതുക്കി വച്ച മുടിയിൽ ചിലതെല്ലാം അലസമായി മുഖത്തു വീണു കിടക്കുന്നു. നീണ്ട കണ്ണിമകൾക്കു മീതെ ഒരു നീലിച്ച ഐലൈനറിന്റെ നേർത്ത പാളി. വെളുത്ത് ഇളം മഞ്ഞനിറം തോന്നിപ്പിക്കുന്ന മുഖത്തേയ്ക്കിഴുകി വീഴുന്ന മുടിയിഴകളെ അവൾ ഒതുക്കി വെച്ചുകൊണ്ടേയിരുന്നു. അത് ആ ദിവസം മുഴുവൻ നീണ്ടു നിൽക്കുന്ന ഒരു കാഴ്ചയാണ്; പകലിന്റെ അവസാനം ആ മുടിയെടുത്ത് നെറുകിൽ കെട്ടി ഭദ്രമായി വയ്ക്കുന്ന നേരം വരേയ്ക്കും. അവൾ ഒരിക്കലും സമയബന്ധിതമായി സംസാരിക്കുന്നതു ഞാൻ കേട്ടിട്ടില്ല. അതുകൊണ്ടുതന്നെ, ഇറങ്ങുന്നില്ലേ. സമയമായല്ലോ തുടങ്ങിയ ചോദ്യങ്ങൾ ഒട്ടും ആവശ്യമില്ലാത്തതാണ്. വാരാന്തയിലേയ്ക്കു തുറക്കുന്ന വാതിൽക്കൽ എന്റെ നിഴൽ കണ്ടപ്പോഴേക്കേയ്ക്കും അവൾ ഗൗരവപൂർവ്വം കാര്യങ്ങളിലേയ്ക്കു കടക്കുകയായി. ഇപ്പോൾ ഹോസ്ററൽ മെസ്സിൽ തിരക്കൊഴിഞ്ഞു കാണും.

നീന സഞ്ചരിക്കുന്ന വഴികൾ എനിക്കറിയാം. ഭ്രമിപ്പിക്കുന്ന ചിന്തകളുടെ ഒരു യുദ്ധഭൂമിയാണവളുടെ ചേതന. പ്രപഞ്ചനിയമങ്ങളോർത്ത് കൗതുകത്തോടെ ചിരിക്കുകയാണവർ.

രാധാ..... അങ്ങോട്ടു നോക്കൂ... , നീനയുടെ തണുത്ത ശബ്ദം.

അവളുടെ മുഖം ഒന്നും മനസ്സിലാക്കാനാകാത്തവിധം വിവിധ വികാരങ്ങളാൽ മൂടപ്പെട്ടു കാണുന്നു. കൺതടങ്ങളും മൂക്കിന്റെ അഗ്രവും ചുവന്നിരിക്കുന്നു. പൈപ്പിനരികിലുള്ള ഇടുങ്ങിയ സ്ഥലത്തേയ്ക്കു ഞാൻ നോക്കി. അവിടെ അമല നിൽക്കുന്നു. അവിടെയുള്ള ചുവരിൽ ഇടതുകൈയ്യൂന്നി വലതു കൈ ഇടുപ്പിൽ വെച്ച് അവൾ നിൽക്കുന്നു. ഒരു നിമിഷം അവൾ സുന്ദരിയാണെന്ന് എനിക്കു തോന്നി. തിരയൊത്ത പല്ലുകൾ; ഉയർന്ന നാസിക; ചിരിക്കുമ്പോൾ ഉദ്ദീപ്തമാകുന്ന കണ്ണുകൾ; ബോയ്കട്ട് ചെയ്തെങ്കിലും ഇടതൂർന്ന കറുത്ത മുടി. ചൂഴ്ന്നു നോക്കിയാൽ അവളും സുന്ദരിയായി കാണാം. ഏതൊരു പെൺകുട്ടിയേയും പോലെ.

കോളജ് ഗേററ് കടന്ന്, ഇരുവശവും തഴച്ചു വളർന്നു നിൽക്കുന്ന ബുഷ് ചെടികളുള്ള കോൺക്രീററ് വഴികൾ പിന്നിട്ട് മെയിൻ ബ്ലോക്കിലെത്തി, പടികയറി ക്ലാസ്സ് റൂമിലെത്തുന്നതുവരേയും നീന മൗനിയായിത്തന്നെയിരുന്നു. സങ്കീർണ്ണങ്ങളായ എന്തോ ആശയങ്ങൾ അവളുടെ മനസ്സിൽ എനിക്കു കാണാം. അവളുടെ അഴകാർന്ന പുരികക്കൊടികൾ ഒരു സംശയത്തിന്റെ കനലിലെന്നോണം ചോദ്യചിഹ്നങ്ങളായി കാണപ്പെട്ടു. അവളുടെ സ്വപ്നതയെ കളങ്കപ്പെടുത്തുന്ന കളകൾ എന്തായിരിക്കാം? അതു നുള്ളിക്കളയേണ്ടതാണോ?

ഒഴിവുവേളകൾ ചിലവഴിക്കാൻ കാമ്പസിൽ ഒരു വലിയ കൃത്രിമക്കുട പണിതുയർത്തിയിട്ടുണ്ട്. *ലീഷർ ടവർ* എന്നു പേരുണ്ട് അതിന്. അതിനുള്ളിൽ ഞാൻ കാംക്ഷിക്കുന്ന ഒരു വിശ്രമം ലഭിക്കുമെന്നു തോന്നിയിട്ടില്ല. ഈ ടവറിനോടു ചേർന്നു നിൽക്കുന്ന ഒരു വലിയ പൂമരത്തിന്റെ കീഴിൽ, ഒരു മഞ്ഞ വിരിപ്പെന്ന പോലെ പൂക്കൾ ചിതറിക്കിടന്ന ഒരു ചെറിയ തിട്ടിൽ നീന ഇരുന്നു; ഞാനും. പുറകിൽ വെളുത്ത പൂക്കളുള്ള ബോഗൺ വില്ലയുടെ മനോഹരമായ മുൾക്കാടാണ്. അത് കോൺവെന്റിന്റെ പരിധിയിലാണ്. മുകളിൽ നിന്നും നേർത്ത നൂലുകളിലിറങ്ങുന്ന കുഞ്ഞു പുഴുക്കളുടെ വരവൊഴിച്ചാൽ ആ സ്ഥലം സുരക്ഷിതമാണ്. ആ പൂമരത്തിന്റെ തണലിനു ചുററും തിളങ്ങി നിന്ന മഞ്ഞ വെയിലിലേയ്ക്കു നോക്കി ഞങ്ങളിരുന്നു. കാമ്പസ് തിരിക്കുപിടിച്ചു കഴിഞ്ഞിരുന്നു. ഇന്നലെ വരെ അവിടെ തളിർത്തുയർന്ന പുൽക്കൊടികൾ പതിയെ ചതഞ്ഞു തുടങ്ങി. ലീഷർ ടവറിനപ്പുറത്തായി ജനറൽ ലൈബ്രറിയോട് ചേർന്നുണ്ടായിരുന്ന വീതി കുറഞ്ഞ വഴി പുതിയൊരു ഉദ്യാനമായി മാറിയിരിക്കുന്നു. വേനലവധിയ്ക്കു മുൻപ് ശൂന്യമായിക്കിടന്നയിടം. അവയെ പരിപാലിക്കുന്ന കൈകൾ പരിശുദ്ധമാണ്. എന്റെ സഹപാഠിയായ *ടിസ* എന്നു പേരുള്ള സ്വാധിയായ ഒരു കന്യാസ്ത്രീയുടെ അറിവിൽ ഈ പ്രകൃതിയും ഇവിടെപാടുന്ന ഓരോ കിളിയും അവയെ പോററുന്ന ഓരോ മരവും കർത്താവിന്റെ കൈകളാൽ നട്ടുനയ്ക്കപ്പെടുന്നവയാണത്രേ. ഏതായാലും നീന അതൊന്നും ശ്രദ്ധിയ്ക്കുന്നുണ്ടായിരുന്നില്ല. അവളുടെ നോട്ടം എവിടേയ്ക്കോ ഉറപ്പിച്ചുവെച്ചിരിക്കുന്നു.

ലുക്ക്....ഷീ വാൺട്ട് അസ് ടു ലുക്ക് അററ് ഹെർ....രാധാ....നീ കാണുന്നില്ലേ അവളുടെ നടത്തം....ഇറിറേററിംഗ് , നീന വല്ലാത്തൊരു ഉണർവ്വിലാണ്. അവൾ എന്റെ ഇടതു ചെവിയിലൂടെ ചുഴിഞ്ഞിറങ്ങുകയാണ്.കാൻറീനരികിലൂടെ വളരെ സാവധാനം തലയുയർത്തി നടക്കുകയാണ് അമല. മുഖത്തെ ഭാവം വ്യക്തമല്ല, എങ്കിലും പറയാം അവളുടെ കണ്ണുകളിൽ തീക്ഷ്ണതയുണ്ട്. മുൻപിലൂടെ കടന്നുപോകുന്ന മുഖങ്ങളിലേക്കെല്ലാം ഒന്നു ചെരിഞ്ഞു നോക്കി, പരിചിതരോടെല്ലാം ഒന്നടക്കിച്ചിരിച്ച് അവൾ നടക്കുന്നു. തികഞ്ഞ കായികാഭ്യാസിയാണെന്ന് ഒററനോട്ടത്തിൽ പറയാം. കോളജ് ബാസ്ക്കററ് ബോൾ ടീം ക്യാപ്ററനാണ്. ആരോ ആകണമെന്ന തത്രപ്പാടിലാണ് അവൾ പലപ്പോഴും അതെന്തിനാണെന്ന് ഞാൻ ആലോചിക്കാറില്ല. പക്ഷേ എനിക്കറിയാം. അപക്വമായ ഒരു കാലത്തിന്റെ വികലമായ ചില പ്രചോദനങ്ങളാണിതിനു പിന്നിലെന്നു ഞാൻ വിശ്വസിക്കുന്നു.

കണ്ണുകൾ തുറന്നു വച്ച് നീന ഉറങ്ങുകയായിരുന്നോ? ആ നിമിഷം അവളിലൂടെ കടന്നു പോകുന്ന വിഹ്വലതകൾ എന്തെന്നറിയാത്ത വിധം നിർവ്വികാരമാർന്ന മുഖം. കുഞ്ഞിനെയേൽപ്പിച്ച സ്ത്രീ കൈയ്യൊഴിഞ്ഞു. അതിനെ കാണുന്നില്ല. അത് തന്റെ കുഞ്ഞല്ലെന്നു പറഞ്ഞാൽ ഞാനെന്തു ചെയ്യും? ബസ്സിലെ തിരക്കിൽ എന്റെ ഒച്ച മുട്ടിപ്പോയി. വനിതാ പോലീസെത്തിയപ്പോഴാണ് സംഭവിച്ചതു ഗൗരവമുള്ള കാര്യമാണെന്നെ

നിക്കു മനസ്സിലായത്. ഐഡന്റിററി കാർഡെടുക്കാൻ മറന്നത് വിനയായി....

തൊട്ടരികിലെ മുറിയിൽ നിന്ന് വികാര തീവ്രമായ സംഭാഷണശകലങ്ങൾ എനിക്കു കേൾക്കാം. നീനയും കാതോർക്കുന്നുണ്ടായിരിക്കാം.

.... പോലീസ് എന്നെ നിക്കി നിർത്തി. അപ്രതീക്ഷിതമായി ഒരൊററ ചോദ്യം, ഇത് നിന്റെ കുഞ്ഞല്ലേ....? ഒരൊററയടി! ഞാൻ ഞെട്ടി.... എണീററു.... സമയം പുലർച്ച 5.30....

പെട്ടന്നവിടെയൊരു പൊട്ടിച്ചിരിയുയർന്നു. വെറും ചവറ്! ഞാനോർത്തു. പെട്ടെന്ന് നീന എന്റെ കൈപിടിച്ച് വരാന്തയിലേക്കിറങ്ങി. തോട്ടത്തിലേക്കു തുറക്കുന്ന വരാന്തയിലെ കമ്പിയിഴകളിൽ കൈവച്ച് അവൾ നിന്നു. നരകത്തിന്റെ തലപ്പു മറഞ്ഞു കാഴ്ച വികലമായ അമലയുടെ മുറിയിൽ വെളിച്ചം കാണാം. അവിടെ മററാരോ ഉണ്ട്.

സംതിങ്ങ് റോങ്ങ് ഗോയിങ് ഓൺ ദേർ, രാധാ..... ഷി ഈസ് എ ഫ്രോഡ്.... മങ്ങിയ വെളിച്ചത്തിൽ നിന്നുകൊണ്ട് നീന മെല്ലെ പറഞ്ഞു.

നീന, നീ ഇത്രയും കോൺഷ്യസ് ആകരുത്.... അതു വിട്ടേക്കൂ....

വരാന്തയിലൂടെ നടന്ന് ഒരു ഇരുണ്ട മൂലയ്ക്കൽ ഞങ്ങൾ നിന്നു. സിസ്ററർ മരിയററ് കടന്നു പോകുന്നതു കണ്ടു. രൂക്ഷമായൊരു നോട്ടമെറിഞ്ഞ് ആരെയോ ജയിച്ചെന്ന മട്ടിൽ അവർ അതിവേഗം നടന്നകന്നു. അവരുടെ മുഖത്തിന് നിഗൂഢമായൊരു ശാന്തതയാണ്. ഇടനാഴിയിലെ ഇരുട്ടിൽ നിന്നിരുന്ന അമലയെ എന്നെക്കാൾ വേഗത്തിൽ നീന തിരിച്ചറിഞ്ഞു. ആ ഭാവമാററം എനിയ്ക്കറിയാം. പിറകിൽ ആരോ. അവൾ സാവധാനം ഞങ്ങളുടെ അരികിലേയ്ക്കു വന്നു. നീനയെ നോക്കിക്കൊണ്ട് ഉച്ചത്തിൽ പറഞ്ഞു,


*ഇയാളുടെ കുറച്ച് ഫോട്ടോഗ്രാഫ്സ് വേണമായിരുന്നു.* എന്നിട്ടവൾ ഉറക്കെ ചിരിച്ചു. ഒന്നും സംഭവിച്ചില്ലെന്ന മട്ടിൽ ഒരു ചെറുപുഞ്ചിരിയുമായി നീന സാവധാനം മുറിയിൽ കടന്ന് മേശമേൽ കിടന്നിരുന്ന പുസ്തകമെടുത്ത് കിടക്കയിലിട്ടു. കോലാഹലങ്ങൾക്കു കാതുകൊടുക്കാതെ തിരിഞ്ഞു കിടന്നു. ഞാനൊരു കൽപ്രതിമ പോലെ തോന്നിച്ചു.

* * * * * * * * * * * * * * * * * *

കോളജ് കലോത്സവം തിരക്കു പിടിച്ച ഒരു വെള്ളിയാഴ്ച. 11 മണിയ്ക്ക് ഞങ്ങൾക്കു വിശേഷാൽ ക്ലാസ്സുണ്ട്. ചരൽ വിരിച്ച മുററത്ത് വെയിലിനു ചൂടുപിടിച്ചു കഴിഞ്ഞു. ഹോസ്ററൽ കെട്ടിടത്തിനോടു ചേർന്നു നിൽക്കുന്ന ചാപ്പലിനരികിലായി തഴച്ചു നിൽക്കുന്ന കോളാമ്പിപ്പൂക്കൾക്ക് ഈ പഴുത്ത വെയിലിന്റെ നിറമാണ്. ത്രികോണാകൃതിയിൽ പണിതീർന്നിട്ടുള്ള ചാപ്പലിന്റെ മുററത്തുള്ള കാററാടി മരങ്ങൾക്കിടയിൽ നീനയെ കണ്ടു. അവൾ ആരോടാണ് സംസാരിക്കുന്നത്? എന്റെ ചെവിയ്ക്കരികിലൂടെ പൊടിഞ്ഞിറങ്ങിയ വിയർപ്പു ഞാൻ തുടച്ചു. തല മുകളിലേക്കുയർത്തി കണ്ണുകളടച്ച് ദീർഘനിശ്വാസത്തോടെ നിൽക്കുകയാണ് അമല. കരിനീല ജീൻസിനുയോജിച്ച നിറത്തിലുള്ള വലിയ ഷൂസുകൊണ്ട് കല്ലുകൾ തട്ടിത്തെറിപ്പിക്കുന്നു. എല്ലാം മാറിക്കഴിഞ്ഞിരിക്കുന്നു. അല്ല, മാറിക്കൊണ്ടിരിക്കുന്നു. മാററം ഈ ഭൂമിയിലൊരു അനിവാര്യതയാണ്.

ചുമലിൽ നീനയുടെ മൃദുലമായ കൈകൾ വീണപ്പോഴാണ് വെയിലിന്റെ ചൂടിനെക്കുറിച്ചു ഞാൻ ബോധവതിയായത്. ഞാൻ അവളുടെ കണ്ണുകളിലേയ്ക്കു നോക്കി; കാരണം നമ്മെ ഏററവും കൂടുതൽ ഒററിക്കൊടുക്കുന്ന ചാരൻ, കണ്ണുകളാണ്. ആയിരത്തൊന്നു രാവുകളിലെ മൂഷിക രൂപം പ്രാപിച്ച മാന്ത്രികനെ കുടുക്കാൻ കെണിയിലെ വെണ്ണക്കഷ്ണമായെത്തുന്ന ജിന്നിനെക്കുറിച്ചു ഞാനോർത്തു. അല്ലെങ്കിലൊരു പക്ഷേ ഉറങ്ങിക്കിടന്ന രാജ്ഞിയെ അവിശ്വസിച്ച് ഉറങ്ങാതെ കാവലിരുന്ന ദൈത്യനായി ചിന്തിച്ചുകാണും ഞാൻ. നീന വെറുതെ ചിരിക്കുന്നു.

അമലയുടെ രീതികൾ ഇപ്പോഴും നീന പറയാറുള്ളതുപോലെ ഇറിറേററിംഗ് തന്നെ. പക്ഷേ ആ പരിഭവം നീനയുടെ വാക്കുകളിൽ കാണാറില്ല എന്നെനിക്കു വ്യഥ തോന്നി. ഇടനാഴികളിലൂടെ നടക്കുമ്പോഴെല്ലാം അവൾ ചൂളമിടുന്നു. വെയിൽ വീണ സ്റേറഡിയം ഗ്രൗണ്ടിൽ പലപ്പോഴും തനിച്ച് ബാസ്ക്കററ്ബോൾ



പരിശീലിക്കുന്നതു ഞാൻ കാണാറുണ്ട്. അവൾ ആരാണ്? നീനയ്ക്ക് വാസ്തവത്തിൽ അവളോട് ആരാധനയാണോ? അതോ അവളിലെ വൈചിത്ര്യങ്ങളോടോ? മുറിയിൽ ഞാൻ മാത്രമേയുള്ളൂ. നൈമിഷികമായ ഒരു വേദനയിൽ ഞാൻ അതിവേഗം ഉറക്കത്തെ കാംക്ഷിച്ചു.

ഡിസംബർ ഒടുവിലെ പുണ്യദിനത്തിൽ ആഹ്ലാദത്തിലുപരി ഒരു പത്തു ദിവസത്തേയ്ക്കുള്ള കൂടുമാററത്തിന്റെ ആശങ്കയിലായിരിക്കണം നീന. ക്ലാസ്സ് മുറിയിൽ ഞങ്ങൾ തൊട്ടടുത്തിരുന്നു. നീനയുടെ മുടിയിൽ നിന്ന് കിയോകാർപ്പിൻ ഗന്ധം വരുന്നില്ല. കണ്ണുകളിലെ നീല വരകൾ കാണുന്നില്ല. കഴിഞ്ഞ രണ്ടു ദിവസമായി ഒരേ ചുരിദാർ. *എന്തുപററി നീനാ.... വല്ലാത്തൊരു എബ്സന്റ് മൈന്റ്....?* ഞാൻ മുഖമുയർത്താതെ ചോദിച്ചു.

നതിംഗ്.... പെട്ടെന്നു മറുപടിയുണ്ടായി.'

രാത്രി വൈകുന്നതുവരെയും അവൾ വായനയിൽ മുഴുകി. എന്നെ അവഗണിക്കാൻ ശ്രമിച്ചുകൊണ്ടേയിരുന്നു. ഒരു പതിനൊന്നരയായപ്പോൾ താൻ വെക്കേഷനിൽ വായിച്ചു തീർത്ത ഒരു പുസ്തകത്തിലെ കാര്യങ്ങൾ പറഞ്ഞു താൻ തുടങ്ങി. ജനനമാസം നോക്കി ഒരാളെ വിലയിരുത്തുന്ന തന്ത്രം. അതു മുഴുവൻ അവൾ മനഃപാഠമാക്കിയിരിക്കുകയാണ്. അവൾ പറഞ്ഞതനുസരിച്ച് ഞാൻ സാഹസികതയുടെ പര്യായമാണ്; സ്വാതന്ത്ര്യസ്നേഹിയും സത്യാന്വേഷകയുമാണ്. ഉത്സാഹത്തിന്റെ പ്രതിച്ഛായയാണ്. ചക്രവാളങ്ങളെ മുറിച്ചു കടക്കാനുള്ള അതിതീവ്ര ചിന്തകളുടെയും ആശയസങ്കലനങ്ങളുടെയും ബുദ്ധിപാടവത്തിന്റെയും മൂർത്ത രൂപമാണ്. ആത്മാവിഷ്കാരത്തിനുള്ള തത്രപ്പാടും ജീവിതത്തിന്റെ സുന്ദരവശങ്ങളെ മത്സരബുദ്ധിയോടെ കാണുന്നതിനുള്ള കഴിവിന്റെ പോരാട്ടങ്ങളുമാണെന്റെ ബോധമണ്ഡലം നിറയെ.... ; ഞാൻ പൊട്ടിപ്പൊട്ടിച്ചിരിച്ചു. ഏറെക്കുറെ വിസ്മയിച്ചു എന്നും പറയാം. ഒടുവിൽ അവൾ ഉറങ്ങി. അവളുടെ പുസ്തകശേഖരം ഞാൻ കൗതുക പൂർവ്വം പരിശോധിച്ചു. എവിടെ നിന്നാണീ വാക്കുകൾ? പക്ഷേ, ഞാൻ മറ്റൊന്നു കണ്ടെത്തി. പുസ്തകങ്ങൾക്കിടയിൽ തിരുകിവെച്ചിരിക്കുന്ന ഒരു വിവാഹക്ഷണക്കത്ത്. കലാപരമായ ഒരു സൃഷ്ടി എന്നു തോന്നിക്കും വിധം വിചിത്രമായ ഒരു ക്ഷണപത്രിക. അതിലെ വൃത്തിയുള്ള ചുവന്ന അക്ഷരങ്ങളിൽ ഏറ്റവും വലിയവ ഞാൻ മെല്ലെ വായിച്ചു.

അമല മേരി .... ജിജോ കുര്യൻ ....

* * * * * * * * * * * * * * * * *

അന്ന് രാവിലെ കൃത്യം 10.30 ന് നീനയുടെ ഡ്രൈവർ വെളുത്ത ഒരു കാറിൽ ഇവിടെയെത്തും. അവളെ യാത്രയയച്ചിട്ടു വേണം എനിക്കൊരുങ്ങാൻ. ഹോസ്റ്റൽ കെട്ടിടത്തിനു ചുറ്റുമുള്ള ഭൂമി വിജനമാകാൻ തുടങ്ങി. ഡിസംബറിലെ മഞ്ഞിന്റെ കുളിരിൽ പുലർകാലം തീർത്തും അലസമായി കാണുന്നു. ഗെയ്റ്റിനരികിൽ ഏതോ വാഹനം വന്നു ബ്രേക്ക് ചെയ്ത ശബ്ദം കേട്ടു. താഴെ ഉമ്മറക്കോലായിൽ ആരോ സിസ്റ്റർ മരിയറ്റുമായി സൗഹൃദഭാഷണത്തിലാണ്.

ഷീ ഈസ് ലീവിംഗ് ദിസ് പ്ലേസ്..... ദിസ് റെച്ച്ഡ് പ്ലേസ്.... , നീനയുടെ വിറകൊണ്ട ശബ്ദം. ഞാൻ ഭയന്നു പോയി. ഇടനാഴിയിൽ നിന്നും അകന്നകന്നു പോകുന്ന ഒരു ചൂളം വിളി കേട്ടു. അല്പസമയത്തിനുള്ളിൽ മുററത്തെ അരളിയും, അയൽപ്പക്കത്തെ അനാഥഭൂമിയും കടന്ന് ഒരു കാർ മെയിൻ റോഡിലേയ്ക്കു കടന്നു.

നീന തോട്ടത്തിലേയ്ക്കു നോക്കി നിൽക്കുകയായിരുന്നു. ഞാൻ മൂഢമായ ഒരു സംശയത്തോടെ അവളുടെ അരികിലേയ്ക്കു ചെന്നു. മുടി മുഖത്തേയ്ക്കു വീണു കിടക്കുന്നു. അടുത്തു നിന്നപ്പോൾ അവളുടെ ചുവന്ന മൂക്കും കൺതടങ്ങളും കണ്ടു. അവളുടെ കൺകോണിലൂടെ ഇററുവീഴുന്ന കണ്ണുനീർ തുള്ളികൾ; അപ്പുറത്ത് അമലയുടെ ജനവാതിൽ മറച്ചു നിൽക്കുന്ന നാരകം; അവയുടെ കൊമ്പുകൾ ഇനിയും വളരുകയാണ്.

കവിത




ഡോ. പി. രമാദേവി

*ശ്രീവിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളജ്, നേമം*




# അമ്മ

സംസ്ഥാന വനിതാ കൺവെൻഷനോടനുബന്ധിച്ച് കോളജ് അധ്യാപികമാർക്കുവേണ്ടി നടത്തിയ സാഹിത്യമത്സരത്തിൽ ഒന്നാംസമ്മാനർഹമായ കവിത

തരു മകളേ വിട നിന്നമ്മയല്ലിന്നു ഞാൻ
വെറുമൊരു വാടകക്കൂട്ടുമാത്രം!
ജീവിതം കൈവിട്ടുപോയെരീ ഭ്രാന്തിയ്ക്ക്
നീ തന്നെ ജീവന്റെ ജീവനിന്നും
നിന്നോമൽ കുഞ്ഞുകരങ്ങളാലെന്നോ നീ
മായ്ച്ചൊരു കണ്ണീരിനുപ്പു വീണ്ടും
നിൻ തളിർച്ചുണ്ടിനാലുമ്മവെച്ചന്നു നീ
കുളുർത്തിയ ഹൃത്തടം നീറുകയായ്
ചെഞ്ചോരിവായിലായ് ചോറും കറികളും
വാരിത്തരുന്നൊരെൻ ആത്മഹർഷം
ചാരെയണച്ചു പിടിച്ചുനിൻ നക്ഷത്ര-
ക്കൺകളിലാഴ്ന്നൊരെൻ ജന്മപുണ്യം!
നിൻ കിളിക്കൊഞ്ചലും പരിഭവത്തേങ്ങലും
പൂന്തിങ്കൾ തോൽക്കുമാ പുഞ്ചിരിയും
ഹാ....!! ഒന്നുമെനിയ്ക്കിന്നു സ്വന്തമല്ലെന്നുഞാൻ
മുന്നമറിയുന്നു പൈങ്കിളിയേ....
മുഖം കറുത്തും വെറുത്തും തിരിഞ്ഞു
നീ നിൽക്കുകിൽ
ആകെ തകർന്നുപോ, മമ്മയിന്ന്
കണ്ണുനീർ മുത്തുകളെന്നോ മറന്നൊരീ-
യമ്മതൻ കൺകളിൽ രക്തമല്ലീ!
ദൂരത്തു പോയിടാ, മീ പാപിയൊരു നാളും
തിരികെ വരാതെയൊളിച്ചിരിയ്ക്കാം
ജീവിത സൗഭാഗ്യം നേടുക കൺമണീ
എനിയ്ക്കു പിറക്കാത്ത മകളല്ലോ നീ....



ബെസ്ററി തോമസ്
സെൻറ് സേവ്യേഴ്സ് കോളജ്, തുമ്പ

# ഇതളുകൾ....

സംസ്ഥാന വനിതാ കൺവെൻഷനോടനുബന്ധിച്ച് കോളജ് വിദ്യാർത്ഥിനികൾക്കുവേണ്ടി നടത്തിയ സാഹിത്യമത്സരത്തിൽ ഒന്നാംസ്ഥാനാർഹമായ കഥ

ബോർഡിംഗ് സ്കൂളിൻെറ മുററത്തെ ചെമ്പകത്തിൻെറ ചോട്ടിൽ, ഒരു പൂവിൻെറ ഇതളുകൾ പറിച്ചുകൊണ്ടിരിക്കുകയായിരുന്നു അവൾ. ഡോർമെട്രിയിൽ അവളുടെ അടുക്കിവെച്ച ബാഗുകളുടെ നിലവിളി. വാർഡൻ കാതോർത്തു. ഇരുട്ടിൽ, ഒററപ്പെട്ട ബാഗുകളെ കണ്ണുരുട്ടി പേടിപ്പിച്ചിട്ട് വാർഡൻ അവളെ തേടിയിറങ്ങി. അവൾ പൂവിൻെറ ഇതളുകളെ ചവിട്ടിയരയ്ക്കുകയായിരുന്നു.

വാർഡൻ ചോദിച്ചു:

"എന്താ, ഈ പ്രാവശ്യവും പോകുന്നില്ലേ? അവൾ മുഖമുയർത്തിയില്ല.

നിസ്സംഗതയോട് പുച്ഛം മാത്രമുള്ള വാർഡൻ അലറി.

"നിന്നെയെന്താ, ആർക്കും വേണ്ടേ?"

അവൾ ഒടുവിലത്തെ ഇതളും ചെരിപ്പിനടിയിലിട്ടമർത്തി. പിന്നെ, കൊഴിഞ്ഞുവീണ മറെറാരു പുഷ്പമെടുത്ത് ഇതളുകൾ ഒന്നൊന്നായി പറിച്ചു കൊണ്ടു പറഞ്ഞു.

"പണം കായ്ക്കുന്ന ഒരു മരമുണ്ട് വീട്ടിൽ; ജീവനുണ്ടെന്നു തോന്നിയാൽ അതിനെ അച്ഛനെന്നു വിളിക്കാം. ചായക്കൂട്ടുകൾക്കിടയിലൊളിച്ച ഒരു പാവയുണ്ട്. എപ്പോഴും ചിലയ്ക്കുന്നതുകൊണ്ട് വേണമെങ്കിൽ അമ്മയെന്നു വിളിക്കാം. പിന്നെ, ആവശ്യത്തിനും അനാവശ്യത്തിനും ഒച്ചയിടുന്ന ഒരു ഷെപ്പേർഡ്. അവനെന്നെ കടിച്ചു കീറാൻ പോലും ആവശ്യമുണ്ടാകില്ല."

അവൾ വീണ്ടും ഇതളുകളെ ചവിട്ടിയരച്ചു.


വാർഡൻ ചോദിച്ചു:

"കൊഴിഞ്ഞുവീണ പൂക്കൾ നിന്നോടെന്തപരാധം ചെയ്തു?" അവൾ വാർഡനെ നോക്കി. എന്നിട്ടു പറഞ്ഞു.

"അവ കൊഴിയാൻ പാടില്ലായിരുന്നു.!"

ചവിട്ടിയരച്ച പൂക്കൾക്കു മേൽ മണ്ണുവാരിയിട്ട് അവൾ തുടർന്നു.

"ഈ മരം വളരാൻ പാടില്ലായിരുന്നു. വളർന്നാലും മൊട്ടിടരുതായിരുന്നു. മൊട്ടിട്ടാലും പൂക്കളെ വിടരാൻ അനുവദിക്കരുതായിരുന്നു. അഥവാ, വിടർന്നാലും അവ കൊഴിയാൻ പാടില്ലായിരുന്നു. എന്നിട്ടും, ഇവയെല്ലാം കൊഴിഞ്ഞുകൊണ്ടേയിരിക്കുന്നു. കൊഴിഞ്ഞാൽപ്പിന്നെ തിരിഞ്ഞു നോക്കരുത്. പക്ഷെ, ഇവ മണ്ണിൽക്കിടന്ന് ദയനീയതയോടെ ഉയരങ്ങളിലേക്കു നോക്കുന്നു. മുകളിലുള്ളവയ്ക്കു നേരെ ഇവ അസൂയയുടെ തോക്കിൽ കുഴലുയർത്തും മുൻപേ ചവിട്ടിയരയ്ക്കുക, മണ്ണോടു ചേർക്കുക....! അവയ്ക്കെങ്കിലും മോക്ഷം കിട്ടട്ടെ....!!"



അവൾ തിരിഞ്ഞുനോക്കാതെ ഡോർമെട്രിയുടെ ഇരുട്ടിലേക്ക് നടന്നുപോയി. തരിച്ചു നിന്ന വാർഡൻെറ മുൻപിലേക്ക് ഒരു പൂവുകൂടി കൊഴിഞ്ഞു വീണു. ഇരുട്ടുനിറഞ്ഞ ഇടനാഴിയിലെവിടെ നിന്നോ ഒരു ചോരക്കുഞ്ഞിൻെറ കരച്ചിൽ. പിന്നെ, ഒരുനനുത്ത തേങ്ങൽ.... അൽപ്പം കഴിഞ്ഞപ്പോൾ അതും കെട്ടടങ്ങി.

'പൂക്കൾ പിന്നെയും ഇതൾ വിടർത്തുകയും കൊഴിയുകയും ചെയ്തുകൊണ്ടിരുന്നു...!'

# ആലത്തൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ എഫ് 1222
## ക്ലാസ് I സ്പെഷൽ ഗ്രേഡ്

ബാങ്ക്റോഡ്, ആലത്തൂർ പി.ഒ പാലക്കാട് (Dt)

**PH: 04922 222374, 292296**

## ശാഖകൾ- മേലാർക്കോട്, ചേരാമംഗലം

## ഒഴിവുദിന- സായാഹ്നശാഖ- ആലത്തൂർടൗൺ

**ഞങ്ങളുടെ സവിശേഷതകൾ:-**

* നെൽകൃഷിക്ക് പലിശരഹിതവായ്പ, ആവശ്യാനുസരണം സ്വർണ്ണാഭരണ വായ്പ നൽകുന്നു.
* നിക്ഷേപങ്ങൾക്ക് ഉയർന്ന നിരക്കിൽ പലിശ
* മുതിർന്ന പൗരന്മാർക്ക് ഉയർന്നനിരക്കിൽ പലിശ
* ലോക്കർ സൗകര്യം
* ഹെഡ്ഓഫീസിലും ബ്രാഞ്ചുകളിലും കമ്പ്യൂട്ടർ സംവിധാനം
* ഇ.എം.എസ് ഭവനപദ്ധതി പ്രകാരമുള്ള വായ്പ നൽകുന്നു.
* നീതി സ്റേറാറുകൾ നടത്തിവരുന്നു.
* വിവിധ സ്ഥലങ്ങളോടു കൂടിയ എം.എ്ം.ബി.എസ് സ്കീമുകൾ
* FACT സെൻറർ ഡിപ്പോ
* നിത്യനിധി നിക്ഷേപം
* പരസ്പര ജാമ്യത്തിൽ വ്യാപാരികൾക്ക് ലോൺ
* കുടുംബശ്രീ യൂണിററുകൾക്ക് വായ്പ നൽകുന്നു.
* നിർദ്ധനകുടുംബത്തിലെ പെൺകുട്ടികൾക്ക് വിവാഹത്തിന് മംഗല്യസൂത്ര വായ്പകൾ

പ്രസിഡൻറ്
**ശ്രീ.വി.സി.രാമചന്ദ്രൻ**

സെക്രട്ടറി
**ആർ.എം.രമേഷ്കുമാർ**



*ആശംസകളോടെ*



# S.V.DEVADAS

(Chief Life Insurance Advisor)
LIC of India, Manjeri

LIC
भारतीय जीवन बीमा निगम
LIFE INSURANCE CORPORATION OF INDIA
**KOZHIKODE DIVISON**

## താങ്കളുടെ സുഹൃത്തുക്കൾക്കും, വേണ്ടപ്പെട്ടവർക്കും അറിയാമോ...?

* 75 വയസ്സ് വരെ സൗജന്യ ഇൻഷുറൻസ് ലഭിക്കുന്ന LIC യുടെ പദ്ധതികളെ കുറിച്ച്..............
* ആശുപത്രി ചെലവുകൾക്കും, മേജർ സർജറികൾക്കും പോളിസി ഉടമ നിശ്ചയിക്കുന്ന പണം ലഭിക്കുന്ന പദ്ധതികളെ കുറിച്ച്...........
* ആജീവനാന്തം പെൻഷനും പോളിസി ഉടമയുടെ കാലശേഷം അവകാശിക്ക് മുഴുവൻ തുകയും തിരികെ ലഭിക്കുന്ന പദ്ധതികളെ കുറിച്ച്............
* മക്കളുടെ ഉന്നത പഠനത്തിനും, വിവാഹാവശ്യങ്ങൾക്കും പര്യാപ്തമായ പണം സ്വരൂപിക്കാനുതകുന്ന പദ്ധതികളെ കുറിച്ച്..........
* ഓഹരി വിപണിയുടെ ഉയർന്ന ലാഭം നേടി തരാവുന്ന പദ്ധതികളെ കുറിച്ച്............

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**S.V. DEVADAS, B.Com, CIS (PGD in IR & PM)**
**Chairman's Club Member & CLIA,**
**S.T Insurance Consultancy, Plaza Tower, Kottakkal- 676 503**
**Mob: 9447798110/94465 8810,(Off): 04832743843**




**ബെസ്ററി തോമസ്**

*സെൻറ് സേവ്യേഴ്സ് കോളജ്, തുമ്പ*


# വിൽപ്പന വസ്തു

സംസ്ഥാന വനിതാ കൺവെൻഷനോടനുബന്ധിച്ച് കോളജ് വിദ്യാർത്ഥിനികൾക്കുവേണ്ടി നടത്തിയ സാഹിത്യമത്സരത്തിൽ ഒന്നാംസ്ഥാനാർഹമായ കവിത

മകൻെറ ഓർമ്മകളിലെ അമ്മ
നിലാവുപോലെ സുന്ദരിയായിരുന്നു.
മുടിയിഴകളിൽ നരകയറി,
ചുക്കിച്ചുളിഞ്ഞ മുഖവുമായി
ഇരുട്ടുമുറിയിൽ കുടിയേറിയ രൂപം
അവൻെറ ഓർമ്മകളിൽപ്പോലുമില്ല..!
ഒരിക്കൽ, ഇരുട്ട് അവനോടു ചോദിച്ചു.
''ഞാൻ നിനക്കായ് പാൽ ചുരത്തിയ
എൻെറ മുലകളെവിടെ....?''
മകൻ ഫാഷൻ ചാനലിൽ
കണ്ണുറപ്പിച്ചു പറഞ്ഞു
''കാൻസർ ബാധിച്ച ഒരുവൾക്ക്
മുറിച്ചുകൊടുത്തു.''
വീണ്ടും ഇരുട്ട് അവനോടു ചോദിച്ചു:
''നിൻെറ കൊച്ചുവാശികൾക്കുമേൽ
നിന്നെ തഴുകിയുറക്കിയ
എൻെറ കൈകളെവിടെ?''
ലാപ്ടോപ്പിൽ വിരലോടിച്ച്
കണ്ണുയർത്താതെ അവൻ പറഞ്ഞു:
''അപകടത്തിൽപ്പെട്ട ഒരുവന്
ഞാനതു മുറിച്ചു വിററു.''
ഇരുട്ട് ആർത്തലച്ചു.

''രാവുകളിൽ നിന്നെ താരാട്ടിയുറക്കിയ
എൻെറ നാവെവിടെ...?''
സ്പിർണോഫിൻെറ കുപ്പി തുറന്നിട്ട്
മകൻ പറഞ്ഞു:
''അതു ഞാൻ ചാരായ വാററുകാർക്കു വിററു.''
ഇരുട്ട് അലമുറയിട്ടു ചോദിച്ചു.
''നിനക്കുവേണ്ടി സ്പന്ദിച്ച എൻെറ
ഹൃദയമെവിടെ-?''
നെഞ്ചിൽ കൈവച്ച് അവൻ പറഞ്ഞു.
''ഒരുവൻെറ സ്പന്ദിക്കാൻ മറന്ന ഹൃദയത്തിന്
പകരം കൊടുത്തു.''
ഇരുട്ട് ഒടുവിൽ ഒരു വിതുമ്പലോടെ ചോദിച്ചു.
''നിന്നെ മാത്രം സ്നേഹിച്ച
എൻെറ മനസ്സെവിടെ?''
മകൻ കണ്ണുതുറിച്ചുകൊണ്ടു പറഞ്ഞു.
''-അതെനിക്കറിയില്ല; വിൽക്കാൻ മറന്നുപോയി!
മനസ്സെന്ന ഭാണ്ഡക്കെട്ട്
മകൻെറ മുൻപിലിട്ട്
ഇരുട്ട് ആർത്തട്ടഹസിച്ചു
''കൊണ്ടുപോയി വിൽക്കുക,
പുരാവസ്തു ഗവേഷകർക്ക് .....!!''




# Pay bonanza for state University and College teachers: Polls take toll on HRD teachers' pay hike proposal

Over 4.5 lakh teachers across India's state universities and affiliated colleges are set to finally receive a long overdue pay bonanza with the Centre preparing to drop a controversial norm preventing it from financing fund-strapped state governments. The human resource development ministry will move the Cabinet to allow it to pay state governments 80% of the additional financial burden imposed by hiked University Grants Commission teacher salaries, top government sources have told *HT*.

The HRD ministry is seeking Cabinet sanction to dump a controversial norm in the UGC pay package, which was notified on December 31, 2008, and has been implemented across India's central universities but eludes state varsity teachers.

The norm the ministry wants to junk allowed the Centre to financially assist only those states that raise the retirement age of their college and university to 65 years. Different states at present have different retirement ages.

Paying all states up to 80% of the additional cost for salary hikes could run up a Central bill of up to R8,000 crore a year, officials said. "But this is the same amount we were earlier too preparing to pay — except that now we are not insisting on raising the retirement age," an official said.

Education ministers from most states — both those ruled by the Congress and those ruled by Opposition parties — had asked HRD minister Kapil Sibal at their meeting on June 18, 2010 to retract the norm insisting on hiking the retirement age to 65 years to entitle them to Central funds.

The HRD ministry has also received several petitions from state university teacher groups pleading the Centre to aid states financially to facilitate their salary hikes.

The sounding of poll bugle in four states and a UT has forced the government to shelve a slew of projects which were to be considered by the Cabinet.

Once the model code of conduct is announced, the government cannot offer any new policies that can help sway voters. The government now plans to approach the Election Commission to seek its advice.

The HRD ministry proposal will benefit 4.5 lakh teachers and aims to dump a rule from the University Grants Commission's (UGC) pay regime that bars the Centre from aiding states in implementing salary hikes, which the UGC notified on December 31, 2008.

The UGC pay hikes are not mandatory for state universities, but the Centre encouraged states to implement the raised salaries, offering them the incentive that the HRD ministry would bear 80% of the additional financial burden.

States, however, need to adopt the new UGC pay regime completely - including raising the retirement age of teachers to 65 — in order to obtain central assistance. State governments opposed this rule, effectively blocking salary hikes in many cases. The HRD ministry plan allows the Centre to aid states even if they do not raise the retirement age to 65.

*Source : Hindustan Times*

The All Kerala Private College Teachers' Association

# UGC REGULATIONS 2010
## REPRESENTATION GIVEN TO EDUCATION MINISTER

The Government of Kerala, in their order GO (P) No.392/2010/H.Edn dated 10.12.2010, approved and decided to implement the UGC Regulations 2010 as such, published in the Gazette of India, Part III Section 4, September18, 2010. However, the state government, in their order GO (P) No.398/2010 H.Edn dated 17.12.2010 temporarily stayed the implementation of the provisions in the Regulation regarding the composition of the Selection Committee for the appointment of Assistant Professors. Some Universities in the state have shown undue haste in implementing the provisions of these Regulations even before the publication of these Regulations in the official Gazette of India and subsequent acceptance of the Regulations by the state Government. The publication of the Regulations in the official Gazette of India is mandatory as per clause 26(1) of the UGC Act, 1956.

The state government could not implement the Regulations as such, as contemplated in GO (P) No.392/2010/H.Edn dated 10.12.2010, as the they have already violated some important provisions in the Regulations by not raising the age of superannuation to 65 and not releasing the arrear salary from 1.1.2006 to 28.2.2010 as stipulated in clause 2.3.1 of the Annexure of the UGC Regulations 2010. In this connection, we demand that the Universities in the state shall be instructed to make the following changes while incorporating the provisions of these Regulations in their Rules, Regulations, Statutes and Ordinances. The government may consider these changes while incorporating the provisions of the Regulations in the University Laws by amendment of the University Acts.

1. Selection Committee for the Appointment of Assistant Professor

   The UGC Regulations 2010 have been framed, as its title indicates, for prescribing minimum qualifications for the appointment of teachers in universities and colleges and for maintaining standards in higher education. The special provisions in the composition of the selection committee, as prescribed in clause 5.1.4 of the Regulation, for the appointment of Assistant Professors in minority institutions will lead to deterioration in the quality of teachers appointed in those institutions, thereby contradicting its purported objective. As such there shall be a uniform composition of selection committee for the appointment of Assistant Professors in minority and non minority institutions

2. Qualification for the Appointment of Assistant Professor

   The minimum qualification for the post of Assistant Professor is 55% marks at the master's level and qualifying in the National Eligibility Test (NET). But, as per clause 3.3.1 of the Regulations, the candidates who are awarded Ph.D. degree in accordance with UGC Regulation 2009 alone will be exempted from NET for the appointment of Assistant Professor. This provision will keep all other Ph.D. holders out of the purview

of NET exemption and it is an injustice to hundreds of Ph.D. who were awarded Ph.D. in accordance with earlier versions of Ph.D. Regulations. As such, all Ph.D. holders who registered for Ph.D. prior to July 11, 2009, the date on which the new Regulations for the award for Ph.D. became effective, shall be exempted from NET.

3. Selection of Principals

As per the University Laws existing in the state, the selection of Principals shall be by promotion, on the basis of seniority cum fitness, from among the teachers of the college(s) or by direct recruitment. All promotions by direct recruitment will spoil the promotion chance of teachers who entered the service before the introduction of the UGC Regulations 2010. As such, all teachers in service on the date of coming in to the force of these Regulations shall be deemed to be qualified for the appointment as Principal. If the selection of principals is by direct recruitment, the provisions in the UGC Regulations shall be observed.

4. Qualification of Professor for Promotion /Direct Recruitment

a. The sixth UGC scheme introduced the post of Professor in colleges for the first time. The new Regulation prescribed the following qualifications for Professorship.

1. An eminent scholar with Ph.D. and published work of high quality
2. A minimum ten years of teaching experience
3. Contribution to educational innovation, design of new curricula and courses etc
4. Minimum score in API based PBAS prescribed in the Regulations

OR

An outstanding professional who has made significant contribution in the relevant discipline Teachers who entered the service prior to the introduction of the UGC scheme in the state shall not be denied the chance of becoming Professor. Such teachers may not have the qualifications of Ph.D. and published work of high standard. As such, those teachers who joined service prior to 13.3.90, the date of implementation of the UGC Scheme in the state, shall be exempted from the conditions of Ph.D. and published work of high standard for appointment as Professor in colleges.

b. The of post Professor shall be filled up by promotion only

c. All eligible teachers in a subject in all colleges under a corporate management within a University area shall be taken as a single unit for filling up of the post of Professor.

d. To avoid complexities arising from the filling up of the post of Professor, all Readers/ Lecturers (Selection Grade) promoted as such as per the old Regulations shall be promoted automatically as Associate Professor and Professor on completion of 3 and 6 years respectively from the date of placement as Reader/ Lecturer (Selection Grade).

5. Selection of Associate Professor by Promotion

The Regulations envisage a selection committee for the promotion of Assistant Professors to the post of Associate Professor. The selection committee is the same as that for the initial appointment of Assistant Professor. In this context, it is necessary to appreciate the difference between the selection and screening processes. Selection is required when the number of posts is less than the number of candidates. But, in promotion under career advancement scheme, all candidates satisfying the minimum eligibility criteria are promoted. Employing the same selection committee for the initial appointment of Assistant Professor and for promotion of Assistant Professor to Associate Professor may be misused by unscrupulous managements to deny the award of Associate Professorship to eligible teachers. As such, the Screening-cum- Evaluation Committee envisaged for the promotion of Assistant Professor from stage I to II and from II to III shall be utilized for the promotion of Assistant Professor to the post of Associate Professor.

6. Selection of Assistant Professor Stage II and III

Promotion from one stage of Assistant Professor to another stage is conducted by "Screening cum Evaluation Committee based on API score based PBAS methodology. The structure of Screening cum Evaluation Committee is prescribed in the Regulations.

The Screening cum Evaluation Committee on verification of the score secured by the candidate through PBAS methodology shall recommend to the University about the suitability of promotion. The Screening cum Evaluation Committee on verification of the score secured by the candidate through PBAS methodology shall recommend to the University about the suitability of promotion. The Internal Quality Assurance Cell (IQAC) established in colleges shall act as the record keeping body for preparing PBAS pro forma

The new methodology prescribed in the Regulations for the promotion of teachers under career advancement scheme amounts to denying the privilege of, more or less, time bound promotion enjoyed by the teachers during the previous revisions of the UGC scheme in the state. The new provisions in the Regulations for career advancement may become a tool in the hands of the management for victimizing the teachers. The IQAC Unit is not functioning in most of the colleges; as such the record keeping shall be entrusted with the college council, which is constituted under relevant provisions of the University Statute. The Universities shall make suitable modifications in the Academic Progress Indicators prescribed in Appendix III of the Regulations so that all eligible teachers will get minimum score required for promotion under career advancement scheme.

7. Applicability of Leave Rules

The GO (P) No. 58/2010/H.Edn dated 27.3.2010 is silent on the leave rules applicable to the teachers in the state. We demand that, the leave rules of teachers shall be as applicable to the state government employees.

8. Service Agreement

The service agreement to be executed between the college and the teacher concerned, as mentioned in clause 16.1 of the Regulation, shall not be insisted as the provisions in the University Act, Statutes, Regulations and Ordinances will serve the same purpose.

9. Appointment of Pro- Vice -Chancellor

The clause 7.1.0 of the Regulations regarding qualification and appointment of the Pro-vice-Chancellor shall be changed as follows: The Pro-Vice-Chancellor may be a whole time Professor/Associate Professor of a University/College and shall be appointed by the state government. The term of appointment of the Pro-vice-Chancellor need not be co terminus with that of the Vice-Chancellor.

10. Advance increment for holding Ph.D.

An Associate Professor who acquires Ph.D. on or after 1.1.2006 will get 3 advance increments more than those who were awarded Ph.D. prior to 1.1.2006. This anomaly was rectified in the earlier scheme by providing 2 advance increments to a Ph.D. holder while moving in to the selection grade. The UGC Regulations 2010 shall provide for the sanction of 3 advance increments as when a Ph.D. holder is placed as Associate Professor.

Prof M Safarudeen
President, AKPCTA

Dr V Rajendran Nair
General Secretary, AKPCTA

---



## പുരസ്കാരം ലഭിച്ചു

തിരുവനന്തപുരത്ത് വെച്ച് നടന്ന 23-ാമത് കേരള ശാസ്ത്ര കോൺഗ്രസിൽ മികച്ച യുവശാസ്ത്രജ്ഞർക്കുള്ള പുരസ്കാരത്തിന് തിരുരങ്ങാടി പി.എസ്.എം.ഒ കോളജിലെ രസതന്ത്ര വിഭാഗത്തിലെ അധ്യാപിക **ദിവ്യ കെ.പി** അർഹയായി. തിരുവനന്തപുരത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻറർ ഡിസിപ്ലിനറി സയൻസ് ആൻറ് ടെക്നോളജി (നിസ്റ്റ്) യിലെ ഡോ.എ.അജയ്ഘോഷിൻെറ കീഴിൽ നടത്തിയ ഗവേഷണത്തിനാണ് അവാർഡ്.

**GOVERNMENT OF KERALA**

Abstract

Higher Education Department - Private Aided Colleges- Participation of Teaching Staff of Government and Private Aided Colleges in Seminar Workshop etc- Treating the period as duty - further clarification issued.

**Higher Education(D) Department**

Go.(MS) No. 15/2011/H.Edn Dated, Thriuvananthapuram 11-02-2011

Read:- 1) GO (MS.) 113/92/H.Edn dated 29.06.92

2) GO (MS.) 200/2009/H.Edn dated 12.11.09

3) Correspondence resting with letter No. D2/908/2010/Coll. Edn dated 13.5.2010 from the Director of Collegiate Education, Thiruvananthapuram

**Order**

In partial modification of the G.O. read as second paper above Government are pleased to order that the period of participation of college teachers in orientation courses / refesher courses will be treated as duty subject to the condition that the benefit will be imited only to refresher courses / orientation courses prescribed by UGC and conducted in designated academic staff colleges / institutions approved by UGC

(By order of the Governor


Tom Jose

Principal Secretary to Government

# എയ്ഡഡ് ഹോമിയോ കോളജുകളിൽ പുതിയ തസ്തികകളും പ്രൊമോഷൻ വ്യവസ്ഥകളും

കേരളത്തിലെ എയ്ഡഡ് ഹോമിയോ കോളജുകളിൽ കേന്ദ്ര ഹോമിയോ കൗൺസിൽ നിർദ്ദേശിക്കുന്ന പാറ്റേൺ അനുസരിച്ചുള്ള പ്രൊമോഷൻ തസ്തികകളും പുതിയ തസ്തികകളും സൃഷ്ടിച്ചുകൊണ്ട് കേരള സർക്കാർ ഉത്തരവിറക്കുകയുണ്ടായി. നേമം വിദ്യാധിരാജാ ഹോമിയോ കോളജിൽ കഴിഞ്ഞ ആറേഴുവർഷങ്ങളായി ശമ്പളമില്ലാതെ ജോലി ചെയ്യേണ്ടിവന്ന അധ്യാപകർക്ക് ഇത് ആശ്വാസ ഉത്തരവാണ്. നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കിക്കൊണ്ടും സി. സി. എച്ച്. നിയമാവലി അനുസരിച്ചുകൊണ്ടും അർഹമായ തസ്തികകൾ സൃഷ്ടിക്കുക വഴി അധ്യാപകരുടെ നിലനിൽപ് സംരക്ഷിക്കപ്പെട്ടിരിക്കുകയാണ്. പടിയാർ മെമ്മോറിയൽ ഹോമിയോ കോളജിലെയും കുറിശ്ശി ആതുരാശ്രമം ഹോമിയോ കോളജിലേയും 15 മുതൽ 25 വരെ വർഷത്തെ സേവന പാരമ്പര്യമുള്ള അധ്യാപകർ അടിസ്ഥാന തസ്തികയായ ട്യൂട്ടർ പദവിയിൽ തുടരുകയായിരുന്നു. അവർക്ക് അർഹമായ പ്രൊമോഷൻ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും സർക്കാർ ഉത്തരവിറക്കുകയുണ്ടായി. കേരളത്തിലെ ഇടതുപക്ഷ സർക്കാരിൻെറ വളരെ അവസരോചിതമായ ഈ തീരുമാനത്തിന് എകെപിസിടിഎയുടെ അഭിനന്ദങ്ങൾ!

# Available in leading bookshops in Kerala





## CAMBRIDGE SCHOOL DICTIONARY

**One Dictionary for all subjects**
**For Secondary School Learners**
**Ideal for Learners in CBSE, ICSE and International Schools**

The perfect companion for learners studying other subjects through English, this dictionary includes vocabulary from all subjects. Every word is explained in clear, simple English, along with all the grammar and usage information you need.

The CD-ROM also contains the UNIQUE! SMART thesaurus; recordings of every word in British and American English; hundreds of interactive vocabulary practice exercises and QUICK find, a mini pop-up version of the dictionary, that gives you instant definitions of new vocabulary when surfing the web or reading on your computer.

| | | | |
|---|---|---|---|
| Book Only | ISBN: 9780521746625 | Rs. 250.00 | 910pp |
| PB + CD-ROM | ISBN: 9780521746601 | Rs. 345.00 | 910pp |





## CAMBRIDGE ADVANCED LEARNER'S DICTIONARY

**Third Edition**

This brand new edition of the Cambridge Advanced Learner's Dictionary is now more user-friendly than ever. The clear definitions and prominent guidewords help you to find the meaning that you want quickly and easily, and even more pictures and illustrations help highlight variations in meaning that are essential for the advanced student's progression. Hundreds of new words (e.g. drill down, food miles, life coach) ensure that your English is natural-sounding and right up to date, and the most frequently used words are highlighted. 'Word partner' boxes also show you how to use words in the most natural and fluent way.

The accompanying CD-ROM has a fresh new design, and is now even easier to use. You can listen to every word in British and American English and even record your own pronunciation and play it back.

| | | | |
|---|---|---|---|
| Book Only | ISBN: 9780521759359 | Rs. 450.00 | 1814pp |
| PB + CD-ROM | ISBN: 9780521732123 | Rs. 575.00 | 1814pp |




## CAMBRIDGE ENGLISH MINI DICTIONARY

**EASY:** easy explanations of words, using simple language

**HELPFUL:** thousands of short, clear examples show you how to use words

**COLOUR PICTURES:** hundreds of pictures to make learning words easy


**PHRASAL VERBS EXTRA:** 5 pages of the most important phrasal verbs for you to learn

**ISBN: 9780521138819**
**Rs. 85.00**


## CAMBRIDGE BRIGHT SPARKS

Cambridge Bright Sparks is a set of vibrantly illustrated, reading materials that contributes towards progressive acquisition of reading skills in the early years of schooling.


**Special Set price**
**Rs. 1250.00**
**ISBN: 9788175965904**




**ISBN: 9780521732192**
**Rs. 395.00**
**PB+1 CD-ROM + 5 Audio CD's**
**+ User Guide • 168 Pages**




**ISBN: 9780521698542**
**Rs. 225.00**
**PB+CD-ROM**
**170 Pages**




**ISBN: 9788175960299**
**Rs. 115.00**
**300 Pages**

CAMBRIDGE
UNIVERSITY PRESS
India Private Limited
www.cambridgeindia.org

Delhi • Bangalore
• Chennai • Hyderabad
• Kolkata • Mumbai • Pune

R.No. 36025/81
No. 228

KERALA PRIVATE
COLLEGE TEACHER

Registered No. KL/TV (N)35/2009-2011
Rs. 11/-
MARCH 2011

## ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് ഫണ്ടിലേക്ക് എ.കെ.പി.സി.ടി.എ സംഭാവനനൽകി




പാവപ്പെട്ട വിദ്യാർത്ഥികളെ ഉന്നതവിദ്യാഭ്യാസത്തിന് സഹായിക്കുന്നതിനായി കേരള സ്റ്റേററ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഏർപ്പെടുത്തിയ ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ്ഫണ്ടിലേക്ക് എ.കെ.പി.സി.ടി.എ അംഗങ്ങളിൽ നിന്നും സ്വരൂപിച്ച സംഭാവനയുടെ ആദ്യഗഡുവായ 5 ലക്ഷം രൂപ ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ്ചെയർമാൻ ഡോ. കെ.എൻ.പണിക്കർക്ക് കൈമാറുന്നു.

# എ.കെ.പി.സി.ടി.എ

# 53-ാം സംസ്ഥാന സമ്മേളനം

## 2011 ജൂൺ, കണ്ണൂർ

പ്രതിനിധി സമ്മേളനം • ഉദ്ഘാടന സമ്മേളനം
വിദ്യാഭ്യാസ – സാംസ്കാരിക ട്രേഡ് യൂണിയൻ സമ്മേളനം
വനിതാ സമ്മേളനം • ആർ. ആർ. സി. അനുസ്മരണ പ്രഭാഷണം
പ്രകടനം • പൊതുസമ്മേളനം • യാത്രയയപ്പ് സമ്മേളനം

**AKPCTA Zindabad**
**AIFUCTO Zindabad**

Edited, Printed and Published by S. Viswanathah, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984. e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01. Ph: 3012141
Chief Editor: Dr S. Jayaraj Kumar